**സബ്മിഷൻ**

**റേഷൻ ഡീലേഴ്സ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ**

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, അരനൂറ്റാണ്ടായി കേരളത്തിൽ നടപ്പിലാക്കിവരുന്ന സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് ഇന്ന് അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. എ.പി.എൽ., ബി.പി.എൽ. എന്ന വിഭജനമാണ് സ്റ്റാറ്റ്യൂട്ടറി റേഷനിംഗിനെ ബാധിച്ച ആദ്യ ആഘാതം. കേരളത്തിൽ 60 ലക്ഷം എ.പി.എൽ. കാർഡുകളാണ് നിലവിലുള്ളത്. ഇവർക്ക് ഗോതമ്പ് ഒരു മണി പോലും നൽകുന്നില്ല. 2 ലിറ്റർ മണ്ണെണ്ണ നൽകിക്കൊണ്ടിരുന്നത് അര ലിറ്ററായി കുറച്ചു. ഒരാൾക്ക് 400 ഗ്രാം വച്ച് നൽകിവന്നിരുന്ന പഞ്ചസാര ഇപ്പോൾ കൊടുക്കുന്നില്ല. അരി, കാർഡ് ഒന്നിന് മാസം 8 കിലോ മാത്രമാണ് നൽകുന്നത്. ഇതിനർത്ഥം എ.പി.എൽ. കാർഡുകാർ റേഷൻ കടകളിലേയ്ക്ക് പോകേണ്ട ആവശ്യമില്ലെന്നാണ്. ബി.പി.എൽ. കാർഡുകാർക്ക് അനുവദിച്ചിട്ടുള്ള റേഷൻ ലഭിക്കുന്നതിന് മാസങ്ങൾ വേണ്ടിവരുന്നു. ഈ അവസ്ഥയിൽ റേഷൻ വ്യാപാരികളുടെ സ്ഥിതി വളരെ ദയനീയമാണ്. കാലോചിതമായി അവരുടെ കമ്മീഷൻ പരിഷ്ക്കരിക്കുന്നില്ല. മണ്ണെണ്ണയുടെയും പഞ്ചസാരയുടെയും കമ്മീഷൻ പരിഷ്ക്കരിച്ചിട്ട് 20 വർഷമായി. നിലവിൽ ഇവർക്കുള്ള കമ്മീഷൻ 15 പൈസയാണ്. കടയുടെ വാടകയും സാധനങ്ങളുടെ ട്രാൻസ്പോർട്ടിംഗ് ചാർജുമൊക്കെ മാറ്റിക്കഴിഞ്ഞാൽ റേഷൻ വ്യാപാരികൾക്ക് ലഭിക്കുന്നത് വളരെ തുച്ഛമായ തുകയാണ്. അതിനാൽ റേഷൻ ഡീലർമാരുടെ അടിയന്തര ആവശ്യമായ കട നടത്തുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുക, ഡീലർമാർക്ക് മിനിമം വേതനം നിശ്ചയിക്കുക എന്നീ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കണമെന്നും ഇപ്പോൾ നൽകി

ക്കൊണ്ടിരിക്കുന്ന അപര്യാപ്തമായ റേഷൻ സാധനങ്ങൾ ഒരു കുടുംബ ത്തിന്റെ ആവശ്യത്തിനുതകുംവിധം വർദ്ധിപ്പിക്കണമെന്നും സർക്കാരിനോട് ആവശ്യപ്പെടുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേ ഷനും വകുപ്പുമന്ത്രി ( ശ്രീ. അനൂപ് ജേക്കബ്): സർ, ഈ സർക്കാർ അധികാ രത്തിൽ വരുമ്പോൾ റേഷൻ വ്യാപാരികളുടെ കമ്മീഷൻ ക്വിന്റലിന് 35 രൂപ യായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അതായത് 1.10.2012 മുതൽ കമ്മീഷൻ 60 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ചി ല്ലെന്ന് പറയുന്നത് ശരിയല്ല. 2013 ഡിസംബർ വരെയുള്ള കണക്കുകൾ സമർപ്പിച്ച ജില്ലകൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള കമ്മീഷൻ നൽകാൻ നടപടി കൾ സ്വീകരിച്ചിട്ടുമുണ്ട്. റേഷൻ വ്യാപാരികൾ ഉന്നയിച്ച ആവശ്യങ്ങൾ സംബന്ധിച്ച് അംഗീകൃത റേഷൻ വ്യാപാരി സംഘടനകളുമായി 17/12-ൽ ചർച്ച നടത്തുകയുണ്ടായി. അതിനകത്ത് ഈ വിഷയമെല്ലാം വന്നിരുന്നു. പൊതുവിതരണ കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ സൂചിപ്പിച്ചതുപോലെ എ.പി.എൽ. കാർഡുകാർക്ക് 8 കിലോ അരിയും 2 കിലോ ആട്ടയും ഒരു ലിറ്റർ മണ്ണെണ്ണയുമാണ് ഇപ്പോൾ കൊടുക്കുന്നത്. ഗോതമ്പിന്റെ വിതരണത്തിലുണ്ടായ ബുദ്ധിമുട്ടിനെക്കുറിച്ച് ഞാൻ നിയമസഭ യിൽ പറഞ്ഞിരുന്നു. കേന്ദ്രഗവൺമെന്റ് നമുക്ക് നൽകിയിരിക്കുന്ന ഭക്ഷ്യധാ ന്യങ്ങൾ പൂർണ്ണമായും നേടിയെടുക്കുവാനുള്ള സാഹചര്യമില്ല, അത് 14.72 മെട്രിക് ടൺ എന്ന നിലയിൽ പരിമിതപ്പെടുത്തിയിരിക്കുകയാണ്. അങ്ങനെ പരിമിതപ്പെടുത്തിയതുകൊണ്ടാണ് ഗോതമ്പ് കുറയ്ക്കേണ്ടിവന്നത്. ഗോതമ്പ്

കുറച്ചില്ലെങ്കിൽ ബി.പി.എൽ. വിഭാഗങ്ങൾക്ക് കൊടുക്കുന്ന അരി കുറയ്ക്കേണ്ടതായി വരും. താരതമ്യം ചെയ്ത് നോക്കിയതിനുശേഷം എ.പി. എൽ. വിഭാഗങ്ങൾക്കുള്ള ഗോതമ്പ് കുറയ്ക്കുകയും പകരം ആട്ട കൊടുക്കുവാനുള്ള തീരുമാനമെടുക്കുകയും ചെയ്തു. അത് ഇപ്പോൾ നടപ്പിലാക്കുന്നുമുണ്ട്. ഗോതമ്പ് വീണ്ടും സബ്സിഡി നിരക്കിൽ തരണമെന്നുള്ള കാര്യം ബഹുമാനപ്പെട്ട കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ സംസ്ഥാന ഗവൺമെന്റ് കൊണ്ടുവരുന്നുണ്ട്. ബി.പി.എൽ. കുടുംബങ്ങൾക്ക് 25 കിലോ അരിയും 5 കിലോ ഗോതമ്പും അടക്കം 30 കിലോ ഭക്ഷ്യധാന്യവും 400 ഗ്രാം പഞ്ചസാരയും ഒരുമാസം ലഭിക്കുന്നുണ്ട്. ഇവ കൊടുക്കുന്ന കാര്യത്തിൽ കാലതാമസം വരുന്നില്ല. അങ്ങനെ ഏതെങ്കിലും സന്ദർഭത്തിൽ കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിന്റെയടിസ്ഥാനത്തിൽ അക്കാര്യം തീർച്ചയായും പരിശോധിക്കും. അന്ന് നടത്തിയ ചർച്ചയിൽ അവർ പ്രധാനമായും മുന്നോട്ടുവച്ചിരുന്നത് മണ്ണെണ്ണ വിൽപ്പനയുടെ കമ്മീഷൻ വർദ്ധിപ്പിക്കൽ, സോൾവൻസി രജിസ്റ്റർ ചെയ്യുന്നതിനുള്ള സമയപരിധി ദീർഘിപ്പിക്കൽ, സോൾവൻസിയുടെ തുക കുറയ്ക്കൽ, ആശ്രിത നിയമനം അനുവദിക്കൽ, റേഷൻ വ്യാപാരികളുടെ പെൻഷൻ വർദ്ധനവ്, ചികിത്സാസഹായ വർദ്ധനവ് തുടങ്ങിയ കാര്യങ്ങളാണ് അവർ ആവശ്യപ്പെടുന്നത്. ഇതെല്ലാം ഗവൺമെന്റ് പരിശോധിച്ചതിനുശേഷം വേണ്ട നടപടികൾ സ്വീകരിക്കും. റേഷൻകട നടത്തുന്നത് മാന്യമായ ഒരു ഉപജീവനമാർഗ്ഗമാക്കി മാറ്റുന്നതിനെക്കുറിച്ച് ഈ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. റേഷൻ വ്യാപാരികളുടെ ന്യായമായ എല്ലാ അവകാശങ്ങളോടും അനുഭാവപൂർവ്വമായ പരിഗണനയാണ് ഈ ഗവൺമെന്റ് എല്ലാ സന്ദർഭങ്ങളിലും നൽകിയിട്ടുള്ളത്. ഈ

മേഖലയിലുണ്ടായിരിക്കുന്ന തിരിമറികളടക്കമുള്ള ക്രമക്കേടുകൾ മാറ്റുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശം. അക്കാര്യത്തിൽ വ്യക്ത മായ ഒരു തീരുമാനം ഈ ഗവൺമെന്റിനുണ്ട്. അതുകൊണ്ട് റേഷൻ വിതര ണത്തെ സംബന്ധിച്ച പരിശോധനകൾ ഇപ്പോൾ കൂടുതൽ കർശനമാക്കിയിട്ടു ണ്ട്. എല്ലാ താലൂക്കുകളിലും കാർഡുകൾ പരിശോധിക്കാനുള്ള നിർദ്ദേശങ്ങൾ ഡയറക്ടറേറ്റിൽ നിന്ന് കൊടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാ നത്തിൽ കഴിഞ്ഞ ദിവസങ്ങളിൽ വീണ്ടും സമരപ്രഖ്യാപനങ്ങൾ വന്നിരുന്നു. അത് ഗവൺമെന്റിന്റെ ശ്രദ്ധയിലും വന്നിരുന്നു. പരിശോധന കർശനമാക്കി യതാണോ ഈ സമരങ്ങൾക്ക് കാരണമെന്ന് ഞാൻ ഇപ്പോഴും സംശയിക്കു ന്നുണ്ട്. റേഷൻ വ്യാപാരം കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും അവരുടെ വിഷയങ്ങളെ വളരെ അനുഭാവപൂർവ്വം ഉൾക്കൊള്ളുന്ന സമീപ നവുമാണ് ഈ ഗവൺമെന്റിനുള്ളത്. അവരുടെ കമ്മീഷൻ വർദ്ധിപ്പിച്ചത് കഴിഞ്ഞ ഒക്ടോബർ മാസത്തിലാണ്. വേതനം കൊടുക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല. എങ്കിലും ആ മേഖല തീർച്ചയായും പരിശോധിക്കാം.

## കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ശ്രീ എം. പി. വിൻസെന്റ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വളരെ ഗൗരവമുള്ള ഒരു കാര്യമാണ് എനിക്ക് പറയാനുള്ളത്. വന ഗവേ ഷണ രംഗത്ത് പ്രവർത്തിക്കുന്ന ഒരു സുപ്രധാന സ്ഥാപനമാണ് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എഫ്.ആർ.ഐ.). അന്താരാഷ്ട്ര നിലവാര മുള്ള ഈ സ്ഥാപനം 1975-ൽ സ്ഥാപിക്കപ്പെട്ടതും അനേകം ഗവേഷണ പ്രവർത്തനങ്ങളിൽ തനത് മുദ്ര പതിപ്പിച്ചിട്ടുള്ളതുമാണ്. എന്നാൽ കഴിഞ്ഞ

കുറെ വർഷങ്ങളായി വളരെ മന്ദഗതിയിലാണ് ഈ സ്ഥാപനത്തിന്റെ പോക്ക്. ഇതിന് 2012 ഒക്ടോബർ 31 മുതൽ സ്ഥിരമായ ഒരു ഡയറക്ടർ ഇല്ലാത്ത അവസ്ഥയുണ്ട്. ഈ സ്ഥാപനത്തിന്റെ ഡയറക്ടർ പദവി ഒഴിവിൽ ഇതേ സ്ഥാപനത്തിലെ സീനിയർ ശാസ്ത്രജ്ഞന് ചുമതല നൽകാതെ കേരള സയൻസ് ടെക്നോളജി കൗൺസിലിലെ വൈസ്പ്രസിഡന്റിനെയാണ് ചുമത ലപ്പെടുത്തിയിരിക്കുന്നത്. അദ്ദേഹം വളരെയധികം തിരക്കുള്ള ഒരാളായതി നാൽ അദ്ദേഹത്തിന്റെ സേവനം വേണ്ടത്ര ഈ രംഗത്ത് കിട്ടുക വളരെയ ധികം ബുദ്ധിമുട്ടുള്ള കാര്യമാണ്. ഇരുപതോളം ശാസ്ത്രജ്ഞന്മാരുടെ ഒഴിവു കൾ ഇപ്പോൾ നികത്തപ്പെടാതെ പോകുകയാണ്. ഗവേഷണ രംഗത്തുള്ള സാധ്യതകളെ ഏറ്റവും കൂടുതൽ തടയപ്പെടുന്ന ഒരു കാര്യമാണ് ഇത്. മറ്റൊരു വിഷയം, ഈ സ്ഥാപനത്തിന്റെ എക്സ്റ്റൻഷൻ ആന്റ് ട്രെയിനിംഗ് കൗണ്ടർ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ 2/3 ഭാഗവും അതായത് ഒരു എണ്ണാ യിരത്തോളം സ്ക്വയർഫീറ്റ് സ്ഥലം അതുമായി ബന്ധപ്പെട്ട അനുബന്ധ സ്ഥാപനങ്ങളും സെന്റർ ഫോർ മാത്തമാറ്റിക്സ് എന്ന സയൻസ് സ്ഥാപന ത്തിനും നൽകിയിരിക്കുന്നു. ഇത് എങ്ങനെയാണ് കൊടുത്തത്; ഇതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ എന്താണ്? ആർക്കും അറിഞ്ഞുകൂടാത്ത രൂപത്തിൽ വ്യക്തമായ നിബന്ധനകൾ ഇല്ലാതെ ഈ സ്ഥാപനം മറ്റൊരു രീതിയിലേയ്ക്ക് കൈമാറിയിട്ടുമുണ്ട്. ഇത്തരം ഗൗരവമായ ഒരു കാര്യം, ഒരു എൻ.ജി.ഒ.യ്ക്ക് കൊടുത്ത കെട്ടിടം കെ.എഫ്.ആർ.ഐ. - യുടെ ഉത്തരവാദപ്പെട്ട കാര്യങ്ങൾ അറിയാതെ അതിന്റെ വ്യക്തമായ നിറവുകൾ ഇല്ലാതെ ഇന്ന് അത് മുന്നോട്ടു പോകുന്നുവെന്ന് മാത്രമല്ല, കെ.എഫ്.ആർ.ഐ. യുടെ ചെലവിൽ അത് നന്നാക്കി കൊടുക്കുന്നതിനായി ടെണ്ടർ വിളിച്ചിരിക്കുകയാണ്. ഇത്തരം

സംഭവമൊക്കെ ഉണ്ടാകുമ്പോൾ സർക്കാർ ഇക്കാര്യത്തെക്കുറിച്ച് അറിഞ്ഞിട്ടുണ്ടോ? വനത്തെയും വനത്തിലെ ജീവികളെയും സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട വളരെയേറെ സജീവമായ ചർച്ചകൾ നടക്കുന്ന ഈ സമയത്ത് ഒരു ഉത്തരവാദിത്വമില്ലാത്ത രൂപത്തിൽ അർഹതയുള്ള ഒരാൾക്ക് സ്ഥാനം നൽകാതെ ഒരു അറിവോ കാര്യങ്ങളോ ഇല്ലാത്ത ഒരാൾക്ക് സ്ഥാനം കൊടുക്കുക, കൊടുത്ത ആളാണെങ്കിൽ ചാർജ് കയ്യിലുണ്ടെന്ന് കരുതി വളരെ മോശമായ രീതിയിലുള്ള സമീപനമെടുത്തുകൊണ്ട് അതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ മറ്റുള്ളവർക്ക് വാടകയ്ക്ക് കൊടുക്കുക, അതിന്റെ വ്യവസ്ഥകൾ ഇല്ലാതിരിക്കുക, ഇങ്ങനെ അമിതമായ ബുദ്ധിമുട്ടും ഗുരുതരമായ അവസ്ഥയും അവിടെ ഉണ്ടായിട്ടുണ്ട്. ഇതിനെക്കുറിച്ച് അടിയന്തരമായി ഒരു അന്വേഷണം നടത്തി കുറ്റക്കാരുടെ പേരിൽ വേണ്ട നടപടിയെടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡയറക്ടറെ നിയമിക്കുവാനുള്ള നടപടികൾ തുടർന്നുവരുന്നതിനിടയിൽ സ്ഥാപനത്തിലെ ചില ശാസ്ത്രജ്ഞർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച ഒരു കേസിന്റെ അടിസ്ഥാനത്തിൽ അവിടെയുള്ള ഏറ്റവും മുതിർന്ന ശാസ്ത്രജ്ഞൻമാർക്കുകൂടി അപേക്ഷിക്കാൻ തക്കരീതിയിൽ യോഗ്യതകളിൽ നാമമാത്രമായ ഇളവുകൾ വരുത്തി പുനർ പരസ്യം ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. ഇതിനിടയിൽ വനം വകുപ്പിൽ നിന്ന് ശ്രീ. കെ.പി. ഔസേപ്പിന്റെ സേവനം ഇവിടേക്ക് വിട്ടുതന്നുകൊണ്ട് ഒരു ഉത്തരവുണ്ടായി. അദ്ദേഹം റിട്ടയർ ചെയ്തതുകൊണ്ട് പുനർനിയമനം മാത്രമേ ഇനി നടക്കുകയുള്ളു എന്ന് ഫിനാൻസ് വകുപ്പ് അറിയിച്ച സാഹചര്യത്തിൽ അതും പരിശോധിച്ചുവരികയാണ്. ഏറ്റവും വേഗത്തിൽ

ഡയറക്ടറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും എന്നറിയിക്കാൻ ആഗ്രഹിക്കുന്നു.

**ആദിവാസികൾക്ക് ഭൂമി**

ശ്രീ. ബി.ഡി. ദേവസ്സി: സർ, ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നതിനു വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വാച്ച്മരം, വാഴച്ചാൽ, മലക്കപ്പാറ, പെരുമ്പാറ, മുക്കംപുഴ, ഷോളയാർ, ആനക്കയം, പുകയിലപ്പാറ, പിള്ളപ്പാറ തുടങ്ങിയ പട്ടികവർഗ്ഗ കോളനികളിലെയും കോടശ്ശേരി ഗ്രാമ പഞ്ചായത്തിലെ രണ്ടുകൈ, മാരാംകോട് തുടങ്ങിയ പട്ടിക വർഗ്ഗകോളനികളി ലെയും ആദിവാസി ജനവിഭാഗങ്ങൾക്ക് വീടുവയ്ക്കുന്നതിനും കൃഷിക്കും ആവശ്യമായ ഭൂമി നൽകുന്നതിനുള്ള നടപടികൾ ഇനിയും പൂർത്തീകരിച്ചി ട്ടില്ല. വാച്ചുമരം ആദിവാസികോളനി നിവാസികൾക്ക് വീട് വയ്ക്കുവാനും കൃഷിക്കുമായി അനുയോജ്യമായ സ്ഥലം കണ്ടെത്തുകയും ബഹുമാനപ്പെട്ട വനം, പട്ടികവർഗ്ഗക്ഷേമം എന്നീ വകുപ്പുമന്ത്രിമാർ സ്ഥലം നേരിട്ട് സന്ദർശിച്ച് ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. ഭൂമി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പുനൽകിയിരുന്നുവെങ്കിലും ഭൂമി ഇതുവരെയും വിതരണം ചെയ്തിട്ടില്ല. ആയതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈ എടുത്ത് ബന്ധപ്പെട്ട വനം, റവന്യൂ, പട്ടികവർഗ്ഗക്ഷേമവകുപ്പുമന്ത്രി മാരുടെയും ഉദ്യോഗസ്ഥന്മാരുടെയും ജനപ്രതിനികളുടെയും ഒരു യോഗം വിളിച്ചു ചേർത്ത് ഭൂമി വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടി കൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, തൃശ്ശൂർ ജില്ലയിലെ ചാലക്കുടി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷന്റെ കീഴിൽ വരുന്ന കൊല്ലത്തിരുമേട് റേഞ്ചിനുകീഴിലുള്ള വാച്ചുമരം പട്ടികവർഗ്ഗ സങ്കേതത്തിലെ 43 കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിന് 12–11–2012–ൽ അന്നത്തെ വനം വകുപ്പുമന്ത്രി സ്ഥലം സന്ദർശിക്കുകയും തീരുമാനപ്രകാരം ഒരേക്കർ ഭൂമിവീതം നൽകുന്നതിന് 1980–ലെ വനസംരക്ഷണനിയമപ്രകാരം നിയമനാസൃത നടപടികൾ വനംവകുപ്പ് സ്വീകരിക്കുകയും ചെയ്തിരുന്നു. ചാലക്കുടി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ മുഖാന്തിരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ വനാവകാശ നിയമപ്രകാരം വാച്ചുമരം നിവാസികൾക്ക് 12.192 ഏക്കർ ഭൂമിക്ക് വനാവകാശരേഖ നൽകിയിട്ടുമുണ്ട്. ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെയും കോടശ്ശേരി ഗ്രാമപഞ്ചായത്തിലെയും ബന്ധപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിലെ കുടുംബങ്ങൾക്ക് 2006–ലെ വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ മുമ്പോട്ടുനീക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെയും (വനം, റവന്യൂ, പട്ടികവർഗ്ഗക്ഷേമം) ഉദ്യോഗസ്ഥന്മാരുടെയും ജനപ്രതിനിധികളുടെയും ഒരു പ്രത്യേക യോഗം വിളിച്ചുകൂട്ടി ഏറ്റവും വേഗത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശം കൊടുക്കുന്നതാണ്.

**സി.ആർ.ഇസഡ് ദൂരപരിധി**

മി. ചെയർമാൻ: ഇതേ വിഷയം ശ്രീ. എസ്. ശർമ്മയും ഉന്നയിച്ചിട്ടുണ്ട്.

ശ്രീ. കെ. ദാസൻ: സർ, 1991, 2001 എന്നീ വർഷങ്ങളിലെ തീരദശ പരിപാലന നോട്ടിഫിക്കേഷൻ മുഖേന കോസ്റ്റൽ ഏരിയയിൽ സി.ആർ.

ഇസഡ് നടപ്പിലാക്കാനാവശ്യമായ തീരുമാനം എടുത്തിട്ടുണ്ട്. ഇതിന്റെ ഫലമായി വികസന–നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട അധികാരി കളിൽ നിന്ന് മുൻകൂർ അനുവാദം വാങ്ങണമെന്നുണ്ട്. ഇപ്രകാരം മുൻകൂർ അനുവാദം വാങ്ങാതെയുള്ള പ്രവൃത്തികൾ അനധികൃതമാണെന്ന് വിശദീക രിച്ചുകൊണ്ട് തദ്ദേശസ്വയം ഭരണ വകുപ്പ് ഇപ്പോൾ ഒരു സർക്കുലർ അയച്ചി ട്ടുണ്ട്. സി.ആർ.ഇസഡ് ചട്ടപ്രകാരം സംസ്ഥാനത്തെ നഗരസഭകൾ സി.ആർ. ഇസഡ്–2 ലും പഞ്ചായത്ത് പ്രദേശങ്ങൾ സി.ആർ.ഇസഡ്–3 ലും വരുന്ന താണ്. ഇതാണ് 1991–ലെ നിയമം. ഈ നിയമം പ്രാബല്യത്തിൽ വന്ന കാല ത്തുണ്ടാക്കിയ ഒരു വ്യവസ്ഥയാണിത്. അതിനുശേഷം നിരവധി പഞ്ചായ ത്തുകൾ മുനിസിപ്പാലിറ്റികളായി ഡൈവർട്ട് ചെയ്തു. അവ നഗരസഭകളായി ഉയർത്തിയപ്പോൾ പിന്നീട് ഈ നിയമം പഞ്ചായത്തിന്റേതായിട്ടുള്ള രീതി യിൽത്തന്നെയാണ് അവിടെയും നടപ്പിലാക്കുന്നത്. തീരദേശ മേഖലയിൽ അനധികൃത കയ്യേറ്റങ്ങളും മണൽ ഖനനവും നിയന്ത്രിക്കണമെന്നത് ശക്തമാ യിത്തന്നെ നടപ്പിലാക്കേണ്ട ഒരു കാര്യമാണ്. തീരദേശ പരിപാലന നിയമം നടപ്പിലാക്കണമെന്ന് തീരദേശ പരിപാലന അതോറിറ്റിയുടെ കർശന നിർദ്ദേശം വന്നതോടെ തീരദേശമേഖലയിൽ സാധാരണ ജനങ്ങൾ വലിയ ആശങ്കയിലാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ സി.ആർ.ഇസഡ് ചട്ടപ്രകാരം നഗരസഭകൾ സി.ആർ.ഇസഡ്–2–ലും പഞ്ചായത്തുകൾ സി.ആർ. ഇസഡ്–3 ലുമാണ് ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളത്. സി.ആർ.ഇസഡ്–3 ൽ ഉൾപ്പെട്ട പ്രദേശങ്ങൾ ഇളവുകളില്ലാത്തതും സി.ആർ.ഇസഡ്–2 ൽ ഇളവുകൾ ഉള്ളതുമായ പ്രദേശങ്ങളുമാണ്. സംസ്ഥാനത്തെ നഗരസഭകളിൽ പുതു തായി വന്നിട്ടുള്ള നഗരസഭകളെ സി.ആർ.ഇസഡ് 3–ൽ തന്നെയാണ്

ഉൾപ്പെടുത്തിയിട്ടുള്ളത്. എന്റെ മണ്ഡലത്തിൽ കൊയിലാണ്ടി നഗരസഭയിൽ ഈ പ്രശ്നം നിലനിൽക്കുകയാണ്. 1993–ലാണ് ആ പഞ്ചായത്തിനെ മുനിസി പ്പാലിറ്റിയായി പ്രഖ്യാപിച്ചത്. അതിന്റെയടിസ്ഥാനത്തിൽ സി.ആർ.ഇസഡ് 3–ൽതന്നെ നിലനിൽക്കുന്നതുകൊണ്ട് നിർമ്മാണപ്രവർത്തനങ്ങളൊന്നും നടത്താൻ കഴിയാതിരിക്കുകയുമാണ്. ഭൂവിസ്തൃതി കുറഞ്ഞതും ജനസാ ന്ദ്രത കൂടിയതുമായ നമ്മുടെ സംസ്ഥാനത്ത് ഭൂവിസ്തൃതിയുടെ ഗണ്യമായ ഒരു ഭാഗം തീരപ്രദേശമാണ്. സി.ആർ.ഇസഡ് നിബന്ധനകൾ ഇപ്പോൾ കർശ നമാക്കിയതോടെ തീരപ്രദേശങ്ങളിലെ പതിനായിരക്കണക്കിനാളുകളുടെ ഭവനനിർമ്മാണവും മറ്റ് ആവശ്യമായ നിർമ്മിതികളും മുടങ്ങിക്കിടക്കുക യാണ്. ഇതിൽ ഏറ്റവും കൂടുതൽ പാവങ്ങളായ മൽസ്യത്തൊഴിലാളിക ളാണ്. 3 സെന്റ് ഭൂമിയിൽ സർക്കാരിന്റെ ഭവന നിർമ്മാണ സഹായപദ്ധതി യിൽ ഭവനനിർമ്മാണത്തിന് സഹായം ലഭിച്ചിട്ടുള്ള നൂറുകണക്കിന് അപേക്ഷ കളാണ് ഇപ്പോൾ കെട്ടിക്കിടക്കുന്നത്. അടിയന്തരമായി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ കെ. ദാസൻ പറഞ്ഞ പ്രശ്നം വളരെ ഗൗരവമുള്ള കാര്യങ്ങളാണ്. തീരപ്രദേശങ്ങ ളിൽ സി.ആർ.ഇസഡ്, കിഴക്കൻ പ്രദേശങ്ങളിൽ കസ്തൂരിരംഗൻ, അതിനിട യ്ക്കുള്ള ഭൂമിയിലാണെങ്കിൽ നീർത്തടസംരക്ഷണം. പരിസ്ഥിതി സംരക്ഷണം വേണം. അതിന് യാതൊരു സംശയവുമില്ല. പലപ്പോഴും പ്രായോഗികമല്ലാത്ത വിധത്തിലേക്ക് കാര്യങ്ങൾ നീങ്ങുന്നു. അതിന്റേതായ ബുദ്ധിമുട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ കെ. ദാസൻ പറഞ്ഞ പ്രശ്നം

ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. അതു പ്രത്യേമായി പരിശോധിക്കുകയാണ്. ഏറ്റവും വേഗത്തിൽ അതുസംബന്ധിച്ച് ഒരു തീരുമാനമെടുക്കും. പുതിയ കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ അതായത് തീരദേശ പരിപാലന പദ്ധതി കേന്ദ്രത്തിന് സമർപ്പിക്കാൻ സ്റ്റേറ്റിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അതിനുമുമ്പ് എല്ലാവരുമായി ഗവൺമെന്റ് ചർച്ച നടത്തും. പ്രായോഗികമായ നിർദ്ദേശങ്ങൾ കൂടി പരമാവധി ഉൾക്കൊണ്ടുകൊണ്ട് ജനങ്ങൾക്ക് ബുദ്ധിമുട്ട് വരാത്ത വിധത്തിൽ ആക്കിക്കൊടുക്കണമെന്ന് ആഗ്രഹമുണ്ട്. അതിനുവേണ്ടി പരമാവധി ശ്രമിക്കുന്നതാണ്.

**ഇ.എസ്.ഐ. മെഡിക്കൽ കോളേജിന് സ്ഥലം**

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, വളരെ പ്രാധാന്യമുള്ള ഒരു വിഷയ മാണിത്. മധ്യതിരുവിതാംകൂറുകാർക്ക് ഏറ്റവും വലിയ സന്തോഷം പകർന്ന ഒരു കാര്യമായിരുന്നു ഇ.എസ്.ഐ. കോർപ്പറേഷൻ മാവേലിക്കരയിൽ ഒരു മെഡിക്കൽകോളേജ് ആരംഭിക്കാൻ തീരുമാനിക്കുകയും അതിന് ആയിരം കോടി രൂപ വരെ സംസ്ഥാനത്ത് നിക്ഷേപിക്കുവാൻ അവർ തയ്യാറാകുകയും ചെയ്തത്. മലയാള മനോരമയിൽ ഇന്നലെ എഡിറ്റോറിയൽ എഴുതി 'ആരോഗ്യകേരളം കാത്തിരിക്കുന്നു, മാവേലിക്കര മെഡിക്കൽ കോളേജ് തർക്ക കുരുക്കിലാകരുത്' മധ്യതിരുവിതാംകൂറിൽ പ്രധാനപ്പെട്ട ആതുരാലയ ങ്ങൾ ഒന്നുംതന്നെയില്ല. വളരെ പാവപ്പെട്ടവരും സാധാരണക്കാരുമാണ്. ശബരിമലയിലേക്ക് കോടിക്കണക്കിന് ഭക്തജനങ്ങൾ വർഷന്തോറും എത്തി ച്ചേരുന്ന ഒരു സ്ഥലമാണ്. മാവേലിക്കരയിലെ തഴക്കരയിൽ, എന്റെ നിയോജ

കമണ്ഡലത്തോട് ചേർന്ന്, എന്റെ പ്രദേശത്തെ ജനങ്ങൾക്കും പന്തളത്തെ ജനങ്ങൾക്കും മധ്യതിരുവിതാംകൂറിലെ മുഴുവൻ ജനങ്ങൾക്കും ഇത് ആശ്വാസകരമായ ഒരു തീരുമാനമാണ്. തഴക്കരയിൽ 91 ഏക്കർ കൃഷിത്തോട്ടമുണ്ട്. മെഡിക്കൽ കോളേജ് ആരംഭിക്കാൻ അതിൽ 30 ഏക്കർ സ്ഥലം മാത്രം മതിയാകും. ഇപ്പോൾ മാവേലിക്കരയിലും ഹരിപ്പാടും വരുന്നതായ മെഡിക്കൽ കോളേജുകൾ വളരെ പ്രതീക്ഷയോടുകൂടി ജനങ്ങൾ കാത്തിരിക്കുകയാണ്. ആ അവസരത്തിൽ സ്ഥലലഭ്യതയുടെ പ്രശ്നത്തിൽ മെഡിക്കൽ കോളേജ് നഷ്ടമാകുന്ന ഒരവസരത്തിലേക്ക് പോകുകയാണ്. അതുകൊണ്ട് അധികം വൈകാതെ ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു തീരുമാനമെടുത്ത് തഴക്കരയിലെ 30 ഏക്കർ സ്ഥലം അനുവദിച്ചുകൊടുക്കണം. ഒറ്റ ഡിമാന്റുമാത്രമേ അവർ പറയുന്നുള്ളൂ. ആയിരം കോടിരൂപ തരാം, പാവപ്പെട്ടവർക്കും സാധാരണക്കാർക്കും വേണ്ടി മെഡിക്കൽ കോളേജ് അവിടെ സ്ഥാപിക്കാം, സംസ്ഥാന സർക്കാർ വെറും 30 ഏക്കർ സ്ഥലം കൈമാറിയാൽ മതിയാകും. അതിന് അവിടെ സ്ഥലമുണ്ട്. അങ്ങനെയൊരു കാലതാമസം ഈ മെഡിക്കൽ കോളേജ് നഷ്ടമാകുന്ന ഒരവസ്ഥയിലേക്ക് എത്തുകയാണ്. അതുകൊണ്ട് അടിയന്തരമായി ഈ പ്രശ്നത്തിൽ അങ്ങ് ഇടപെട്ട് അങ്ങയുടെയും കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രി ശ്രീ. കൊടിക്കുന്നിൽ സുരേഷിന്റെയും ശ്രമഫലമായിട്ടാണ് ഈ ഇ.എസ്.ഐ. മെഡിക്കൽ കോളേജ് അവിടെ യാഥാർത്ഥ്യമാകാൻ പോകുന്നത്. അതിന് അടിയന്തരമായ ഒരു പരിഹാരം കാണണം. ഇത് മധ്യതിരുവിതാംകൂറിലെ മുഴുവൻ സാധാരണക്കാരായ ജനങ്ങളുടെയും ഒരാവശ്യമാണ്, ആഗ്രഹമാണ്. അതിൽ അടിയന്തരമായ നടപടി ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

ശ്രീ. ആർ. രാജേഷ്: സർ, എന്റെ മണ്ഡലത്തിലെ വിഷയമാണ്. അവിടെ ഇ.എസ്.ഐ. മെഡിക്കൽ കോളേജിന് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടെങ്കിൽ അവിടത്തെ ജനപ്രതിനിധിയായ എന്നെ ഇതു സംബന്ധിച്ച് രേഖാമൂലമോ അല്ലാതെയോ ഇതുവരെയും അറിയിച്ചിട്ടില്ല. ഞങ്ങൾ ആരും തർക്കം ഉന്നയിച്ചിട്ടില്ല. അവിടെ സ്ഥലം ഏറ്റെടുക്കേണ്ടത് സംബന്ധിച്ച് സംസ്ഥാനസർക്കാരാണ് തീരുമാനമെടുക്കേണ്ടത്. അങ്ങ് കൃഷിവകുപ്പുമന്ത്രിയുമായി ആലോചിച്ച് അക്കാര്യങ്ങൾ ചെയ്യേണ്ടതാണ്. എന്നെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ഒരു പ്രാഥമികമായ യോഗമെങ്കിലും ചേരണം. സ്ഥലമേറ്റെടുക്കുന്നതിന് ഞങ്ങളുടെ ഭാഗത്തുനിന്ന് ഒരു തർക്കവുമില്ല. ഒരു തർക്കമുണ്ടെന്ന രൂപത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നത് ശരിയല്ല. പ്രാഥമികമായി എം.എൽ.എ. എന്ന നിലയിൽ എന്നെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് യോഗം ചേർന്ന് അവിടത്തെ പ്രശ്നം പരിഹരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ആലപ്പുഴ ജില്ലയിലെ മാവേലിക്കര തഴക്കരയിൽ ഒരു ഇ.എസ്.ഐ. മെഡിക്കൽ കോളേജിന് അനുമതി ലഭിക്കുന്നുവെന്നുള്ളത് വളരെ സന്തോഷകരമായ വാർത്തയാണ്. ഇവിടെ ഏത് പുതിയ സ്ഥാപനം വരുമ്പോഴും പ്രധാന പ്രശ്നം സ്ഥലം കിട്ടുകയെന്നുള്ളതാണ്. ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥും സ്ഥലം എം.എൽ.എ.-യും പറഞ്ഞ നിർദ്ദേശം........ അവിടെയുള്ളത് കൃഷി വകുപ്പിന്റെ ഭൂമിയാണ്. ഇപ്പോൾ ആ ഭൂമി ജില്ലാ പഞ്ചായത്തിന്റെ ഭരണനേതൃത്വത്തിലാണുള്ളത്. ഞാനൊരു യോഗം വിളിച്ചുകൂട്ടിയിരുന്നു. അപ്പോൾ ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ചില എതിർപ്പുകൾ പറഞ്ഞു. അവരുടെ പോയിന്റ് ഓഫ്

വ്യൂയിൽ ഞാൻ അവരെ കുറ്റപ്പെടുത്തുന്നില്ല. കാരണം ഇന്ന് ഏറ്റെടുത്തിരിക്കുന്ന ജോലികൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് സ്ഥലം ആവശ്യമാണെന്നുള്ളതാണ് അവർ പറഞ്ഞത്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ഈ സ്ഥലം കിട്ടിയാൽ മാത്രമേ അവിടെ മെഡിക്കൽ കോളേജ് ലഭിക്കുകയുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ ആർ. രാജേഷ് പറഞ്ഞ സാഹചര്യത്തിൽ അവിടുത്തെ എം.പി.-യേയും എം.എൽ.എ.-യേയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനേയും ഈ സബ്മിഷൻ അവതരിപ്പിച്ച ശ്രീ. പി. സി. വിഷ്ണുനാഥിനേയും കൃഷി വകുപ്പുമന്ത്രിയേയും ഉൾപ്പെടെ എല്ലാവരേയും വിളിച്ചു കൂട്ടി...... ആ ഫാംതന്നെ കൃഷി വകുപ്പിന്റെയാണ്. ആ സാഹചര്യത്തിൽ ഗവൺമെന്റ് ഇനിഷ്യേറ്റീവ് എടുക്കും. സംസ്ഥാന ഗവൺമെന്റിന് ഒരു ചെലവുമില്ലാതെതന്നെ ഒരു ഗവൺമെന്റ് മെഡിക്കൽ കോളേജ് വരികയെന്നു പറഞ്ഞാൽ പരമാവധി അതിനെ പ്രോൽസാഹിപ്പിക്കേണ്ടതാണ്. സംസ്ഥാന തലത്തിൽ അതിനുവേണ്ട എല്ലാ സൗകര്യങ്ങളും ചെയ്യും. അതേസമയം കൃഷി വകുപ്പും ജില്ലാ പഞ്ചായത്തും ഇവിടെ പ്രകടിപ്പിച്ചിട്ടുള്ള ആശങ്കകൂടി കണക്കിലെടുത്തുകൊണ്ട് ഒരു തീരുമാനമുണ്ടാക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

**വെടിവച്ച് പരിക്കേൽപ്പിക്കൽ**

ശ്രീ. വി. ശിവൻകുട്ടി: സർ, ഇക്കഴിഞ്ഞ ജനുവരി മാസം 29-ാം തീയതി ബുധനാഴ്ച രാത്രി എട്ടരമണിക്ക് തിരുവനന്തപുരത്ത് വലിയവിളയിൽ നഗരത്തെ നടുക്കിക്കൊണ്ട് ഒരു വെടിവയ്പ്പുണ്ടായി. വലിയവിള ജംഗ്ഷനിൽ കാറിലെത്തിയ റിട്ടയേർഡ് ലഫ്റ്റനന്റ് കേണൽ ബ്രെൽവിയാണ് സി.പി.ഐ. (എം) കുണ്ടമൺഭാഗം ബ്രാഞ്ച് സെക്രട്ടറി വെങ്കടേശ്വരറാവു, കൃഷി വകുപ്പ്

ഉദ്യോഗസ്ഥൻ ശ്രീ. മനോജ് എന്നിവരെ റിവോൾവർ ഉപയോഗിച്ച് വെടിവച്ച് മാരകമായി പരിക്കേൽപ്പിച്ചത്. റോഡ് സൈഡിൽ പാർക്ക് ചെയ്തിരുന്ന ഓട്ടോറിക്ഷ തന്റെ കാറിന് കടന്നുപോകുവാൻ തടസ്സമാണെന്ന് പറഞ്ഞ്, മദ്യപിച്ച് മദോൻമത്തനായിരുന്ന കേണൽ ബ്രെൽവി റോഡിൽ സ്ഥലമുണ്ടാ യിട്ടും കാർ ഓടിച്ചുകൊണ്ട് പോകാതെ റോഡിന് നടുക്ക് നിർത്തിയിട്ട് മന പ്പൂർവ്വം ഗതാഗത തടസമുണ്ടാക്കുകയും നാട്ടുകാർക്കെതിരെ അസഭ്യം പറയു കയും ചെയ്തു. തുടർന്ന് വീട്ടിലേയ്ക്കുപോയ ഇയാൾ റൂൾത്തടിയും തോക്കുമായി തിരിച്ചുവരികയും ആദ്യം റൂൾത്തടികൊണ്ട് നാട്ടുകാർക്കെ തിരെ മർദ്ദനം നടത്തി, തുടർന്ന് തോക്ക് പുറത്തേയ്ക്കെടുത്ത് നാട്ടുകാർക്കെ തിരെ വെടിയുതിർക്കുകയും ചെയ്തു. വെങ്കിടേശ്വരറാവുവിന് വയറ്റിലും മനോജിന് കാലിലുമാണ് വെടിയേറ്റത്. ഇവരെ അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയമാക്കേണ്ടതായിവന്നു. മദ്യപിച്ച് സ്ഥിരമായി നാട്ടുകാർക്ക് ശല്യവും ഉപദ്രവുമുണ്ടാക്കുന്ന വ്യക്തിയാണ് ഈ റിട്ടയേർഡ് കേണൽ. സ്ഥലത്തെ ത്തിയ പോലീസ് നാട്ടുകാരെ കയ്യേറ്റം ചെയ്യാനാണ് ആദ്യം ശ്രമിച്ചത്. ജനരോഷം ഭയന്നുമാത്രമാണ് പോലീസ് ഇയാളെ അറസ്റ്റുചെയ്യാൻ തയ്യാറായത്. ദുർബലമായ വകുപ്പുകൾ ചേർത്താണ് കേണൽ ബ്രെൽവി ക്കെതിരെ പോലീസ് കേസ്സെടുത്തിരിക്കുന്നത്. അതിനെതിരെ വ്യാപകമായ പരാതിയുമുണ്ട്. മനസാക്ഷിയെയാകെ ഞെട്ടിച്ച ഈ സംഭവത്തെക്കുറിച്ച് ഗൗരവമായ ഒരു പുനരന്വേഷണം നടത്തുവാനും ആവശ്യമായ വകുപ്പുകൾ ഉൾപ്പെടുത്തി കേസ് എടുക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുകയും വെടി യേറ്റ് ശസ്ത്രക്രിയയ്ക്ക് വിധേയമായി വളരെ സീരിയസ്സായി മെഡിക്കൽ കോളേജിൽ കഴിയുന്നവർക്ക് ഗവൺമെന്റിന്റെ സഹായം കൊടുക്കുന്നതിനു

മുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. മുരളീധരൻ: സർ, ഈ പറഞ്ഞ കാര്യങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഒരു റിട്ടയേർഡ് കേണൽ നാട്ടുകാരെ മുഴുവൻ ദ്രോഹിക്കുന്ന സമീപനമാണ് ചെയ്തത്. പക്ഷേ പോലീസ് സ്ഥലത്തെത്തി ഉടനെ നടപടി സ്വീകരിച്ചു. പോലീസ് നാട്ടുകാരെ ദ്രോഹിച്ചുവെന്ന് പറയുന്നത് ശരിയല്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 29–01–2014–ന് രാത്രി 8.30 ഓടെ പൂജപ്പുര പോലീസ് അതിർത്തി യിൽപ്പെട്ട വലിയവിള മൈത്രി നഗറിൽ ടി.സി. 8/318 അനുപമ ഹൗസിൽ താമസിക്കുന്ന റിട്ടയേർഡ് കേണൽ മഹാരാജ് ബ്രെൽവി, 67 വയസ്സുള്ള ആൾ വലിയവിളയിൽനിന്നും മൈത്രി നഗറിലേയ്ക്ക് തിരിയുന്ന ഭാഗത്തുവച്ച് ടിയാന്റെ കാർ കടന്നുപോകുന്നതിനായി അവിടെ പാർക്ക് ചെയ്തിരുന്ന ഓട്ടോറിക്ഷ മാറ്റുവാൻ ആവശ്യപ്പെടുകയും ആയതിനെ സംബന്ധിച്ച് ഓട്ടോ റിക്ഷയുടെ ഡ്രൈവറും ബ്രെൽവിയുമായി വാക്കുതർമുണ്ടാകുയും അവിടെക്കൂടിയ നാട്ടുകാർ അവർ ഇരുവരെയും പറഞ്ഞുവിടുകയും ചെയ്തു. സംഭവത്തിനുശേഷം രാത്രി 9 മണിയോടുകൂടി ബ്രെൽവി ഒരു വടിയുമായി വലിയവിള ജംഗ്ഷനിലെത്തുകയും പ്രകോപനപരമായി നാട്ടുകാരോട് സംസാരിക്കുകയും അവിടെയുണ്ടായിരുന്ന നാട്ടുകാരിൽ ചിലരുമായി ഉന്തും തള്ളുമുണ്ടായപ്പോൾ പെട്ടെന്ന് ബ്രെൽവി പോക്കറ്റിൽ കരുതിയിരുന്ന പിസ്റ്റ ലെടുത്ത് നാട്ടുകാർക്കെതിരെ മൂന്നുപ്രാവശ്യം വെടിവയ്ക്കുകയും ചെയ്തു. സംഭവത്തിൽ സി.പി.ഐ.(എം) കുണ്ടമൺഭാഗം ബ്രാഞ്ച് സെക്രട്ടറി

വെങ്കിടേശ്വരറാവു (55 വയസ്), വികാസ് ഭവനിലെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിലെ യു.ഡി. ക്ലർക്ക് മനോജ് (35 വയസ്) എന്നിവർക്ക് വെടിയേറ്റു. വെങ്കിടേശ്വരറാവുവിന്റെ അടിവയറ്റിലും മനോജിന്റെ വലുതുതുട യിലുമാണ് വെടിയേറ്റത്. തുടർന്ന് നാട്ടുകാർ ബ്രെൽവിയെ പിടിച്ച് കയ്യും കാലും കെട്ടിയിട്ട് സ്ഥലത്തെ പോലീസിനെ ഏൽപ്പിച്ചു. പരിക്കുപറ്റിയവരെ 108 ആംബുലൻസിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുപോകു കയും അടിയന്തരമായ ശസ്ത്രക്രിയ നടത്തി വെടിയുണ്ട പുറത്തെടുക്കു കയും ചെയ്തു. ഇരുവരും അപകടനില തരണം ചെയ്തതായിട്ടാണ് അറിയുന്നത്. പോലീസ് ബ്രെൽവിയെ കസ്റ്റഡിയിലെടുക്കുകയും നാട്ടുകാ രുടെ ആക്രമത്തിൽ പരിക്കുപറ്റിയതിനാൽ ടിയാനെ ജനറൽ ആശുപത്രിയി ലെത്തിക്കുകയും ഒ.പി.യിൽ ചികിത്സയ്ക്ക് വിധേയമാക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ പിസ്റ്റൽ പോലീസ് കസ്റ്റഡിയിലെടുത്തു. നാട്ടുകാരനായ സുരേഷ് കുമാർ എന്നയാളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഐ.പി.സി. 324, 307 പ്രകാരവും ആംസ് ആക്ട് സെക്ഷൻ (3)-യിലെ ആർ/ഡബ്ല്യു1(എ) പ്രകാരവും ക്രൈം 138/2014 ആയി ബ്രെൽവിക്കെതിരെ പൂജപ്പുര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും 30-01-2014-ന് ബ്രെൽവിയെ അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്യുകയും ചെയ്തു. ബ്രെൽവിയെ വാദിയായി കണ്ടാലറിയാവുന്ന ഓട്ടോ ഡ്രൈവർ ബഷീർ, മധു തുടങ്ങിയ എട്ടുപേർക്കെതിരെ ഐ.പി.സി. 143, 147, 149, 323 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 139/14 ആയി ഒരു കേസും മറ്റൊരു കേസും പൂജപ്പുര പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഭവസമ യത്ത് ടിയാന്റെ ഭാര്യ മാത്രമേ വീട്ടിലുണ്ടായിരുന്നുള്ളൂ. മറ്റ് കുടുംബാംഗ

ങ്ങൾ സ്ഥലത്തുണ്ടായിരുന്നില്ല. സംഭവത്തിൽ പ്രതിഷേധിച്ച് സി.പി.എം. വലിയവിള ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സി.പി.എം. പാളയം ഏരിയാ കമ്മിറ്റി സെക്രട്ടറി റഷീദിന്റെ നേതൃത്വത്തിൽ എഴുപത്തിയഞ്ചോളംപേർ ആ ദിവസം രാത്രി 8.40 ഓടുകൂടി വലിയവിള ജംഗ്ഷനിൽനിന്ന് പ്രതിഷേധപ്രകടനവുമായി ബ്രെൽവിയുടെ വീടിന് സമീപമെത്തി കുത്തിയിരുപ്പ് ധർണ്ണ നടത്തുകയും 10.10 ഓടുകൂടി പിരിഞ്ഞുപോകുകയും ചെയ്തു. പ്രതിഷേധക്കാരിൽ ചിലർ ബ്രെൽവിയുടെ വീട്ടിലേയ്ക്ക് കല്ലെറിഞ്ഞതിനാൽ ജനൽ ചില്ലിനും ഗേറ്റിൽ സ്ഥാപിച്ചിരുന്ന ലൈറ്റിനും കേടുപാടുകൾ പറ്റിയിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ബ്രെൽവിയുടെ മകന്റെ പരാതിയിൽ ഐ.പി.സി. 143, 147, 148, 294 (ബി), 427 ആർ/ഡബ്ല്യു 149 പ്രകാരം പൂജപ്പുര പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 101/14 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഭവത്തിൽ പ്രതിഷേധിച്ച് സി.പി.എം. ആഹ്വാനപ്രകാരം വലിയവിള പ്രദേശത്ത് 30–01–2014–ന് രാവിലെ എട്ടുമണി മുതൽ വൈകിട്ട് ആറുവരെ കടകൾ അടച്ച് ഹർത്താൽ ആചരിക്കുകയും ചെയ്തു. ബ്രെൽവി സംഭവസമയത്ത് മദ്യലഹരിയിലായിരുന്നുവെന്നും പ്രദേശത്തെ നാട്ടുകാരുമായും അയൽക്കാരുമായും നല്ല സൗഹൃദത്തിലായിരുന്നില്ലായെന്നും വിവരം ലഭിച്ചിട്ടുണ്ട്. ടിയാൻ വഴക്ക് കൂടുകയോ മറ്റോ ചെയ്താൽ തോക്കെടുത്ത് കാണിച്ച് ഭീഷണിപ്പെടുത്തുമെന്ന് നാട്ടുകാരിൽ ചിലർ ആരോപിക്കുന്നുണ്ടെങ്കിലും ഇതുസംബന്ധിച്ച് ആരും പോലീസിൽ പരാതിപ്പെട്ടിട്ടില്ല. ടിയാന്റെ പേരിൽ മുമ്പും കേസ്സുകളൊന്നും നിലവിലില്ല. ബ്രെൽവിയുടെ കൈവശമുള്ളത് .32 ഇനത്തിൽപ്പെട്ട പിസ്റ്റലാണ്. ബോഡി നമ്പർ പി.ആർ. 143780 അതിന് നമ്പർ 42/111/2008 പ്രകാരം ലൈസൻസുള്ളതുമാണ്. ജി.ഒ. നമ്പർ

1736/2012 ഹോം, ഡേറ്റഡ് 11–06–2012 പ്രകാരം 28–12–2014 വരെ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതുമാണ്. ബ്രൈൽവിക്ക് ലഭിച്ച തോക്ക് ലൈസൻസ് ദുരുപയോഗം ചെയ്തതിനാൽ ആ ലൈസൻസ് റദ്ദുചെയ്യാൻ നടപടികൾ സ്വീകരിക്കുന്നതാണ്. ശ്രീ. വി. ശിവൻകുട്ടി ഇവിടെ പറഞ്ഞ കാര്യം പോലീസ് വളരെ ഗൗരവത്തോടുകൂടിതന്നെയാണ് എടുത്തിട്ടുള്ളത്. അതിന് ആവശ്യ മായ എല്ലാ നടപടിയും സ്വീകരിച്ചിട്ടുണ്ട്. അവിടുത്തെ എം.എൽ.എ. ആയ ശ്രീ. കെ. മുരളീധരനും ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## കൊലപാതകകേസ്സിലെ പ്രതികളുടെ അറസ്റ്റ്

ശ്രീ. കെ. വി. വിജയദാസ് : സർ, എന്റെ മണ്ഡലത്തിലെ കല്ലാംകുഴി ഇരട്ട കൊലപാതകത്തിലെ പ്രതികളെ അറസ്റ്റ് ചെയ്യാത്തത് സംബന്ധിച്ചാണ് ഈ സബ്മിഷൻ. 2013 നവംബർ മാസം 20–ാം തീയതി രാത്രി 9.30 മണിക്ക് അൻസാരി എന്ന ആളിന്റെ വീട്ടിലേയ്ക്ക് പോയി തിരിച്ചുവരുമ്പോൾ കുഞ്ഞു ഹംസ, നൂറുദ്ദീൻ എന്നീ രണ്ട് സഹോദരന്മാരുടെമേൽ കുറേ ആളുകൾ ചാടി വീണ് വെട്ടിയും കുത്തിയും കൊലപ്പെടുത്തി. അവരുടെ ദീനരോധനം കേട്ട് ഓടിക്കൂടിയ നാട്ടുകാർ അവരെ രക്ഷിക്കാൻ പോയപ്പോൾ അവരെ കല്ലെ റിഞ്ഞ് ഓടിക്കുന്ന സ്ഥിതിവരെയുണ്ടായി. അത്രയും പൈശാചികമായ കൊല പാതകമാണ് അവിടെ നടന്നത്. അവിടെ ഏതാണ്ട് 24 പേർക്കെതിരെ കേസെടുത്തിട്ടുണ്ട്. എട്ടുപത്തുപേരെ ഇനിയും അറസ്റ്റുചെയ്യാനുണ്ട്. അവരെ അറസ്റ്റു ചെയ്യുന്നതിനുവേണ്ടി യാതൊരു നടപടിയും പോലീസ് സ്വീകരിക്കുന്നില്ല. മാത്രമല്ല ഇരട്ടകൊലപാതക ഗൂഢാലോചന നടത്തിയവ രുടെ പേരുവിവരം അക്രമത്തിൽ അത്ഭുതകരമായി രക്ഷപ്പെട്ട കുഞ്ഞുമുഹ

മ്മദ് പോലീസിനോട് പറഞ്ഞിരുന്നു. ഇക്കാര്യങ്ങളെ സംബന്ധിച്ച് യാതൊരു അന്വേഷണവും പോലീസ് നടത്തുന്നില്ല. മാത്രമല്ല ഇതിന്റെ അടിസ്ഥാനത്തിൽ പ്രതികളിൽ ചിലർ ഇപ്പോൾ ഫേയ്സ്ബുക്കിൽ ഈ കേസിനെ സംബന്ധിച്ച് ദുഷ്പ്രചരണങ്ങളും ആരംഭിച്ചിരിക്കുകയാണ്. അപവാദപ്രചരണം നടത്തുന്നതിനെതിരെ പോലീസിൽ പരാതിയും നൽകിയിട്ടുണ്ട്. ഈ ഇരട്ടക്കൊലയ്ക്ക് ഉത്തരവാദികളായ ആളുകളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മാത്രവുമല്ല പോലീസിന്റെ നിഷ്ക്രിയത അവസാനിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇടപെട്ട് സത്വര നടപടി സ്വീകരിക്കണം. ക്രിമിനലുകളെ സംരക്ഷിക്കുന്ന ചില പോലീസുകാരുടെ നിലപാട് അവസാനിപ്പിക്കുന്നതിന് ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി നടപടിയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, 20.11.2013-ന് രാത്രി 9.00 മണിയോടെ മണ്ണാർക്കാട് പോലീസ് സ്റ്റേഷൻ പരിധിയിലെ കല്ലാംകുഴി എന്ന സ്ഥലത്തുവച്ച് സുന്നി എ.പി. വിഭാഗക്കാരും ഡി.വൈ.എഫ്.ഐ. അനുഭാവികളുമായ ഹംസ (45), നൂറുദ്ദീൻ (43), കുഞ്ഞുമുഹമ്മദ് (48) എന്നീ സഹോദരന്മാരെ സുന്നി ഇ.കെ. വിഭാഗക്കാരായ 22 പേരും കണ്ടാലറിയാവുന്ന എട്ടുപേരും ചേർന്ന് മാരകായുധങ്ങളുമായി സംഘം ചേർന്ന് അടിച്ചും വെട്ടിയും ഗുരുതരമായി പരിക്കേല്പിച്ചു. അതിൽ ഹംസയെയും നൂറുദ്ദീനെയും ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിലും കുഞ്ഞുമുഹമ്മദിനെ പെരിന്തൽമണ്ണ ആശുപത്രിയിലും പ്രവേശിപ്പിച്ചു. ഇക്കാര്യത്തിൽ കുഞ്ഞുമുഹമ്മദിന്റെ മൊഴിപ്രകാരം ഇന്ത്യൻ ശിക്ഷാ നിയമം

143, 147, 148, 149, 307, 324, 341 പ്രകാരം ക്രൈം നമ്പർ 1592/13 ആയി മണ്ണാർക്കാട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. ഹംസയുടെയും നൂറുദ്ദീന്റെയും മരണവിവരം ഡോക്ടർമാർ സ്ഥിരീകരിച്ചതിനെത്തുടർന്ന് ഇന്ത്യൻ ശിക്ഷാ നിയമം 302-ാം വകുപ്പ് കൂട്ടിച്ചേർത്ത് കോടതിക്ക് റിപ്പോർട്ട് കൊടുത്തു. കേസിന്റെ ഗൗരവസ്വഭാവം കണക്കിലെടുത്ത് കേസ് അന്വേഷണം മണ്ണാർക്കാട് സി.ഐ.-യിൽ നിന്നും 12.12.2013 മുതൽ ഷൊർണ്ണൂർ ഡിവൈ.എസ്.പി. ഏറ്റെടുത്ത് അന്വേഷണം നടത്തിവരികയാണ്. മരണപ്പെട്ട എ. പി. വിഭാഗക്കാരുൾപ്പെടെ ഏതാനുംപേർ ചേർന്ന് സ്ഥലത്ത് പുതുതായി ഡി.വൈ.എഫ്.ഐ. യൂണിറ്റ് രൂപീകരിച്ചതിനെ സുന്നി ഇ.കെ. വിഭാഗക്കാർ എതിർത്തിരുന്നു. ഇതിനുപുറമേ കല്ലാംകുഴിയിൽ 1998-ൽ മുഹമ്മദ് എന്ന ആളിനെ കൊലപ്പെടുത്തിയ കേസിൽ ഇപ്പോൾ കൊല്ലപ്പെട്ട രണ്ടുപേരും സഹോദരൻ കുഞ്ഞുമുഹമ്മദും പ്രതികളായിരുന്നു. ആ കേസിന്റെ വിചാരണവേളയിൽ കേസ് ഒത്തുതീർപ്പാക്കിയിരുന്നുവെങ്കിലും ഈ ഒത്തുതീർപ്പിൽ കൊല്ലപ്പെട്ട മുഹമ്മദിന്റെ ബന്ധുക്കളിൽ ചിലർക്ക് എതിർപ്പുണ്ടായിരുന്നു. ഇങ്ങനെ വിവിധ കാരണങ്ങളാൽ കൊല്ലപ്പെട്ടവരും പ്രതികളും തമ്മിൽ നിതാന്തശത്രുത നിലനിൽക്കവെയാണ് ഈ ഇരട്ടകൊല പാതകം നടന്നത്. കൊലപാതകത്തിൽ പ്രതിഷേധിച്ച് 21.11.2013-ന് രാവിലെ 9.00 മണി മുതൽ വൈകിട്ട് 6.00 മണിവരെ സി.പി.ഐ.(എം) മണ്ണാർക്കാട് താലൂക്കിലെ അട്ടപ്പാടി ഒഴികെയുള്ള പ്രദേശങ്ങളിൽ കടകൾ അടച്ച് ഹർത്താൽ ആചരിച്ചു. സംഘർഷ സാധ്യത കണക്കിലെടുത്ത് ഈ പ്രദേ ശത്ത് 21.11.2013 മുതൽ 5.12.2013 വരെ ജില്ലാ കളക്ടർ നിരോധനാജ്ഞ പുറ

പ്പെടുവിച്ചിരുന്നു. 27.11.2013-ൽ റഷീദ്, ബാപ്പൂട്ടി, സലീം, സെയ്ദലവി, താജു ദ്ദീൻ, ഷാഹിർ എന്നിവരെയും 1.12.2013-ൽ ഇസ്മായിൽ, സുലൈമാൻ, ഷിഹാബ്, മുസ്തഫ എന്നിരെയും അറസ്റ്റുചെയ്തു. 21.12.2013-ന് അമീർ, അബ്ദുൾജലീൽ എന്നിവരെയും 24.11.2013-ന് നൗഷാദ്, നിജാസ്, ഷെമീം എന്നിവരെയും 1.1.2014-ന് ഹംസ ചീരത്ത്, നാസർ എന്നിവരെയും 28.12.2013 -ൽ ഒന്നാം പ്രതി സിദ്ധിഖിനെയും അറസ്റ്റു ചെയ്തിട്ടുണ്ട്. ഈ കേസിൽ കാഞ്ഞിരപ്പുഴ പഞ്ചായത്തിന്റെ വൈസ് പ്രസിഡന്റായ സിദ്ധിഖ്, നൗഷാദ്, നിജാസ് തുടങ്ങിയ പന്ത്രണ്ടുപേരെ പ്രതിസ്ഥാനത്ത് ചേർത്തിട്ടുണ്ട്. ഇതിൽ പതിനേഴ് പ്രതികളെ അറസ്റ്റുചെയ്ത് റിമാന്റ് ചെയ്യുകയും അവർ ഇപ്പോൾ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിയുകയും ചെയ്യുകയാണ്. ഈ കേസിലെ മൂന്നുപേർ അറസ്റ്റ് ഭയന്ന് ഒളിവിലാണ്. രണ്ടുപ്രതികൾ സംശയത്തിന്റെ നിഴലിലായതുകൊണ്ട് അറസ്റ്റുചെയ്തിട്ടില്ല. 23.11.2013-ൽ ഈ കേസിന് കൃത്യ സ്ഥല മഹസർ തയ്യാറാക്കിയിട്ടുള്ളതും അപ്രകാരം ആറ് മരവടികൾ, മൂന്നു ജോടി ചെരുപ്പുകൾ, ഒരു മടവാളിന്റെ പിടി, രക്തംപുരണ്ട മുണ്ട്, റിസ്റ്റ് വാച്ച്, മോട്ടോർ സൈക്കിൾ, ഒരു മൊബൈൽ ഫോൺ എന്നിവ ബന്ദവസ്സിൽ എടു ത്തിട്ടുള്ളതുമാണ്. 25.11.2013-ൽ രണ്ടാം പ്രതി നൗഷാദിന്റെ കുറ്റസമ്മതമൊഴി പ്രകാരം ഒരു വാളും, മൂന്നാം പ്രതി നിജാസിന്റെ കുറ്റസമ്മതപ്രകാരം ഒരു ഇരുമ്പ് പൈപ്പും, ഒന്നാം പ്രതി സിദ്ധിഖിന്റെ കുറ്റസമ്മതപ്രകാരം ഒരു വാളും, നാലാം പ്രതി ഹംസ ചേലത്തിന്റെയും പതിനാറാം പ്രതി നാസറിന്റെയും മൊഴിപ്രകാരം രണ്ട് ഇരുമ്പു പൈപ്പുകളും കസ്റ്റഡിയിലെടുത്തിട്ടുണ്ട്. കേസ് അന്വേഷണം പോലീസ് ഊർജ്ജിതമായി നടത്തുകയാണ്. പോലീസിന്റെ

ഭാഗത്ത് അനാസ്ഥയുണ്ടായിട്ടില്ല. പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ട്. ബാക്കി മൂന്ന് പ്രതികളെ മാത്രമാണ് ഇനി കിട്ടാനുള്ളത്. അവരെ പിടികൂടാൻ ഊർജ്ജിതമായ അന്വേഷണം നടത്തുകയാണ്. കസ്റ്റഡിയിലെടുത്ത പ്രതികൾ ഇപ്പോൾ റിമാൻഡിലാണ്. അതോടൊപ്പം അവരുടെപേരിൽ ഊർജ്ജിതമായ നിയമനടപടികളുമായി ഇപ്പോൾ പോലീസ് മുമ്പോട്ടുപോകുകയാണ്.

**കിണറ്റിൽവീണ് മരിച്ച സംഭവം**

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, 'ചിറപ്പുറത്തെ നടുക്കിയ പോലീസ് ക്രൂരത'. ഒരു സായാഹ്ന പത്രമാണിത് (പത്രം ഉയർത്തിക്കാണിക്കുന്നു). അതുപോലെതന്നെ മലയാള മനോരമ : 'പോലീസിനെ ഭയന്ന് ഓടുന്നതിനിടയിൽ കിണറ്റിൽ വീണ യുവാക്കളിൽ ഒരാൾ മരിച്ചു. ബന്ധുവിന് ഗുരുതരമായ പരിക്ക്. നീലേശ്വരം പട്ടണത്തിൽ ഇന്ന് ഹർത്താൽ' കഴിഞ്ഞ 29-ാം തീയതി 7 മണിയോടെയാണ് ഈ സംഭവം. അവിടെ പെയിന്റിംഗ് ജോലി കഴിഞ്ഞ് വീടിനടുത്തുള്ള വെയ്റ്റിംഗ് ഷെഡിൽ അവർക്ക് കിട്ടിയ കൂലി വീതിച്ചെടുക്കുകയായിരുന്നു. അപ്പോഴാണ് നീലേശ്വരം പോലീസ് സ്റ്റേഷനിലെ എം.ടി. മൈക്കിൾ എന്ന എസ്.ഐ.യും പാർട്ടിയും അവിടെയെത്തുന്നത്. വന്നയുടനെതന്നെ വളരെ മ്ലേച്ഛമായ ഭാഷയിലാണ് അവരെ തെറി പറഞ്ഞത്. എന്താടാ ഇവിടെ നിൽക്കുന്നത് എന്നുപറഞ്ഞ് ഒരാളുടെ ചെകിടത്ത് നല്ല അടിയും വയറ്റിൽ ഒരു ചവിട്ടും വച്ചുകൊടുത്തു. അയാൾ അവിടെ വീണു. അപ്പോൾ അത് കണ്ടുഭയന്നിട്ടാണ് മറ്റ് രണ്ട് ആളുകളായ ശശീധരനും ഗണേശനും അവിടെ നിന്നും ഓടിയത്. അതിന്റെ പിന്നാലെ

തന്നെ ഈ എസ്.ഐ. മൈക്കിളും ഓടി. തൊട്ടടുത്തുള്ള ആൾമറയില്ലാത്ത ഒരു കിണറ്റിൽ അവർ രണ്ടുപേരും വീണു. ഇത് കാണുന്ന എസ്.ഐ., ആ മനുഷ്യത്വമില്ലാത്തവൻ അനങ്ങിയില്ല. നിങ്ങൾ ഒന്ന് ആലോചിച്ചുനോക്കണം. കിണറിൽ വീഴുന്നത് നേരിട്ട് കാണുകയാണ്. എന്നിട്ട് അദ്ദേഹം തിരിച്ചുപോകുകയാണ്. അവരെ രക്ഷിക്കുന്നതിനുവേണ്ടി ഒരു നടപടിയും സ്വീകരിച്ചില്ല. അങ്ങനെയുള്ള മനുഷ്യത്വരഹിതമായ പ്രവർത്തനമാണ് എസ്.ഐ. നടത്തിയത്. കാഞ്ഞങ്ങാട് ഫയർ സ്റ്റേഷനിൽ നിന്നും ആളുകൾ വന്നിട്ടാണ് അവരെയെടുക്കുന്നത്. എടുക്കുമ്പോഴേയ്ക്കും ശശീധരൻ മരിച്ചുകഴിഞ്ഞിരുന്നു. തലയടിച്ചതുനിമിത്തമാണ് അദ്ദേഹം മരണപ്പെട്ടത് എന്നാണ് പറയുന്നത്. അദ്ദേഹത്തിന്റെ മുകളിൽ വീണ ഗണേശൻ എന്ന ആളുടെ കാലൊടിഞ്ഞ് ആശുപത്രിയിലായി. അയാൾക്ക് ഗുരുതരമായ പരിക്കേറ്റു. അടികൊണ്ട സജിത്തും ഇപ്പോൾ ആശുപത്രിയിലാണ്. ഈ പോലീസ് ഉദ്യോഗസ്ഥനെക്കുറിച്ച് ഒരുപാടൊരുപാട് ആക്ഷേപങ്ങളുണ്ട്. വളരിക്കുണ്ടാണ് അദ്ദേഹത്തിന്റെ സ്വന്തം നാട്. അവിടത്തെ പള്ളിയിലെ ഫാദർ കാറിൽ യാത്രചെയ്ത അവസരത്തിൽ തടഞ്ഞുനിറുത്തിയിട്ട് ഇറങ്ങെന്ന് പറഞ്ഞു. കാറ് പരിശോധിക്കണമെന്നു പറഞ്ഞു. ഞാൻ ഇവിടത്തെ പള്ളിയിലെ അച്ചനാണെന്ന് അദ്ദേഹം പറഞ്ഞു. അത് പള്ളിയിൽ പോയി പറഞ്ഞാൽ മതി. ഇറങ്ങെന്ന് പറഞ്ഞു. അതാണ് ടൈപ്പ്. അദ്ദേഹം എവിടെയെല്ലാം ജോലിയെടുത്തിട്ടുണ്ടോ അവിടെയെല്ലാം നാട്ടുകാരുടെ വലിയ ആക്ഷേപമാണ്. അദ്ദേഹം ഇതിനുമുമ്പ് വർക്ക് ചെയ്ത പോലീസ് സ്റ്റേഷനിൽ നിന്നും റിലീവ് ചെയ്ത് വരുമ്പോൾ നാട്ടുകാർ പടക്കംപൊട്ടിച്ച് ആഹ്ലാദപ്രകടനം നടത്തി. ഈ നീലേശ്വരം പട്ടണത്തിൽ വന്നതുമുതൽ വലിയ ആക്ഷേപമാണ്. ഞാൻ അദ്ദേഹവുമായി ഒരു ഫുട്ബോൾ ടൂർണമെന്റ് നടത്തുന്ന കാര്യം സംസാരിച്ച

പ്പോൾ വളരെ മോശമായ രീതിയിലാണ് എന്നോട് പെരുമാറിയത്. പോലീസിലെ ഒരു ക്രിമിനലാണ് അയാൾ. തികഞ്ഞ ഒരു ഗുണ്ടയെപ്പോലെയാണ് അദ്ദേഹം പെരുമാറുന്നത്. പോലീസിൽ വച്ചിരിക്കാൻ പറ്റില്ല. പോലീസിൽ വച്ചിരുന്നാൽ നിങ്ങൾക്കും പോലീസ് ഡിപ്പാർട്ടുമെന്റിനും അപമാനമാണ്. അടിയന്തരമായി അദ്ദേഹത്തെ പോലീസിൽ നിന്നും പിരിച്ചുവിടണം. അദ്ദേഹത്തെ സസ്പെന്റ് ചെയ്തുവെന്നാണ് പറയുന്നത്. ആളുകൾക്ക് വിശ്വാസമില്ല. അദ്ദേഹത്തെ രക്ഷിക്കാൻ വേണ്ടി ചെയ്തുവെന്നാണ് പറയുന്നത്. അന്ന് എം.പി.-യും ഞങ്ങളുടെ പാർട്ടിയുടെ ജില്ലാ സെക്രട്ടറിയും അവിടെ എത്തിയില്ലായിരുന്നുവെങ്കിൽ ആ പോലീസ് സ്റ്റേഷൻ കത്തിക്കുമായിരുന്നു. നാടിന്റെ നാനാഭാഗത്തുനിന്നും ആയിരക്കണക്കിനാളുകളാണ് രാത്രി 12.00 മണി വരെ അവിടെയെത്തിയത്. വളരെ പാടുപെട്ടാണ് എം.പി. അവരെയെല്ലാം തിരിച്ചയച്ചത്. അതുകൊണ്ട് ഇതുസംബന്ധിച്ച് വളരെ ഗൗരവമായ അന്വേഷണം നടത്തണം. മരണപ്പെട്ട സതീശന്റെ കുടുംബത്തെ സഹായിക്കണം. അവരുടെ വീടിന്റെ പണി പാതിവഴിയിലാണ്. കടമെടുത്തിരിക്കുകയാണ്. എങ്ങനെ ആ വീട് കെട്ടും? കെട്ടിക്കാറായ രണ്ടോ മൂന്നോ പെണ്ണന്മാരുണ്ട്. പ്രായമായ അച്ഛനും അമ്മയുമുണ്ട്. എങ്ങനെ ആ കുടുംബം പുലരും? ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നും മനുഷ്യത്വപരമായ സമീപനം ഉണ്ടാകണം. അവർക്ക് ജീവിക്കാനാവശ്യമായ പണം കൊടുക്കണം. ഈ പോലീസ് ഉദ്യോഗസ്ഥനെ മാതൃകാപരമായി ശിക്ഷിക്കാൻ ആവശ്യമായ നടപടിയെടുക്കണം. ഡിപ്പാർട്ടുമെന്റിൽ നിന്നും പിരിച്ചുവിടാൻ വേണ്ടി തയ്യാറാകണം. അതാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 30–1–2014 രാത്രി 7 മണിയോടെ ചിറപ്പുറം പഴയ ദിനേശ് ബീഡി കമ്പനിക്കടുത്ത് ഒരു പഴയ കെട്ടിടത്തിന്റെ വരാന്തയിൽ ശശിധരൻ, കൂട്ടുകാരായ ഗണേശൻ, സജിത്ത് എന്നിവർ പരസ്യമായി മദ്യപിക്കുകയുണ്ടായി. ഇതിൽ സജിത്ത് നടക്കാനാകാതെ വരാന്തയിൽത്തന്നെ കിടക്കുകയും ഗണേശനും ശശിധരനും മാറിനിന്ന് സംസാരിച്ചുകൊണ്ട് നിൽക്കുകയുമായിരുന്നു. ഈ സമയം നീലേശ്വരം പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ ചിറപ്പുറം ഭാഗത്ത് പട്രോളിംഗ് നടത്തിവരവെ പോലീസ് വാഹനം നിർത്തിയ സമയം രണ്ടുപേർ സ്ഥലത്തുനിന്നും ഓടിമറഞ്ഞു. കെട്ടിടത്തിന്റെ വരാന്തയിൽ കിടന്ന ആളിന്റെ അടുത്തുചെന്ന് നോക്കിയപ്പോൾ മദ്യപിച്ച് ലക്കുകെട്ട് കിടക്കുകയാണെന്ന് തോന്നിയതിനാൽ മറ്റു പ്രശ്നങ്ങളൊന്നുംതന്നെയില്ലെന്ന അനുമാനത്തിൽ ഇയാളെ ആ സ്ഥലത്തുതന്നെ കിടക്കാനനുവദിച്ച് എസ്.ഐ.-യും പാർട്ടിയും പട്രോളിംഗ് തുടർന്നു. പോലീസ് പാർട്ടി ആലിൻകീഴ് ജംഗ്ഷനിൽ എത്തി വാഹനപരിശോധന നടത്തുന്ന സമയം ആരോ കിണറ്റിൽ വീണുവെന്ന വിവരം നാട്ടുകാർ പറഞ്ഞറിഞ്ഞ ഉടൻ പോലീസ് പാർട്ടി ചിറപ്പുറത്തെത്തി. അന്വേഷണത്തിൽ നേരത്തെ പോലീസ് പാർട്ടിയെക്കണ്ട് ഓടിമറഞ്ഞ രണ്ടുപേരാണ് സമീപത്തുള്ള ആൾമറയില്ലാത്തതും വെള്ളമില്ലാത്തതുമായ കിണറ്റിൽ വീണതെന്ന് അറിയാൻ കഴിഞ്ഞു. ഉടൻ ഫയർ ഫോഴ്സിന്റെ സഹായത്തോടെ ഈ രണ്ടു പേരെയും പുറത്തെടുത്ത് പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചു. ഡ്യൂട്ടി ഡോക്ടർ പരിശോധിച്ചപ്പോൾ ശശിധരൻ മരണപ്പെട്ടുവെന്ന് സ്ഥിരീകരിച്ചു. ഒപ്പം കിണറ്റിൽ വീണ ഗണേശൻ എന്നയാൾക്ക് നിസ്സാരപരി

ക്കേറ്റതായും അറിയാൻ കഴിഞ്ഞു. മരണപ്പെട്ട ശശിധരന്റെ ബന്ധു സേതുമാധവൻ എന്നയാളുടെ മൊഴിയിൽ നീലേശ്വരം പോലീസ് ക്രൈം 104/14 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും തുടർന്ന് പോലീസ് ഇൻക്വസ്റ്റ് നടത്തി പോസ്റ്റ്മാർട്ടത്തിനുശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുകൊടുത്തിട്ടുള്ളതുമാണ്. മേൽ സംഭവത്തെത്തുടർന്ന് പോലീസ് വിരട്ടി ഓടിച്ചതിനാലാണ് ശശിധരൻ കിണറ്റിൽ വീണ് മരണപ്പെട്ടതെന്ന് ആരോപിച്ച് ആയിരത്തോളം സി.പി.ഐ.(എം) പ്രവർത്തകർ ജില്ലാ സെക്രട്ടറി ശ്രീ. സതീശ് ചന്ദ്രന്റെയും ശ്രീ. പി. കരുണാകരൻ, എം.പി.-യുടെയും നേതൃത്വത്തിൽ 30-1-2014 തീയതി രാത്രി 9 മണി മുതൽ 10.15 വരെ നീലേശ്വരം പോലീസ് സ്റ്റേഷൻ ഉപരോധിക്കുകയും എസ്.ഐ.-യെ സസ്പെന്റ് ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്ത് പിരിഞ്ഞുപോയി. ബഹുമാനപ്പെട്ട എം.പി. കരുണാകരനുമായി ഞാൻ ഫോണിൽ മൂന്നുനാലു തവണ സംസാരിച്ചതാണ്. ട്രെയിനിൽ സഞ്ചരിക്കുമ്പോൾ ശ്രീ. രാജേഷ്, എം.എൽ.എ. എന്നോട് ഇക്കാര്യം സംസാരിച്ചിരുന്നു. ഈ കാര്യത്തിൽ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വളരെ തുറന്ന സമീപനമാണ് സ്വീകരിച്ചത്. പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായതായി പ്രാഥമികമായി ഞാൻ അന്വേഷിച്ചതിൽ നിന്നും വെളിവായതിന്റെ അടിസ്ഥാനത്തിൽ നീലേശ്വരം സബ് ഇൻസ്പെക്ടറെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയാണുണ്ടായത്. നീലേശ്വരം സർക്കിൾ ഇൻസ്പെക്ടർ ഈ കേസ്സിന്റെ അന്വേഷണം നടത്തിവരികയാണ്.

**വാഹനങ്ങൾ തീവെച്ച് നശിപ്പിക്കൽ**

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ഈ സഭയിലെ മുൻഅംഗവും മുസ്ലീംലീഗിന്റെ നേതാവുമായിരുന്ന പരേതനായ എ. വി. അബ്ദുറഹിമാൻ ഹാജി സ്ഥാപിച്ച സലഫിയ അസോസിയേഷന്റെ നേതൃത്വത്തിലുള്ള സ്കൂളുകളും കോളേജുകളും മേപ്പയൂർ, തുറയൂർ പഞ്ചായത്തുകളിലായുണ്ട്. കഴിഞ്ഞ 2–ാം തീയതി, ഞായറാഴ്ച രാത്രി ഏകദേശം 11.40–നും 12 മണിക്കും ഇടയിൽ മേപ്പയൂർ പോലീസ് സ്റ്റേഷനടുത്തുള്ള സലഫിയ സ്ഥാപനത്തിൽ നിർത്തിയിട്ടിരുന്ന മൂന്ന് ബസ്സും ഒരു ജീപ്പും തീവച്ച് നശിപ്പിക്കപ്പെട്ടു. എന്താണ് ഇതിനുള്ള കാരണമെന്ന് അറിയില്ല. എ.വി. അബ്ദുറഹിമാൻ ഹാജിയുടെ മകനും ഇപ്പോഴുള്ള സർവ്വീസ് സ്ഥാപനങ്ങളുടെ പ്രസിഡന്റു മായ എ.വി. അബ്ദുള്ള എനിക്കയച്ച ഫാക്സ് സന്ദേശത്തിൽ അവിടെയൊരു സമരം നടക്കുന്നുണ്ടായിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ഭരണകക്ഷിയിൽപ്പെട്ട മുസ്ലീംലീഗിന്റെ യൂത്ത് ലീഗിന്റെ നേതൃത്വത്തിലുള്ള സമരം അവിടെ നടക്കു ന്നുണ്ടായിരുന്നു. അതല്ലാതെ വേറെ കാരണങ്ങളൊന്നുമില്ല. ഇതൊരു തുടർസംഭവമായി കോഴിക്കോട് ജില്ലയിൽ പല സ്ഥലങ്ങളിലും നടക്കുകയാ ണ്. ഏതാനും ആഴ്ചകൾക്കുമുമ്പ് വടക്കുംപാടം ഹയർ സെക്കന്ററി സ്കൂളിലെ കമ്പ്യൂട്ടർ റൂം തീ വച്ചു. അവിടെയുള്ള ഗവൺമെന്റ് സ്കൂളിന്റെ ഓഫീസ് റൂമിന് തീ വച്ചു. ഇതിലൊന്നുംതന്നെ പ്രതികളെ പിടിക്കാൻ സാധി ക്കുന്നില്ല. ചില പ്രത്യേകതരം ആളുകൾ ഇതുപോലെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അക്രമം നടത്തുകയാണ്. ഭരണകക്ഷിയിൽപ്പെട്ട പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ പ്രിയങ്കരരായ നേതാക്കൻമാർ നടത്തിക്കൊണ്ടിരി ക്കുന്ന സ്ഥാപനത്തിൽപ്പോലും ഇത്തരം സംഭവങ്ങളുണ്ടായിട്ടും നടപടി എടു ക്കാൻ സാധിച്ചിട്ടില്ല. അതിന് കാരണം ഇതുപോലെയുള്ള കാര്യങ്ങൾ

ചെയ്താലും രക്ഷപ്പെട്ടുപോകാൻ സാധിക്കുന്ന സാഹചര്യം കഴിഞ്ഞ കുറെ ക്കാലമായി കേരളത്തിൽ ഒരുക്കി നിർത്തിയിരിക്കുന്നതാണ്. ചിലരുടെ പിന്തുണയുണ്ടെങ്കിൽ എന്തു തെമ്മാടിത്തവും ചെയ്യാൻ കഴിയുന്ന രൂപത്തിലെത്തിയിരിക്കുന്നു. അതുകൊണ്ട് എനിക്ക് പറയാനുള്ളത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങൾ കത്തിച്ച, ഗവൺമെന്റ് സ്കൂളിന്റെ കെട്ടിടങ്ങൾ നശിപ്പിച്ച, കമ്പ്യൂട്ടർ റൂം തകർത്ത ആളുകളെ കണ്ടുപിടിക്കാൻ വേണ്ടി ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കണം എന്നാണ്. വടക്കുംപാടം ഗവൺമെന്റ് സ്കൂളിന്റെ കാര്യത്തിൽ ഞാൻ എസ്.പി.-യെ കണ്ട് ഇക്കാര്യത്തെക്കുറിച്ച് അന്വേഷിച്ചുവെങ്കിലും ആരെയും കണ്ടെത്താൻ സാധിച്ചില്ലെന്ന് എസ്.പി. പറഞ്ഞു. ഈ പ്രപഞ്ചത്തിലുള്ള ആരെയും കണ്ടെത്താൻ സാധിക്കുന്ന സംവിധാനമുണ്ടെന്ന് അവകാശപ്പെടുന്നവരും ആ തരത്തിൽ അന്വേഷണം നടത്താൻ തയ്യാറാകുന്ന ഒരു സംവിധാനമുണ്ടെന്ന് അഭിമാനിക്കുന്നവരുമാണല്ലോ നിങ്ങൾ. അതുകൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നടക്കുന്ന അതിക്രമങ്ങൾ കണ്ടുപിടിക്കാനും കുറ്റവാളികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരാനും നടപടികളെടുക്കാൻ തയ്യാറാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കോഴിക്കോട് ജില്ലയിൽ മേപ്പയൂർ ഇളമ്പിലാട് യു.പി. സ്കൂളിനു സമീപം പ്രവർത്തിക്കുന്ന സലഫിയ അസോസിയേഷൻ വക സലഫി കോളേജ് ക്യാമ്പസിൽ ഓഫീസ് ബ്ലോക്കിന് സമീപത്തായി പാർക്കിംഗ് ഷെഡ്ഡിൽ നിർത്തിയിരുന്ന കെ. എൽ 18 ബി 2680, കെ. എൽ. 18 ബി 4798, കെ.എൽ. 11 ക്യൂ 1577 എന്നീ നമ്പരുകളിലുള്ള മൂന്ന് ബസ്സുകളും കെ.എൽ. 56 ബി 4440 നമ്പർ ജീപ്പും 2-2-2014 തീയതി രാത്രി 11.50-നും 12 മണിക്കും

ഇടയ്ക്കുള്ള സമയം കത്തിനശിച്ചു. സലഫിയ കോളേജ് സെക്രട്ടറി വിവരം അറിയിച്ചതിനെത്തുടർന്ന് മേപ്പയൂർ പോലീസ് സബ്ഇൻസ്പെക്ടറും പാർട്ടിയും ഫയർഫോഴ്സും സ്ഥലത്തെത്തി ഫലപ്രദമായി പ്രവർത്തിച്ച് കെട്ടിടത്തിന് തീ പടരാതെയും കൂടുതൽ നാശനഷ്ടങ്ങളുണ്ടാകാതെയും തീ അണച്ചു. സംഭവത്തിൽ 36 ലക്ഷം രൂപയുടെ നഷ്ടമുണ്ടായതായി അറിയുന്നു. ആയതിന് സലഫിയ കോളേജ് സെക്രട്ടറി എ.വി. അബ്ദുള്ള യുടെ പരാതിപ്രകാരം ഐ.പി.സി. 435 വകുപ്പുപ്രകാരം ക്രൈം 42/14 നമ്പരായി മേപ്പയൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. ഈ കേസ് മേപ്പയൂർ സബ് ഇൻസ്പെക്ടർ ഊർജ്ജിതമായി അന്വേഷിച്ചു വരികയാണ്. ചില വിദ്യാർത്ഥികളും മാനേജ്മെന്റുമായി തർക്കങ്ങൾ നടന്നു വരികയും തുടർന്ന് സമരങ്ങളും ഭീഷണിയും ഉണ്ടായ സാഹചര്യത്തിൽ സലഫിയ മാനേജ്മെന്റിന്റെ സ്ഥാപനങ്ങൾക്ക് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്നും റിട്ട് പെറ്റീഷൻ സി. നമ്പർ 2847/2014 ഇ പ്രകാരം 29-1-2014-ൽ പ്രൊട്ടക്ഷൻ ഉത്തരവ് നേടിയെടുക്കുകയുണ്ടായി. പേരാമ്പ്ര യിലെ വടക്കുംപാടം സ്കൂളിലെ തീവയ്പ്പുമായി ബന്ധപ്പെട്ട് രണ്ട് സംഭവ ങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 15-12-2013 തീയതി വടക്കുംപാടം ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടത്തിൽ സ്കൂളിലെ ക്ലസ്റ്റർ റിസോഴ്സ് സെന്ററിൽ 25 ഫൈബർ കസേരകൾ സൂക്ഷിച്ച മുറിയിൽ ഏതോ സാമൂഹ്യദ്രോഹികൾ തീയിട്ടു നശിപ്പിച്ചതിന് സ്കൂൾ ഹെഡ്മാസ്റ്ററുടെ പരാതിയിൽ പേരാമ്പ്ര പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 435, പി.ഡി.പി.പി. ആക്ട് 4 എന്നീ വകു പ്പുകൾ പ്രകാരം ക്രൈം 1179/13 ആയി കേസ് രജിസ്റ്റർ ചെയ്ത് പേരാമ്പ്ര സബ് ഇൻസ്പെക്ടർ കേസ് അന്വേഷിച്ചുവരികയാണ്. സമാനമായ രീതി

യിൽ 7–12–2013 തീയതി വടക്കുംപാടം ഹയർസെക്കന്ററി സ്കൂൾ ക്ലാസ് മുറിയിൽ കുട്ടികൾ എഴുതി ഉപേക്ഷിച്ച ചാർട്ടുകളും മറ്റും കത്തിനശിച്ചതിന് സ്കൂൾ അധികാരികളിൽനിന്ന് പരാതി ലഭിച്ചിരുന്നു. പ്രസ്തുത പരാതിയെപ്പറ്റി പോലീസ് സ്ഥലത്തുചെന്ന് അന്വേഷണം നടത്തിയതിൽ ഈ സംഭവത്തിൽ കുട്ടികൾ എഴുതി ഉപേക്ഷിച്ച ചാർട്ടുകൾ മാത്രമാണ് കത്തി നശിച്ചതെന്ന് വ്യക്തമായി. സ്കൂളിലെ കുട്ടികളിൽ ചിലർ മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നതായി സ്കൂൾ അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടതിനാൽ ആയത് തടഞ്ഞ വിദ്വേഷത്തിൽ ഏതോ വിദ്യാർത്ഥികൾ ചെയ്തതാകാമെന്ന് പറയുന്നെങ്കിലും വ്യക്തമായ തെളിവുകളൊന്നും ഇക്കാര്യത്തിൽ ലഭിക്കാത്തതിനാൽ പ്രസ്തുത കാര്യത്തിന് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. മേൽപ്പറഞ്ഞ രണ്ടു സംഭവങ്ങളിലും പ്രതികളെ ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ല. പോലീസ് ഊർജ്ജസ്വലമായ അന്വേഷണം നടത്തിവരികയാണ്.

മി. ചെയർമാൻ : ബഹുമാനപ്പെട്ട മന്ത്രിയുടെ അഭ്യർത്ഥന മാനിച്ച് ശ്രീ. എ. എം. ആരിഫിന് നേരത്തെ സബ്മിഷൻ അവതരിപ്പിക്കാവുന്നതാണ്.

**സി.എച്ച്.സി.–യിൽ ജീവനക്കാരെ നിയമിക്കേണ്ടതിന്റെ ആവശ്യകത**

ശ്രീ. എ. എം. ആരിഫ് : സർ, ഈ വിഷയം ഇതിനുമുമ്പും ഞാൻ സഭയിൽ ഉന്നയിച്ചിരുന്നതാണ്. അരൂർ നിയോജകമണ്ഡലത്തിലെ അരൂക്കുറ്റി, തൈക്കാട്ടുശ്ശേരി സി.എച്ച്.സി.–കളിൽ സ്റ്റാഫ് സ്ട്രെങ്ത് ഇല്ലാത്തതുകൊണ്ട് അവിടെവരുന്ന രോഗികളും ജനങ്ങളും അഭിമുഖീകരിക്കുന്ന പ്രയാസത്തെ സംബന്ധിച്ചാണ് ഈ സബ്മിഷനിലൂടെ വ്യക്തമാക്കുന്നത്. പി.എച്ച്.സി.–കളെ സി.എച്ച്.സി.–കളായി ഉയർത്തുക എന്നു പറഞ്ഞാൽ അതിന്റെ നിലവാരം അത്തരത്തിൽ ഉയർത്തേണ്ടതാണെന്നു കഴിഞ്ഞ

ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു. പക്ഷേ, അതിനനുസരിച്ചുള്ള സ്റ്റാഫിനെ നിയമിക്കാനുള്ള നടപടികളൊന്നും പൂർത്തിയായിട്ടില്ല. ഇതിനുമുമ്പും ഇങ്ങനെയാണ് സംഭവിച്ചിട്ടുള്ളത്. പറവൂർ പി.എച്ച്.സി. 1990-ലാണ് സി.എച്ച്. സി.-യായി പ്രഖ്യാപിച്ചതെങ്കിലും 10-30 കൊല്ലത്തെ ഗ്യാപ് കഴിഞ്ഞപ്പോൾ, 2010-ലാണ് സ്റ്റാഫിനെ അനുവദിച്ചത്. ഇങ്ങനെ മാറിമാറി വരുന്ന ഗവൺ മെന്റുകളെല്ലാം ഇതുപോലെ നിലവാരം ഉയർത്തുന്നതായി പ്രഖ്യാപി ക്കുമെങ്കിലും പേരുമാറ്റുന്നത് മാത്രമാണ് നടക്കുന്നത്. എന്നാൽ, അതിനനുസ രിച്ചുള്ള നിയമനങ്ങൾ നടക്കുന്നില്ല. തുറവൂർ തൈക്കാട്ടുശ്ശേരി ആശുപത്രിയി ലാണെങ്കിൽ ധാരാളം ഐ.പി. ഉൾപ്പെടെ പ്രവർത്തിക്കുന്നതാണ്. പക്ഷേ, രോഗികളെ നോക്കാൻ ഡോക്ടർമാരില്ല. അരൂക്കുറ്റി ആശുപത്രിയിൽ ആസ്തി വികസന ഫണ്ടുപയോഗിച്ചാണ് പുതിയ ഐ.പി കെട്ടിടങ്ങളുടെയും മറ്റുകാര്യങ്ങളുടെയും നിർമ്മാണം ആരംഭിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച് ഞാൻ നൽകിയ അപേക്ഷയിന്മേൽ പ്ലാനിംഗിന്റെ ബി1-90-198/2013 ഡി.എച്ച്. എസ്.-ൽ നിന്നും അതുസംബന്ധിച്ച് 17379/എം.2/2013, 17/381/എം.2-2013 എന്നീ നമ്പരുകളിലുള്ള ശുപാർശ ആരോഗ്യവകുപ്പിൽ എത്തിയിട്ടുണ്ട്. പക്ഷേ, ധനകാര്യവകുപ്പിലേക്ക് കൈമാറുക എന്നുള്ളതാണ് പ്രശ്നം. ധന കാര്യ വകുപ്പ് ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് എങ്ങുംതന്നെ പോസ്റ്റ് ക്രിയേഷൻ നടത്തുന്നില്ല. പാലായിലും ഹരിപ്പാടുമുള്ള ഒന്നുരണ്ട് ആശുപത്രികളിൽ മാത്രമാണ് പോസ്റ്റ് ക്രിയേഷൻ നടത്തിയിട്ടുള്ളത്. അതു കൊണ്ട് എത്രയും പെട്ടെന്ന് പോസ്റ്റ് ക്രിയേഷൻ നടത്തുകയും ആശുപത്രിക ളിൽ ഡോക്ടർമാരേയും മറ്റ് സ്റ്റാഫിനെയും നിയമിക്കാനുള്ള നടപടി വളരെ

വേഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി ധനകാര്യവകുപ്പിൽ സമ്മർദ്ദം ചെലുത്തി വാങ്ങാനുള്ള നടപടി സ്വീകരിക്കണം.

മി. ചെയർമാൻ : ഇത് പല മണ്ഡലങ്ങളിലുമുള്ള പ്രശ്നമാണ്.

ആരോഗ്യവും, കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, അരൂർ നിയോജക മണ്ഡലത്തിലെ അരൂക്കുറ്റി പ്രാഥമിക ആരോഗ്യകേന്ദ്രത്തെ 6–11–2008–ലാണ് സി.എച്ച്.സി. ആയി ഉയർത്തിയത്. ഇവിടെ ഒരു സിവിൽ സർജനും മൂന്ന് അസിസ്റ്റന്റ് സർജനും ഉൾപ്പെടെ 16 തസ്തികകൾ നിലവിലുണ്ട്. കിടത്തി ചികിത്സാ വിഭാഗത്തിന് 28 കിടക്കകൾ അനുവദിച്ചിട്ടുണ്ടെങ്കിലും ചികിത്സാ സൗകര്യം പരിമിതമായി മാത്രമേ നൽകിവരുന്നുള്ളൂ. ഐ.പി. കെട്ടിടവും ഡോക്ടർമാരുമുള്ള ക്വാർട്ടേഴ്സും നിർമ്മിച്ചാൽമാത്രമേ സി.എച്ച്.സി. നിലവാരത്തിലുള്ള കിടത്തി ചികിത്സ പൂർണ്ണമായ തോതിൽ നൽകാൻ കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട എം.എൽ.എ.–യുടെ ആസ്തി വികസനഫണ്ടിൽ നിന്നും അതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പറഞ്ഞു. അതിനനുസരിച്ചുള്ള ഈ കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുമ്പോൾ പൂർണ്ണമായ തോതിൽ ഇവിടെ അധിക തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. അതോടൊപ്പം തൈക്കാട്ടുശ്ശേരി പി.എച്ച്.സി.–യെ 6–11–2008–ലാണ് സി.എച്ച്.സി. ആയി ഉയർത്തിയത്. ഇവിടെ നാലു ഡോക്ടർമാർ ഉൾപ്പെടെ 28 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഈ സി.എച്ച്.സി.–യിലും അധിക തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിലാണ് വളരെയധികം

ആശുപത്രികൾ പോസ്റ്റ് ക്രിയേഷൻ നടത്താതെ പ്രഖ്യാപനം മാത്രം നടത്തിയത്. ഈ വിഷയം ഓരോരോ ഹോസ്പ്പിറ്റലുകളായി പരിശോധിച്ച് അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിച്ച് അതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പാലായിലും ഹരിപ്പാടും മാത്രമല്ല, നാലായിരം പോസ്റ്റ് ഈ ഗവൺമെന്റ് വന്നതിനുശേഷം ആശുപത്രികളിൽ ക്രിയേറ്റ് ചെയ്തിട്ടുണ്ട്. മോഡേൺ മെഡിസിനിലും ആയുർവേദയിലും ഹോമിയോപ്പതിയിലുമൊക്കെ പോസ്റ്റ് ക്രിയേറ്റ് ചെയ്തിട്ടുണ്ട്. അതിൽ മറ്റൊരു വേർതിരിവൊന്നുമില്ല. ഇതിന്റെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായാൽ ഇവിടെ പോസ്റ്റ് അനുവദിക്കുന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**<u>അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകൽ</u>**

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : സർ, അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടാത്ത അദ്ധ്യാപകരെ സംബന്ധിച്ചാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 2011 മാർച്ച് 31 വരെ സർവ്വീസിലുള്ളവരെ മുഴുവൻ ഉൾപ്പെടുത്തി ജോലിയിൽ സംരക്ഷണം നൽകി ഈ ഗവൺമെന്റ് ചരിത്ര പ്രസിദ്ധമായ അദ്ധ്യാപക പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ 2011 ഒക്ടോബർ ഒന്നാം തീയതി ഇറങ്ങിയ ഉത്തരവിൽ അതേ വർഷം മാർച്ച് 31 വരെ സർവ്വീസിലുള്ളവരെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ എന്നതിനാൽ 2011 ജൂൺ മുതൽ ഒക്ടോബർ വരെയുള്ള ഏതാണ്ട് അഞ്ചു മാസത്തെ കാലയളവിൽ നിയമിതരായ കുറച്ച് അദ്ധ്യാപകർ ഇപ്പോഴും അംഗീകാരം ഇല്ലാതെയും ശമ്പളമില്ലാതെയും ജോലി ചെയ്യുകയാണ്. 2013 നവംബർ 29-ന് പുതിയ ഉത്ത

രവ് ഇറങ്ങിയപ്പോൾ ഇവരെ ദിവസ വേതനക്കാരായി മാറ്റിയിട്ടുണ്ട്. ഈ പ്രശ്നം ഇവർക്ക് സാമ്പത്തികമായും സർവ്വീസ്പരമായും നഷ്ടമുണ്ടാക്കും. മറ്റ് ചില കാരണത്താൽ ഈ ഉത്തരവും മരവിപ്പിച്ചിട്ടുണ്ട്. അതേ സമയം അദ്ധ്യാപക ടെസ്റ്റിൽ നിന്ന് ഈ അഞ്ചു മാസത്തിനുള്ളിൽ നിയമിച്ചവരെ ഒഴി വാക്കിയിട്ടുമുണ്ട്. അതുകൊണ്ട് 2011 ഒക്ടോബറിൽ ഇറങ്ങിയ അദ്ധ്യാപക പാക്കേജിൽ ഉത്തരവിനുമുമ്പ് നിയമതിയരായവരും എന്നാൽ പാക്കേജിന്റെ ആനുകൂല്യങ്ങൾ ലഭിക്കാത്തവരുമായ അദ്ധ്യാപകരുടെ നിയമന തീയതി മുതൽതന്നെ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹുമാ നപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : സർ, 2006 മുതൽ സർക്കാർ ഏർപ്പെടുത്തിയ നിയമന നിരോധനവും നിയമന നിയന്ത്രണങ്ങളുംമൂലം അംഗീകാരമില്ലാതെയും വർഷങ്ങളോളം ശമ്പളമില്ലാ തെയും നിലനിന്ന അധിക തസ്തികകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപരുടെയും പ്രൊട്ടക്ഷൻ ആനുകൂല്യമില്ലാതെ തസ്തിക നഷ്ടം വന്ന് പുറത്താക്കപ്പെട്ട അദ്ധ്യാപകരുടെയും പ്രശ്നങ്ങൾ പരിഹരിച്ച് ശമ്പളവും ജോലിയും പുന: സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് അദ്ധ്യാപക പാക്കേജ് നില വിൽ വന്നത്. 2011-12 അദ്ധ്യയന വർഷത്തിൽ 1-6-2011 മുതൽ പുതുതായി പ്രതീക്ഷിത അധിക തസ്തികയിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർ ഈ കാറ്റഗറി യിൽ ഉൾപ്പെടുന്നില്ല. മാത്രമല്ല 2011-2012-ലെ തസ്തിക നിർണ്ണയം നടത്തു കയോ അധിക തസ്തികകളുടെ സാധ്യത നിർണ്ണയിക്കുകയോ ചെയ്തിട്ടുണ്ടാ യിരുന്നുമില്ല. മേൽപ്പറഞ്ഞ സാഹചര്യത്തിൽ 1-6-2011 മുതൽ പ്രതീക്ഷിത

അധിക തസ്തികകളിൽ നിയമിക്കപ്പെട്ട പുതിയ അദ്ധ്യാപകരെ അദ്ധ്യാപക പാക്കേജിന്റെ പരിധിയിൽ ഉൾപ്പെടാൻ അർഹതയുള്ളവരായി കണക്കാക്കുവാൻ സാധിക്കുകയില്ല. 2010–2011–ലെ അംഗീകൃത തസ്തിക നിർണ്ണയ ഉത്തരവ് തന്നെയാണ് 2011–12–ലും ബാധകമായിട്ടുള്ളത്. റിട്ടയർമെന്റ്, രാജി, മരണം, സ്ഥാനക്കയറ്റം എന്നിവ കാരണമുണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിന് തടസ്സമില്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ അത്തരം തസ്തികകളിൽ 1–6–2011 മുതൽ നിയമിതയരായവർക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 1–6–2011 മുതൽ അധിക ഡിവിഷൻ തസ്തികകൾ അർഹതയുള്ള സ്കൂളുകളിൽ അനുവദിക്കുന്നതും പ്രസ്തുത തസ്തികകളിൽ നിയമതിരായവർക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച കാര്യം സർക്കാർ പരിശോധിച്ചുവരികയുമാണ്. 29–11–2013–ലെ ജി.ഒ. (പി.) 313/13 പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പ്രകാരം ഇനി നടത്തുന്ന തസ്തിക നിർണ്ണയത്തിൽ തസ്തികകൾ ലഭ്യമാണെന്ന് കാണുന്നപക്ഷം 2013–14–ൽ നിയമനാംഗീകാരം നൽകുന്നതിന് തടസ്സങ്ങളില്ല. ഈ കാര്യം തസ്തിക നിർണ്ണയം നടന്നാൽമാത്രമേ നിശ്ചയിക്കാൻ കഴിയുകയുള്ളു. സർക്കാർ പുറപ്പെടുവിച്ച തസ്തിക നിർണ്ണയ ഉത്തരവ് നടപ്പിലാക്കുന്നതിന് കോടതി താല്ക്കാലിക വിലക്ക് ഏർപ്പെടുത്തിയിരിക്കുകയാണ്. കോടതി വിലക്ക് നീക്കിയാലുടൻ തസ്തിക നിർണ്ണയ ഉത്തരവ് നടപ്പിലാക്കുന്നതാണ്.

**സ്വകാര്യ ബസ്സുകളിൽ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ**

ശ്രീ. ലൂഡി ലൂയിസ് : സർ, സ്വകാര്യ ബസ്സുകളിൽ യാത്ര ചെയ്യുന്ന വിദ്യാർത്ഥികൾ അനുഭവിക്കുന്ന മാനസിക പീഡനത്തിനും ബുദ്ധിമുട്ടിനും

അവഗണനയ്ക്കുമെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. ഇന്ന് പല പ്രൈവറ്റ് ബസ് ജീവനക്കാരും വിദ്യാർത്ഥികളെ കാണുന്നത് രണ്ടാംതരം പൗരന്മാരായിട്ടാണ്. വിദ്യാർത്ഥികൾ നിൽക്കുന്ന സ്റ്റോപ്പിൽ ബസ്സുകൾ നിർത്താറില്ല. ബസ് ജീവനക്കാർ വിമുഖത കാണിക്കുന്നതുമൂലം സമയത്തിന് വിദ്യാലയങ്ങളിൽ എത്തിച്ചേരാൻ കുട്ടികൾ പ്രയാസപ്പെടുകയാണ്. വിദ്യാർത്ഥികൾ ബസ്സിൽ കയറുന്നതിനുമുമ്പും ഇറങ്ങുന്നതിനും മുമ്പും അശ്രദ്ധമായി ബസ്സുകൾ എടുക്കുന്നതുമൂലം നിരവധി വിദ്യാർത്ഥികൾക്ക് ദാരുണമായ അപകടങ്ങൾ സംഭവിക്കാറുണ്ട്. വിദ്യാർത്ഥികൾക്ക് ബസ്സിൽ കയറിപ്പറ്റുവാൻ കഴിഞ്ഞാൽത്തന്നെ ഒഴിഞ്ഞു കിടക്കുന്ന സീറ്റുകൾ നോക്കി നിൽക്കേണ്ട ബുദ്ധിമുട്ടുള്ള സാഹചര്യമാണ് പലപ്പോഴും ഉണ്ടാകാറുള്ളത്. ബസ്സുകളിൽ സീറ്റുകൾ ഒഴിഞ്ഞു കിടന്നാൽപ്പോലും വിദ്യാർത്ഥികൾക്ക് ഇരിക്കുവാനുള്ള അവകാശമില്ല. ഇതുപോലുള്ള ഒട്ടനവധി ബുദ്ധിമുട്ടുകൾ ബസ്സുകളിൽ വിദ്യാർത്ഥികൾ മാത്രമല്ല വിദ്യാർത്ഥിനികളും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം നടപടികളെടുക്കുന്ന ബസ് ജീവക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുവാൻ തയ്യാറാവണം. സ്വകാര്യ ബസ്സുകളിൽ വിദ്യാർത്ഥികൾക്കുകൂടി യാത്ര ചെയ്യുവാനുള്ള അവകാശമുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ട് ഇത്തരം ജീവനക്കാർക്കെതിരായി ശക്തമായ നടപടികൾ സ്വീകരിക്കുവാൻ വേണ്ടിയുള്ള തീരുമാനം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി( ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീ. ലൂഡി ലൂയിസ്

ഇവിടെ പറഞ്ഞ കാര്യം ഏറെക്കുറെ ശരിയാണ്. പല ഭാഗത്തുനിന്നും ഇതുപോലുള്ള പരാതികൾ വരുന്നുണ്ട്. അതുകൊണ്ട് ജില്ലാതല സ്റ്റുഡന്റ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റിയുടെ യോഗം ഒരു അക്കാദമിക് ഇയറിൽ രണ്ടു പ്രാവശ്യമെങ്കിലും കൂടണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. കുട്ടികളുടെ യാത്രാ പ്രശ്നം സംബന്ധിച്ച് പരിഹാരം കാണുന്നതിന് നിർദ്ദേശിച്ചുകൊണ്ട് ജില്ലാ കളക്ടർമാർക്കും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നേരത്തെ നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതുപോലെതന്നെ വിദ്യാർത്ഥികളോട് അപമര്യാദയായി പെരുമാറുന്ന ബസ് ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പംതന്നെ വിദ്യാർത്ഥികൾക്ക് പ്രൈവറ്റ്, കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ എന്തെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവപ്പെടുകയാണെങ്കിൽ അവർ പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവികൾവഴി പരാതി ബന്ധപ്പെട്ട റീജിയണൽ ജോയിന്റ് ട്രാൻസ്പോർട്ട് ഓഫീസർക്ക് നൽകാവുന്നതാണ്. അതോടൊപ്പം ബസ് ജീവനക്കാരിൽനിന്നും ഏതെങ്കിലും തരത്തിലുള്ള വിവേചനം നേരിടേണ്ടി വരികയാണെങ്കിൽ വിദ്യാർത്ഥികൾക്ക് ബസ്സിന്റെ പേര്, നമ്പർ, റൂട്ട് എന്നിവ വ്യക്തമാക്കി റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്കോ ഗതാഗത കമ്മീഷണർക്കോ സർക്കാരുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവി മുഖാന്തിരം പരാതി സമർപ്പിക്കാൻ സാധിക്കുന്നതാണ്. ഇതുസംബന്ധിച്ച് സർക്കാർ 25–05–2012 –ൽ ഒരു വാർത്താക്കുറിപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന വകുപ്പിൽ കിട്ടുന്ന പരാതികളുടെമേൽ ഉചിതമായ നടപടി

സ്വീകരിക്കുന്നതാണ്. ഇതുമാത്രമല്ല മറ്റേതെങ്കിലും പരാതിയുണ്ടെങ്കിൽ ആ പരാതി സമർപ്പിച്ചാൽ നിശ്ചയമായിട്ടും നടപടിയുണ്ടാകും.

**കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ ബാദ്ധ്യത**

ശ്രീ. കെ. അജിത്: സർ, കേരളത്തിലെ എല്ലാ ജനങ്ങളും ആഗ്രഹിക്കുന്നതും എന്നാൽ ഗവൺമെന്റ് ആഗ്രഹിക്കാത്തതുമായ ഒരു വിഷയമാണ് സബ്മിഷനായി ഞാൻ ഉന്നയിക്കുന്നത്. കേരളത്തിലെ കെ.എസ്.ആർ.ടി.സി.-യിലെ ഏതാണ്ട് മുപ്പത്തിയെണ്ണായിരത്തോളം പെൻഷൻകാർക്ക് കഴിഞ്ഞ രണ്ടുമാസക്കാലമായി പകുതി പെൻഷനെ കിട്ടുന്നുള്ളൂ. എല്ലാ മാസവും അഞ്ചാം തീയതി പെൻഷൻ കിട്ടിക്കൊണ്ടിരുന്നത് 10-ാം തീയതിയാവുകയും പിന്നീട് അത് 15-ാം തീയതിയും 20-ാം തീയതിയും ആകുകയും പിന്നീട് മാസാവസാനമാവുകയും പെൻഷൻ തുക ഇപ്പോൾ പകുതിയായി കുറയുകയും ചെയ്തു. അവർ വലിയ ആശങ്കയിലാണ്. അവരുടെ പെൻഷൻ ഗവൺമെന്റ് ഏറ്റെടുക്കണമെന്നതാണ് ആവശ്യം. ഇവിടെ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ എല്ലാ എം.എൽ.എ-മാരും ഒറ്റക്കെട്ടായി ഈ വിഷയം ഉന്നയിക്കുകയുണ്ടായി. വളരെ നഷ്ടത്തിലാണ് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതെങ്കിലും പതിനാലോളം യാത്രാ സൗജന്യങ്ങൾ അവർ കൊടുക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നട്ടെല്ല് ഈ പെൻഷൻകാരാണ്. 2020-ഓടുകൂടി പെൻഷൻകാരും ജീവനക്കാരും തുല്യ അനുപാതത്തിൽ വരുമ്പോൾ വലിയ അപകടത്തിലേയ്ക്ക് പോകും. സർക്കാർ അടിയന്തരമായി പെൻഷൻ ബാദ്ധ്യത ഏറ്റെടുത്തുകൊണ്ട് ആ പ്രസ്ഥാനത്തെ രക്ഷപ്പെടുത്തുകയും അതിനെ നിലനിർത്താൻ കഴിയുന്ന

നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീ. കെ. അജിത് പറഞ്ഞ പൊതുവികാരത്തോട് ഞാനും യോജിക്കുന്നു. 1965-ൽ ആരംഭിച്ച കെ.എസ്.ആർ.ടി.സി.-യിൽ പിന്നീട് പെൻഷൻ ആരംഭിച്ചു. 1984-ൽ ആണ് കെ.എസ്.ആർ.ടി.സി-യിൽ പെൻഷൻ നൽകുവാനുള്ള തീരുമാനമു ണ്ടായത്. അതുവരെ കെ.എസ്.ആർ.ടി.സി-യിൽ പെൻഷൻ കിട്ടുന്നവർ, പെൻഷൻ കിട്ടാത്തവർ എന്നിങ്ങനെ രണ്ടുവിഭാഗം ജീവനക്കാരുണ്ടായിരുന്നു. പെൻഷൻ ലഭിക്കാത്ത ജീവനക്കാർക്ക് അധിക ശമ്പളവുമുണ്ടായിരുന്നു. അതിനുശേഷം പെൻഷൻ കൊടുക്കുന്നതിനുവേണ്ടി ഒരു തീരുമാനമുണ്ടായി. ആ തീരുമാനം പിന്നീട് ഒരു സ്റ്റാറ്റ്യൂട്ടറി പെൻഷനായി മാറ്റാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല പെൻഷൻ കൊടുക്കാൻ തീരുമാനിച്ച സന്ദർഭത്തിൽ അതിന്റെ പാക്കേജ് നിർണ്ണയിക്കുവാനും കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് അതതുസമയ ത്തുള്ള വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പെൻഷൻ കൊടുത്തു കൊണ്ടിരുന്നത്. ഇപ്പോൾ 37 കോടി രൂപയോളം ഒരു മാസത്തെ പെൻഷൻ കൊടുക്കുന്നതിനുവേണം. മൊത്തം പെൻഷൻ വാങ്ങുന്നത് 37000 ആളുകളാ ണ്. ഇനി കാലാകാലമായി 30000 ആളുകൾകൂടി വരുമെന്നാണ് പ്രതീ ക്ഷിക്കുന്നത്. എല്ലാംകൂടി വരുമ്പോൾ വലിയൊരു തുക ആവശ്യമായി വരി കയാണ്. ഇപ്പോൾ 37 കോടിരൂപ ഒരുമാസം പെൻഷനായി കൊടുക്കുമ്പോൾ, നേരത്തെ പെൻഷൻ കൊടുക്കുന്നതിനുവേണ്ടി നമ്മൾ വായ്പയെടുത്ത ഇനത്തിലുള്ള പലിശ അടക്കമുള്ള തിരിച്ചടവിനായി 42 കോടിരൂപ വേണ്ടിവ

രികയാണ്. അപ്പോൾ എല്ലാംകൂടി 79 കോടി രൂപയാണ് ഒരു മാസം ഇതിനായി വേണ്ടിവരുന്നത്. 93 കോടി രൂപയാണ് ഒരു മാസത്തെ വരവും ചെലവും തമ്മിലുള്ള വ്യത്യാസം. ആ 93 കോടി രൂപയുടെ ഗ്യാപ്പ് നികത്തുന്നതിന് കെ.എസ്.ആർ.ടി.സി-ക്ക് നിവൃത്തി ഇല്ലാതെ വരുന്നു എന്നുളളതാണ് ഇതിലെ പ്രധാനപ്പെട്ട കാര്യം. ഇവിടെ നേരത്തെയും ഈ ചർച്ച നടന്നതാണ്. ഈ സഭയുടെ പൊതുവികാരം പാവങ്ങളായ ആളുകൾക്ക് പെൻഷൻ കൊടുക്കണം, അതിനുവേണ്ടിയുള്ള മാർഗ്ഗങ്ങൾ കണ്ടെത്തണമെന്നതുതന്നെയാണ്. മാർഗ്ഗത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായം ഉണ്ടെന്നുള്ളതേയുളളൂ. കെ.എസ്.ആർ.ടി.സി-ക്ക് ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽനിന്നും പണമെടുക്കാനെ കഴിയൂ. കെ.റ്റി.ഡി.എഫ്.സി. സാമ്പത്തികമായി കെ.എസ്.ആർ.ടി.സി-യെ സപ്പോർട്ട് ചെയ്യുന്നതിനുവേണ്ടി രൂപീകരിച്ചതാണ്. ഇപ്പോൾ 1600 കോടിരൂപ കെ.റ്റി.ഡി.എഫ്.സി-ക്ക് കൊടുത്തുതീർക്കാനുണ്ട്. അപ്പോൾ അതിനപ്പുറത്തേയ്ക്ക് പോകാൻ കഴിയാത്ത സാഹചര്യം വന്നു. ഏതായാലും ശരി, പെൻഷൻ നമുക്ക് ശാശ്വതമായി കൊടുക്കണമെങ്കിൽ ഇതിനൊരു ഫുൾപ്രൂഫായിട്ടുള്ള ഒരു ക്രമീകരണം ഉണ്ടാകണം. ആ ക്രമീകരണമുണ്ടാകുന്നതിനുവേണ്ടി ഞങ്ങൾ ചില സംസാരങ്ങൾ നടത്തി. ഞാൻ എൽ.ഐ.സി.-യുമായി ബന്ധപ്പെട്ട ആളുകളുമായി സംസാരിച്ചു. പെൻഷൻ അവരെ ഏൽപ്പിക്കാൻ കഴിയുമോ എന്നുള്ളതാണ് നമ്മൾ നോക്കുന്നത്. എൽ.ഐ.സി. ഇങ്ങോട്ടൊരു പ്രൊപ്പോസൽ വച്ചു. ആ പ്രൊപ്പോസലിൽ, 500 കോടി രൂപ ഒരു വർഷം കൊടുക്കണം, പിന്നീട് വരുന്ന ഓരോ വർഷത്തിനും 480 കോടി രൂപവച്ച് കൊടുത്തുകൊണ്ടിരിക്കുക, 12 കൊല്ലക്കാലം കഴിയുമ്പോൾ എൽ.ഐ.സി. പരിപൂർണ്ണമായി ഈ

പെൻഷൻ ഏറ്റെടുക്കും. അങ്ങനെ പിന്നീടുണ്ടാകുമെന്ന് നമ്മൾ പ്രതീക്ഷിക്കുന്ന 67,000 ആളുകളുടേയും പെൻഷൻ ഒരു ബുദ്ധിമുട്ടും ഇല്ലാതെ കൊണ്ടുപോകുക എന്നുള്ളതാണ് ഒരു പ്രൊപ്പോസലായി ഉയർന്നുവരുന്നത്. അപ്പോൾ ആ പ്രൊപ്പോസലിനോട് നമുക്ക് പോസിറ്റീവായി പ്രതികരിക്കണമെങ്കിൽ ഒന്നാം വർഷത്തിൽത്തന്നെ 500 കോടി രൂപ, രണ്ടാം വർഷത്തിൽ 480 കോടി രൂപ, ഈ 480 കോടി രൂപയിൽ 120 കോടി രൂപ കെ.എസ്.ആർ. ടി.സി കണ്ടെത്താമെന്ന് ഏൽക്കുന്നുണ്ട്. അവശേഷിക്കുന്ന തുക ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കിട്ടുന്നതിനുവേണ്ടി പല ഡിപ്പാർട്ടുമെന്റുകളുമായും ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. വളരെ ഗൗരവതരമായിട്ടാണ് ഈ വിഷയം ഗവൺമെന്റ് കാണുന്നത്. പക്ഷെ സാധുക്കളായ പാവങ്ങളോട് ഈ ധനതത്വ ശാസ്ത്രം പറഞ്ഞിട്ട് കാര്യമുണ്ടോ; മാസാവസാനം പെൻഷൻ കിട്ടിയില്ലെങ്കിൽ അവർക്ക് മരുന്ന്, റേഷൻ തുടങ്ങിയവ വാങ്ങാൻ നിവൃത്തിയില്ലാതെ വരും. നമ്മൾ ഡീൽ ചെയ്യുന്ന ജനവിഭാഗം വളരെ പട്ടിണിയിൽ കഴിയുന്നവരാണ്. അതുകൊണ്ട് അവർക്ക് എങ്ങനെയെങ്കിലും പെൻഷൻ കൊടുക്കണം എന്ന് നിർബന്ധമുള്ളതുകൊണ്ട് ഗവൺമെന്റ് കയ്യിൽ കിട്ടിയ തുക, കഴിഞ്ഞ മാസം 8500 രൂപ വച്ചുകൊടുത്തു. ഈ മാസം കെ.എസ്. ആർ.ടി.സി-ക്ക് കടം വാങ്ങാവുന്നതിന്റെ പരമാവധി കടം വാങ്ങിച്ച് വീണ്ടും 8500 രൂപ കൊടുത്തു. അപ്പോൾ പെൻഷൻ 8500 രൂപയായി നിജപ്പെടുത്തുന്നു എന്ന തെറ്റായ ധാരണ ഉണ്ടായി. 8500 ആയി നിജപ്പെടുത്തുന്ന പ്രശ്നമേയില്ല. അവർക്ക് കൊടുക്കാനുള്ള മുഴുവൻ പെൻഷനും കൊടുത്തേ മതിയാകൂ എന്നതുതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. പക്ഷെ വായ്പ വാങ്ങിയിട്ട് ഇത്രയേ കിട്ടിയുള്ളൂ. കൂടുതൽ തുക കിട്ടിയിരുന്നുവെങ്കിൽ മുഴു

വൻ പെൻഷനും കൊടുക്കുമായിരുന്നു. ഒട്ടും കൊടുക്കാതിരിക്കുന്നത് കഷ്ട മല്ലേ എന്നുകരുതി 8500 രൂപവരെ പെൻഷൻ കിട്ടുന്ന ആളുകൾക്ക് ആ തുക കൊടുക്കുന്നതിനുവേണ്ടിയാണ് ഈ താൽക്കാലിക ക്രമീകരണം ചെയ്തത്. ബാക്കിയുള്ള തുക കൂടി കിട്ടുന്നതിനാണ് കെ.എസ്.ആർ.ടി.സി ശ്രമിച്ചു കൊണ്ടിരിക്കുന്നത്. പെൻഷൻ മുഴുവൻ പ്രൊട്ടക്ട് ചെയ്ത് പോകണം എന്നുള്ളതാണ് നമ്മുടെ സ്റ്റാന്റ്. പക്ഷെ അതിനുള്ള സാമ്പത്തിക ക്ലേശത്തെ ക്കുറിച്ച് ഞാൻ പറഞ്ഞത് ബഹുമാന്യനായ കെ. അജിത്തിനും ബോദ്ധ്യപ്പെട്ടിട്ടുണ്ടാകുമെന്ന് ഞാൻ കണക്കാക്കുകയാണ്. ഈ ഹൗസിന് മൊത്തത്തിൽ അത് ബോദ്ധ്യപ്പെടും. കാരണം ഇതുമായി ബന്ധപ്പെടാത്ത ആരും ഇവിടെ ഉണ്ടാകില്ല. 1965-മുതലിങ്ങോട്ടുള്ള കണക്കെടുത്ത് നോക്കിയാൽ, ആ കണക്കുമായി ബന്ധപ്പെടാത്ത ആരാണ് ഉള്ളത്; എല്ലാവരും ബന്ധപ്പെട്ടിട്ടുള്ളതാണ്. പക്ഷെ താത്ക്കാലികമായ കസ്റ്റോഡിയൻ ഞങ്ങളാണ്. അതിന്റെ ഉത്തരവാദപ്പെട്ട വകുപ്പുമന്ത്രി ഞാനാണ്. അതു കൊണ്ട് ഞാനതിന് ഉത്തരം പറഞ്ഞേ മതിയാകൂ. രണ്ടാഴ്ചകൊണ്ടുണ്ടാകുന്ന എല്ലാ ബാദ്ധ്യതകൾക്കും എനിക്ക് പൂർണ്ണമായ ഉത്തരവാദിത്തമുണ്ട്. അതു കൊണ്ട് ഇതിനാവശ്യമായ രൂപത്തിലുള്ള തുക കണ്ടെത്തുന്നതിനുവേണ്ടിയും എൽ.ഐ.സി.-യുമായുള്ള പാക്കേജ് ഉറപ്പിക്കുന്നതിനുംവേണ്ടിയുള്ള പരിശ്രമ ങ്ങൾ നടക്കുകയാണ്. അതിന് ഈ സഭ ഒരുമിച്ച് നിൽക്കണം എന്നുഞാൻ അഭ്യർത്ഥിക്കുകയാണ്. ഏതായാലും ഞാൻ ഈ പറഞ്ഞതാണ് പശ്ചാത്തലം. ഇതിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടുപോകുന്നതിനുള്ള പരിശ്രമമാണ് നട ത്തുന്നത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ അഭ്യർത്ഥന മാനിച്ച് ഒരു സബ്മിഷൻ കൂടി മുന്നോട്ടുകൊണ്ടുവരികയാണ്.

**ജീവനക്കാരുടെ പുനർവിന്യാസം**

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, പഞ്ചായത്തുകളുടെ വർദ്ധിച്ച വികസന പ്രവർത്തനങ്ങളുടെ ബാഹുല്യത്താലും അവിടെ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാലും വികസന പ്രവർത്തനങ്ങൾ മുടങ്ങുന്ന പശ്ചാത്തലത്തിൽ പൊതുമരാമത്ത് വകുപ്പിൽ അധികമായുള്ള ജീവനക്കാരെ തദ്ദേശ ഭരണവകുപ്പിൽ പുനർവിന്യസിക്കാൻ സർക്കാർ തീരുമാനമെടുത്തി രുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് ചെയ്തുകൊണ്ടിരുന്ന പല ജോലികളും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും അധികമാണെന്ന് കണ്ടെത്തിയ 535 ജീവനക്കാരെ പുനർവിന്യസിക്കാൻ 2012 ഓഗസ്റ്റ് 8-ൽ ഉത്തരവാകുകയും ചെയ്തു. എന്നാൽ ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് കൊടുത്തു, അത് നീണ്ടുപോയി, വീണ്ടും വീണ്ടും ഗവൺമെന്റ് ഉത്തരവിറക്കിയിട്ടും ഇതുവരെയും പുനർവിന്യസിക്കൽ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ജീവനക്കാർ അധികമാണെന്ന കാര്യം നിഷേധിക്കാൻ കഴിയാത്ത വസ്തുതയാണ്. അതിനാലാണ് പൊതുമരാമത്ത് വകുപ്പിൽനിന്നും ജീവനക്കാരെ പുനർവിന്യസിപ്പിക്കാൻ സർക്കാർ അന്തിമമായി ഉത്തരവിറക്കിയത്. എന്നാൽ അത് തുടർച്ചയായി അട്ടിമറിക്കപ്പെ ട്ടുകൊണ്ടിരിക്കുകയാണ്. ഇത് ഗ്രാമീണ മേഖലയുടെ വികസന പ്രവർത്തന ങ്ങൾ അവതാളത്തിലാക്കുകയും പഞ്ചായത്തുകളെ ദുർബ്ബലപ്പെടുത്തുകയും

ചെയ്യുകയാണ്. ഇതിൽ ഗവൺമെന്റ് ശക്തമായ, യുക്തമായ നടപടികളെടുക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി <u>(ഡോ. എം. കെ. മുനീർ):</u> സർ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ചുമതലകൾ കൈമാറിയതിന്റെ അടിസ്ഥാനത്തിൽ സെൻകമ്മിറ്റി റിപ്പോർട്ടുപ്രകാരം പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ് എന്നിവിടങ്ങളിൽ അധികമായി കണ്ടെത്തിയ സാങ്കേതിക-മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ ഉൾക്കൊള്ളിച്ചുകൊണ്ടാണ് തദ്ദേശ ഭരണവകുപ്പ് രൂപീകരിച്ചത്. അധികമായി കണ്ടെത്തിയ തസ്തികകൾ ജീവനക്കാരുടെ ഓപ്ഷൻ സ്വീകരിച്ച് താത്പര്യമുള്ളവരെ തദ്ദേശ സ്വയംഭരണ വകുപ്പിലേയ്ക്ക് വിന്യസിക്കണെമെന്നായിരുന്നു തീരുമാനം. 08-09-2008-ലെ സർക്കാർ ഉത്തരവുപ്രകാരം പൊതുമരാമത്ത് വകുപ്പിൽ അധികമെന്ന് കണ്ടെത്തിയ 1415 തസ്തികകൾ നിർത്തലാക്കിക്കൊണ്ടും പ്രസ്തുത തസ്തികകൾ തദ്ദേശ ഭരണ വകുപ്പിലേയ്ക്ക് മാറ്റി നൽകിക്കൊണ്ടും ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക-മിനിസ്റ്റീരിയൽ വിഭാഗത്തിൽനിന്നും ആകെ 1415 തസ്തികകൾ തദ്ദേശ ഭരണവകുപ്പിലേയ്ക്ക് വിന്യസിച്ച് ഉത്തരവായിട്ടുണ്ട്. മതിയായ ജീവനക്കാർ ഓപ്ഷൻ നൽകാത്തപക്ഷം അതത് വിഭാഗത്തിൽനിന്നും ജൂനിയറായിട്ടുള്ള ജീവനക്കാരെ വിന്യസിക്കണമെന്ന് ഉത്തരവിട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഓപ്ഷൻ നൽകിയ ഏകദേശം 159 പേരെ 17-02-2012-ലെ ഉത്തരവുപ്രകാരം വിന്യസിച്ചു. എന്നാൽ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ജൂനിയറായിട്ടുള്ളവർ വിന്യാസത്തിന് വിമുഖത കാണിച്ചതിനാൽ കുറച്ചുപേരെ നിർബന്ധ

പൂർവ്വം താത്ക്കാലികമായി മൂന്നുവർഷത്തേയ്ക്ക് വിന്യസിച്ചിരുന്നു. ഇങ്ങനെ താത്ക്കാലികമായി വിന്യസിക്കപ്പെട്ടവരെ മൂന്നുവർഷം തികഞ്ഞിട്ടും മാതൃവകുപ്പിലേയ്ക്ക് തിരികെ അയയ്ക്കാൻ സാധിച്ചിട്ടില്ല. മാതൃവകുപ്പി ലേയ്ക്ക് തിരികെ പോകണമെന്നാവശ്യപ്പെട്ടുകൊണ്ട് വിവിധ കോടതികളിൽ ഇവർ കേസ്സുകൾ ഫയൽ ചെയ്യുകയും ഇവരെ തിരിച്ച് മാതൃവകുപ്പിലേയ്ക്ക് അയയ്ക്കുന്ന കാര്യം പരിഗണിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട കോടതി ഉത്തരവിടുകയും ചെയ്തു. ഇപ്രകാരമുള്ള കോടതി ഉത്തരവുക ളുടെ അടിസ്ഥാനത്തിൽ താത്ക്കാലികമായി തദ്ദേശ ഭരണവകുപ്പിൽ വിന്യ സിക്കപ്പെട്ടവരും മൂന്നുവർഷം തികഞ്ഞവരുമായ ജീവനക്കാരെ മാതൃവകുപ്പി ലേയ്ക്ക് തിരികെ അയയ്ക്കുന്നതിന് വീണ്ടും ഉത്തരവായി. പ്രസ്തുത ഉത്ത രവിൽ ഇപ്രകാരമുണ്ടാകുന്ന ഒഴിവുകൾ പൊതുമരാമത്ത് വകുപ്പിൽനിന്നും സ്ഥിരവിന്യാസത്തിന് ആളെ കിട്ടിയിട്ടില്ലെങ്കിൽ ഒഴിവുള്ള തസ്തികകൾ ഉത്തരവ് തീയതി മുതൽ ഒരു മാസംവരെ ഡിപ്ലോയ്മെന്റിലൂടെ വരുന്നവർക്ക് ജോയിൻ ചെയ്യുന്നതിനായി ഒഴിച്ചിടാനും അതിനുശേഷം സ്ഥാനക്കയറ്റംവഴിയോ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമോ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. സെൻ കമ്മിഷൻ റിപ്പോർട്ടു പ്രകാരം വിന്യസിക്കാൻ പറഞ്ഞിട്ടും പലയിടങ്ങളിലും, ഇപ്പോൾ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽനിന്നാണ് നമുക്ക് കൂടുതലായി ആളുകളെ ലഭ്യമാക്കാനു ള്ളത്. വിന്യസിക്കപ്പെട്ടവർ തിരിച്ചുപോകാനുള്ള ശ്രമം നടന്നിരുന്നു. ഇപ്പോൾ പ്ലാൻ പ്രകാരം പ്രോജക്ട് നടന്നുകൊണ്ടിരിക്കുന്ന സമയമാണ്. അതുകൊണ്ട് ഇന്നലെ ഒരു ഉത്തരവിട്ടിരുന്നു. മേൽ ഉത്തരവുപ്രകാരം

04–02–2014 –നുമുമ്പ് ഡിപ്ലോയ്മെന്റ് വഴി വന്നവർ തിരികെ മാതൃ വകുപ്പിലേയ്ക്ക് പോകുമ്പോൾ, സാമ്പത്തിക വർഷത്തിന്റെ അവസാനഘട്ട ത്തിൽ പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് കണക്കിലെ ടുത്ത് അവരെ മാതൃവകുപ്പിലേയ്ക്ക് തിരികെ അയയ്ക്കുന്നത് 31–03–2014 വരെ ദീർഘിപ്പിച്ച് 03–02–2014–ൽ ഒരു ജി.ഒ. പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിലൂടെ മാർച്ചുവരെ അവർ തിരിച്ചുപോകുന്നത് തടയാൻ സാധിക്കും. ഇപ്പോഴത്തെ തീരുമാനപ്രകാരം സൂപ്പർന്യൂമററി പോസ്റ്റുകളുണ്ടാക്കി ഇവർ തിരിച്ചുപോകുകയാണെങ്കിൽ ഇവിടെ അത്രയും പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യാനുള്ള തീരുമാനമാണ് ക്യാബിനറ്റ് എടുത്തിട്ടുള്ളത്.

## തിരുവനന്തപുരം നഗരത്തിനായുള്ള കരട് മാസ്റ്റർ പ്ലാൻ

ശ്രീ. എം.എ. വാഹീദ്: സർ, എനിക്ക് കുറച്ചുസമയം അധികമായി നൽകണം. എന്റെ നിയോജകമണ്ഡലമായ കഴക്കൂട്ടം ഉൾപ്പെട്ട തിരുവനന്തപുരം നഗരത്തിലെ ഗുരുതരമായൊരു പ്രശ്നമാണ് സർക്കാരിന്റെ മുന്നിൽ ഞാൻ കൊണ്ടുവരുന്നത്. തിരുവനന്തപുരം നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ, മറ്റൊരു കസ്തൂരിരംഗൻ റിപ്പോർട്ടായി ജനങ്ങളുടെ മുന്നിൽ നിൽക്കുകയാണ്. ഗൂഗിളിൽ നടത്തിയ ഒരു ഏരിയൽ സർവ്വേ പ്രകാരം തയ്യാ റാക്കിയതാണ് ഈ നഗര കരട് റിപ്പോർട്ട്. ജനനിബിഡമായ പ്രദേശങ്ങൾ ഗ്രീൻ ഫീൽഡായും ടെക്നോപാർക്ക് ബേസ്ഡ് ഏരിയയായും വാട്ടർ റിട്ടെൻഷൻ ഏരിയയായിട്ടുമാണ് കരട് മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയിട്ടു ള്ളത്. ഇവിടെ മുഴുവനും മരവിപ്പിച്ചിട്ടിരിക്കുകയാണ്. ശ്രീചിത്രാ ആശുപത്രി, ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട്, ജയിൽ കോംപ്ലക്സ് തുടങ്ങിയ സ്ഥാപനങ്ങൾ കാട്ടാ

യിക്കോണം പ്രദേശത്തേയ്ക്ക് മാറ്റുന്നൂവെന്നാണ് ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. അതിനായി അയിരൂപ്പാറ വില്ലേജിൽ 800 ഹെക്ടർ സ്ഥലം മരവിപ്പിച്ചിട്ടിരിക്കുകയാണ്. ഈ പ്രദേശങ്ങളിലൊന്നും ഒരു കക്കൂസ് പോലും നിർമ്മിക്കുവാനുള്ള അനുവാദം നാട്ടുകാർക്കില്ല. ഒരു രാഷ്ട്രീയ പാർട്ടിയുടെയും സഹായമില്ലാതെ അവിടെ താമസിക്കുന്ന ജനങ്ങൾ സ്വയം സംഘടിച്ച് സമര രംഗത്താണ്. ഇതിനെതിരെ പല പ്രദേശങ്ങളിലും ആക്ഷൻ കൗൺസിലുകൾ നിലവിൽ വന്നുകഴിഞ്ഞു. പന്തംകൊളുത്തി പ്രകടനം, റോഡ് ഉപരോധം, മനുഷ്യച്ചങ്ങല, വില്ലേജ് ഓഫീസ് പിക്കറ്റിംഗ്, ഹർത്താൽ എന്നിവ നടന്നുവരികയാണ്. ഇന്ന് അവിടെ പിക്കറ്റിംഗും നാളെ ഹർത്താലുമാണ്. ജനപ്രതിനിധികൾക്ക് റോഡിലിറങ്ങി നടക്കാൻ കഴിയാത്ത സ്ഥിതിവിശേഷമാണ് ഉണ്ടായിരിക്കുന്നത്. കഴക്കൂട്ടത്ത് വീണ്ടും കുടിയിറക്ക്, ആയിരങ്ങളെ കുടിയിറക്കേണ്ടി വരുമെന്നാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. അവിടെയുള്ള വീട്ടമ്മമാരും സമരത്തിലാണ്. അവിടെ ജനപ്രതിനിധികൾക്കും കൗൺസിലർമാർക്കും നാട്ടിലിറങ്ങാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമുണ്ടായിരിക്കുകയാണ്. ഞാൻ എന്റെ നിയോജക മണ്ഡലത്തിലെ എം.എൽ.എ. ആയതിനുശേഷം വികസന പ്രവർത്തനങ്ങൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി വിവിധ സർക്കാരുകളുടെ കാലത്തുള്ള നടപടികളോട് കൂട്ടുനിന്ന ഒരാളാണ്. ടെക്നോപാർക്ക്, ടെക്നോസിറ്റി, ഇൻഫോസിസ്, ഇൻഡസ്ട്രിയൽ പാർക്കുകൾ, കിൻഫ്ര, ലൈഫ് സയൻസ് പാർക്ക്, ടെലികോം സിറ്റി, ഐ.എസ്.ആർ.ഒ. എന്നിവയുടെ ആവശ്യത്തിന് സ്ഥലമെടുക്കുവാൻ ജീവൻ പണയംവച്ച് മാറിമാറി വന്ന സർക്കാരുകളോടൊപ്പം നിന്നവനാണ് ഞാൻ. ഇന്ന് എനിക്ക് എന്റെ നിയോജക മണ്ഡലത്തിൽ ഇറങ്ങാൻ കഴിയാത്ത സ്ഥിതി

യാണ് ഉണ്ടായിരിക്കുന്നത്. ഈ മണ്ഡലത്തിൽ ജനനിബിഡമായ പ്രദേശങ്ങൾ മാത്രമേയുള്ളു. അങ്ങനെയുള്ള പ്രദേശങ്ങളല്ലാതെ മറ്റൊന്നുമില്ല. ഇവിടെ നിന്ന് ഒരിഞ്ച് ഭൂമി പോലും അക്വയർ ചെയ്യാൻ എന്റെ ജീവനിരിക്കുമെങ്കിൽ അതിന് ഞാൻ അനുവദിക്കില്ല. ജനനിബിഡമായ പ്രദേശങ്ങളെക്കുറിച്ച് ഭൗതികമായൊരു പരിശോധന നടത്താതെ ആകാശത്തുവച്ച് തയ്യാറാക്കിയ ജനവിരുദ്ധമായ, വികസന വിരുദ്ധമായ ഈ കരട് മാസ്റ്റർ പ്ലാൻ റദ്ദാക്കാൻ സർക്കാരിന്റെ അധികാരം പൂർണ്ണമായും പ്രയോജനപ്പെടുത്തണം. ഈ പ്രദേശത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നിരോധിച്ചുകൊണ്ടുള്ള നടപടി റദ്ദാക്കിക്കൊണ്ട് ഒരു എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, എന്തൊക്കെയാണ് ഇവിടെ സംഭവിക്കുന്നത്? മാസ്റ്റർ പ്ലാൻ ഉണ്ടായാൽ സമരം, ഉണ്ടായില്ലെങ്കിൽ സമരം, റോഡ് വീതി കൂട്ടിയാൽ സമരം, വീതി കൂട്ടിയില്ലെങ്കിൽ സമരം, പട്ടിയെ കൊന്നാൽ സമരം, കൊന്നിട്ടില്ലെങ്കിൽ സമരം, വേസ്റ്റ് കൊണ്ടിട്ടിട്ടുണ്ടെങ്കിൽ സമരം, കൊണ്ടിട്ടിട്ടില്ലെങ്കിൽ സമരം. എന്താണ്, എവിടേയ്ക്കാണ് നമ്മുടെ കേരളം പോകുന്നത്? This is really sad. ഞാൻ പറയുന്നത്, നഗരങ്ങളുടെ സമഗ്രവും ത്വരിതവുമായ വികസനം സാദ്ധ്യമാകാൻ ദീർഘവീക്ഷണത്തോടെയുള്ള മാസ്റ്റർ പ്ലാനുകൾ പിന്തുടരേണ്ടത് അനിവാര്യമാണ്. അടുത്ത ഇതുപതോ മുപ്പതോ വർഷങ്ങൾ കഴിയുമ്പോൾ, നഗരം എങ്ങനെയായിരിക്കണമെന്ന് വിഭാവനം ചെയ്യാനും അടുത്ത തലമുറയ്ക്ക് കൂടി സൗകര്യപ്പെടുത്താനുമാണ് ഇത്. നിലവിലെ ടൗൺ പ്ലാനിംഗ് ആക്ട് പ്രകാരം തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകൾ

സംസ്ഥാനത്തെ നഗരസഭകൾ വഴി നടപ്പാക്കിവരികയാണ്. തിരുവനന്തപുരം കോർപ്പറേഷൻ പ്രദേശത്തിന്റെ മൊത്തത്തിലൊരു മാസ്റ്റർ പ്ലാൻ നിലവിലില്ല. 1971-ൽ തയ്യാറാക്കിയതും നഗരസഭാ പ്രദേശത്തിന്റെ 40 ശതമാനം പ്രദേശം ഉൾപ്പെടുന്നതുമായ മാസ്റ്റർ പ്ലാൻ ആണ് ഇപ്പോൾ പിന്തുടരുന്നത്. തലസ്ഥാന നഗരത്തിന് സമഗ്രമായൊരു മാസ്റ്റർ പ്ലാൻ വേണമെന്ന മുനിസിപ്പൽ കോർപ്പറേഷന്റെ ആവശ്യത്തെത്തുടർന്ന് നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ സഹായത്തോടെ കരട് തയ്യാറാക്കി 23-04-2013-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം വിജ്ഞാപനം ചെയ്തു. ഈ കരട് മാസ്റ്റർ പ്ലാൻ സംബന്ധിച്ച് പൊതുജനത്തിനുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും നഗരസഭാ സെക്രട്ടറിക്ക് സമർപ്പിക്കാൻ അന്ന് മുതൽ 60 ദിവസം സമയവും നൽകി. ഈ സമയപരിധി അവസാനിച്ച 06-06-2013 വരെ 196 ആക്ഷേപങ്ങളും നിർദ്ദേങ്ങളും ലഭിച്ചതായി കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. ഇവ പരിഗണിക്കുന്നതിന് അന്ന് നിലവിലുണ്ടായിരുന്ന ടൗൺ പ്ലാനിംഗ് ആക്ട് പ്രകാരം മേയർ അദ്ധ്യക്ഷയായി തിരുവനന്തപുരം നഗരസഭാ സ്പെഷ്യൽ ടൗൺ പ്ലാനിംഗ് കമ്മിറ്റി രൂപീകരിച്ചിരുന്നു. പൊതുജനങ്ങളുടെ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കാൻ വേണ്ടിയുള്ള കരട് മാസ്റ്റർ പ്ലാൻ മാത്രമാണ് ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും നഗരസഭയുടെ പരിഗണനയിലാണ്. 2013 സെപ്റ്റംബർ 23-ന് പ്രാബല്യത്തിൽ വന്ന ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് പ്രകാരം കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ അതിനനുസരിച്ച് മാത്രമേ നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി നൽകാൻ

വ്യവസ്ഥയുള്ളു. മാസ്റ്റർ പ്ലാനിന്റെ ഭാഗമായി സ്ഥലം ഏറ്റെടുക്കുന്നതിനോ സ്ഥലവാസികളെ കുടിയൊഴിപ്പിക്കുന്നതിനോ ഉള്ള ഒരു നടപടിയും സർക്കാരോ കോർപ്പറേഷനോ സ്വീകരിച്ചിട്ടില്ല. തിരുവനന്തപുരം നഗരസഭയോട് കൂട്ടിച്ചേർത്ത ചില പഞ്ചായത്തുകളിൽ, ഇപ്പോൾ ഈ അടുത്ത കാലത്ത് കൂട്ടിച്ചേർത്ത ചില പഞ്ചായത്തുകളിൽ നിർമ്മാണ പ്രവൃത്തികൾ നടത്താൻ പ്രയാസമുള്ളതായി ചില പരാതികൾ ലഭിച്ചിട്ടുണ്ട്. അപ്രകാരമുള്ള പരാതികൾ പരിഹരിക്കുന്നതാണ്. നഗര-ഗ്രാമാസൂത്രണ ഓർഡിനൻസ് പൊതുജനത്തിന് പ്രയാസമുണ്ടാകുമെന്ന് കാണുന്നപക്ഷം ആവശ്യമെങ്കിൽ നിയമഭേദഗതി വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. ഇക്കാര്യത്തിൽ സർക്കാരിന് വളരെ ഓപ്പണായിട്ടുള്ള ഒരു അപ്രോച്ചാണുള്ളത്. 1973-ൽ മെഡിക്കൽ കോളേജിന്റെ തൊട്ടടുത്ത് ഏകദേശം 100 ഏക്കറോളം സ്ഥലം സർക്കാർ ഫ്രീസ് ചെയ്ത് വച്ചിരുന്നു. അവിടെ ഒരു വികസനവും നടന്നിരുന്നില്ല. അവിടെ ഒരു കക്കൂസ്പോലും ഉണ്ടാക്കാൻ കഴിഞ്ഞിരുന്നില്ല. സർക്കാരിന് വളരെ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. കഴിഞ്ഞ ആഴ്ചയാണ് അത് അൺഫ്രീസ് ചെയ്തത്. ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന കാര്യങ്ങൾ ഒരിക്കലും ഈ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുകയില്ലായെന്ന് ഉറപ്പ് നൽകുകയാണ്.

**ചാക്കമാർ സമുദായം**

ശ്രീ. കെ. ശിവദാസൻ നായർ: സർ, പിന്നോക്കത്തിൽ പിന്നോക്കം നിൽക്കുന്ന ചാക്കമാർ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിയുണ്ടാകണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

നേരത്തെ സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനോട് ഈ സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ ഇത് നിരസിക്കുകയാണുണ്ടായത്. പ്രത്യേകമായ റിപ്പോർട്ട് നൽകുന്നതിനുവേണ്ടി 20–07–2005–ൽ കിർത്താഡ്സിന് നിർദ്ദേശം കൊടുത്തിരുന്നെങ്കിലും ഇതുവരെയും റിപ്പോർട്ട് ലഭിച്ചിട്ടില്ല. സംസ്ഥാന ഗവൺമെന്റ് 2009–ൽ റിമൈൻഡർ അയച്ചുവെങ്കിലും മറുപടി ലഭിച്ചില്ല. ഇത് വളരെ ഗൗരവമായി പരിഗണിക്കേണ്ട വിഷയമാണ്. കാരണം നേരത്തെ തെങ്ങ് കയറ്റ തൊഴിലാളികളായിട്ടാണ് ഇവരിൽ ഭൂരിഭാഗം ആളുകളും ജീവിച്ചുകൊണ്ടിരുന്നത്. ഇവർ സാധാരണക്കാരിൽ സാധാരണക്കാരായ, പട്ടികജാതിയിൽ ഉൾപ്പെടുത്തേണ്ട ആളുകളാണ്. അതുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് 1964–ൽ തന്നെ തീരുമാനമെടുത്ത് ഈ സമുദായത്തെ പട്ടികജാതി യിലുൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടത്. പക്ഷേ ഇതുവരെയും നടന്നിട്ടില്ല. അതുകൊണ്ട് സർക്കാർ ഇക്കാര്യത്തിൽ ഇടപെട്ട് കിർത്താഡ്സിൽനിന്ന് റിപ്പോർട്ട് അടിയന്തരമായി വരുത്തി ചാക്കമാർ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി കൈക്കൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ) സർ, ചാക്കമാർ സമുദായം പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടാനാവശ്യമായ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന 1990–ലെ കിർത്താഡ്സിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിരുന്നു. കേന്ദ്ര ഗവൺമെന്റ് ഈ ശുപാർശ നിരസിക്കുകയാണ് ചെയ്തത്. ചാക്കമാർ സമുദാ

യത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ശുപാർശയിന്മേൽ സംസ്ഥാന സർക്കാരിന്റെ വിശദമായ അഭിപ്രായം കേന്ദ്ര സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയത്തെ 2004–ൽ വീണ്ടും അറിയിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട് ആവശ്യമായ പഠനം നടത്തി വീണ്ടും റിപ്പോർട്ട് സമർപ്പിക്കാൻ കിർത്താഡ്സിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആൾ കേരള ചാക്കമാർ മഹാസഭ സമർപ്പിച്ച നിവേദനത്തിന്റെയുംകൂടി അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ കിർത്താഡ്സിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളത്. എസ്.സി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ചില നിബന്ധനകളും മാനദണ്ഡങ്ങളും നിലവിലുണ്ട്. ആ നിബന്ധനകളും മാനദണ്ഡങ്ങളും വേണ്ട രീതിയിൽ കിർത്താഡ്സിനെയോ കേന്ദ്രഗവൺമെന്റിനെയോ ബോധ്യപ്പെടുത്തുവാൻ ചാക്കമാർ സമുദായത്തിന് കഴിഞ്ഞിട്ടില്ല എന്നതാണ് ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിയാത്തതിന് കാരണം. ഒരിക്കൽകൂടി കിർത്താഡ്സിന്റെ റിപ്പോർട്ട് ആവശ്യപ്പെടുകയും കേന്ദ്ര ഗവൺമെന്റിനോട് ചാക്കമാർ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശം നൽകാനുമുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കും എന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു.

**മത്സ്യത്തൊഴിലാളികളുടെ ആനുകൂല്യങ്ങൾ**

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: സർ, കേരളത്തിന്റെ ഭൗതികവും സാമൂഹികവും വാങ്മയവുമായ സംസ്കാരത്തിന് ഏറെ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്ന ജനസമൂഹമാണ് മത്സ്യത്തൊഴിലാളികൾ. കേരളത്തിന്റെ സമ്പദ് വ്യവസ്ഥ നിർണ്ണയിക്കുന്നതിലും ഇവർ വലിയ പങ്ക് വഹിച്ചിരുന്നു. എന്നാൽ മറ്റുള്ളവരുടെ ജീവിതത്തെ സമുദ്ധരിച്ചുകൊണ്ടിരിക്കുന്ന ഈ കടലിന്റെ മക്കൾ ഇന്ന് ഏറെ അശരണരും നിരാലംബരുമാണ്. കടലിലും കരയിലും

ജീവിതത്തിന്റെ തിരമാലകൾ തരണം ചെയ്യാനാകാതെ ഇവർ ബുദ്ധിമുട്ടുകയാണ്. അപകടരഹിതവും സുഭിക്ഷവുമായ ജീവിതം ഇവർക്ക് നൽകേണ്ട ബാധ്യത സർക്കാരിനുണ്ട്. ആരും ഓർമ്മപ്പെടുത്താതെ തന്നെ സർക്കാർ ഇതിന് മുന്നിട്ടിറങ്ങേണ്ടതിന്റെ അനിവാര്യതയെക്കുറിച്ചാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മത്സ്യബന്ധനത്തിലൂടെയും മത്സ്യവിൽപ്പനയിലൂടെയും നമ്മുടെ സാമൂഹിക ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ് മത്സ്യത്തൊഴിലാളികൾ. സാധാരണയിൽ സാധാരണക്കാരായ ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്ക് സർക്കാരിന്റെ സത്വര ശ്രദ്ധ പതിയണമെന്ന് ഞാൻ വിനയപൂർവം അഭ്യർത്ഥിക്കുന്നു. കാലവർഷം കടലിന്റെ മക്കളുടെ കരളിൽ വിഷാദത്തിന്റെ കരിനീല തടാകമൊഴുക്കുന്നു എന്ന് നമുക്കറിയാം. പഞ്ഞമാസങ്ങളിൽ പശിയടക്കാൻ മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ സൗജന്യ റേഷൻ നൽകുന്നുണ്ട്. കള്ള കർക്കിടകത്തിൽ തീരദേശത്ത് അനുഭവപ്പെടുന്ന പട്ടിണി ഇല്ലായ്മ ചെയ്യാനാണ് ഈ ആനുകൂല്യം സർക്കാർ നൽകുന്നത്. ഇത് കർക്കിടകമല്ല, വറുതിയുടെ മാസവുമല്ല എന്ന് നമുക്കറിയാം. പക്ഷേ 590 കിലോമീറ്റർ നീളത്തിലുള്ള കേരളത്തിന്റെ തീരക്കടൽ പ്രദേശത്ത് അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളിൽ അധികവും ഇപ്പോൾ പട്ടിണിയും പരിവട്ടവുമായി കഴിയുകയാണ്. കാലാവസ്ഥ വ്യതിയാനം, കുറഞ്ഞ മത്സ്യ ലഭ്യത, പ്രകൃതി ക്ഷോഭങ്ങൾ തുടങ്ങിയ ഘടകങ്ങൾ അതിജീവനത്തിന്റെ പാതയിൽ വിലങ്ങുതടിയായി നിലകൊള്ളുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് എല്ലാ മാസവും കർക്കിടകമായി മാറുന്നു. കടലിന്നക്കരെ കാണാപൊന്നിന് പോകുന്നവർ ഇന്ന് പോയി വരുമ്പോൾ ഒന്നും കൊണ്ടുവരുന്നില്ല, വെറുംകൈയോടെ മടങ്ങിവരുന്നു. നമ്മുടെ സമുദ്രോൽപ്പന്നം കുറഞ്ഞുകുറഞ്ഞ് വരികയാണ്. കടലിൽ മുമ്പുണ്ടായിരുന്നതുപോലെ മത്സ്യങ്ങളില്ല. വലിയ ബോട്ടുകൾ മത്സ്യബ

ന്ധനത്തിനുപയോഗിക്കുന്ന ഡബിൾ നെറ്റ് വലകൾ അപകടകാരികളായതിനാൽ മത്സ്യക്കുഞ്ഞുങ്ങൾ ചത്തുപോകുന്നു. ഈ വലയും ഇത്തരത്തിലുള്ള മത്സ്യബന്ധനവും സർക്കാർ നിരോധിച്ചതാണെങ്കിലും ഇത് പല സ്ഥലങ്ങളിലും അഭംഗുരം തുടരുന്നു. കേരള തീരങ്ങളിൽ സുലഭമായി ലഭിച്ചിരുന്ന ഗുണമേന്മയുള്ള പല മത്സ്യങ്ങളും വംശനാശ ഭീഷണി നേരിടുകയാണ്. ചുരുക്കത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഇപ്പോൾ തീരാവ്യഥയിലാണ്. കടലിന്നക്കരെ നിന്ന് എന്തെങ്കിലും കൊണ്ടുവരുമെന്നുകരുതി കരകാണാക്കടലിലേയ്ക്ക് കണ്ണും നട്ട് കുടുംബനാഥനെ കാത്തിരിക്കുന്ന കുടുംബിനികൾക്ക് കദനത്തിന്റെയും നിരാശയുടെയും കഥകൾ മാത്രമാണ് പറയാനുള്ളത്. പഞ്ഞ മാസങ്ങളിൽ മാത്രമല്ല ഇപ്പോഴും മത്സ്യത്തൊഴിലാളികൾ പട്ടിണിയും പരിവട്ടവുമായി കഴിയുകയാണ്. പഞ്ഞമാസങ്ങളിലേക്കാൾ വളരെ മോശമാണ് ഇപ്പോൾ അവരുടെ അവസ്ഥ. ഇത് പരിഗണിച്ച് എപ്പോഴൊക്കെ മത്സ്യത്തൊഴിലാളികൾ പട്ടിണിയിലാകുന്നുവോ അപ്പോഴൊക്കെ സൗജന്യ റേഷനും അതുപോലെയുള്ള ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളികൾക്ക് നൽകാൻ സർക്കാർ തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, മത്സ്യത്തൊഴിലാളികൾക്ക് ധാരാളം പ്രയാസങ്ങളുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ഒരു വസ്തുതയാണ്. എന്നാൽ അദ്ദേഹം സൂചിപ്പിച്ചതുപോലെ എല്ലാ മാസങ്ങളിലും മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ കൊടുക്കുന്ന സമ്പ്രദായം കേരളത്തിലില്ല. അതിന്റെ സാധ്യതകളെക്കുറിച്ച് പരിശോധിക്കാം, സാധ്യതകൾ അനുകൂലമാണെന്ന്

തോന്നുന്നില്ല. ട്രോളിംഗ് നിരോധനകാലഘട്ടത്തിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ നൽകുന്നുണ്ട്. അതാണ് ഇവിടെ പരമ്പരാഗതമായി നടന്നുവരുന്ന രീതി. അതിനുപുറമെ, മത്സ്യത്തൊഴിലാളികൾക്കുവേണ്ടി സമ്പാദ്യ സമാശ്വാസ പദ്ധതി, തണൽ പദ്ധതി, പെൻഷൻ പദ്ധതി, തീര മൈത്രി പദ്ധതി, വിദ്യാഭ്യാസ ആനുകൂല്യം, രോഗചികിത്സാ പദ്ധതി, സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി, സാനിറ്റേഷൻ പദ്ധതി, ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെയുള്ള സംയോജിത മത്സ്യ വികസന പദ്ധതി, നാടൻ വള്ളങ്ങളുടെ നവീകരണം 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി, മത്സ്യബന്ധന വലകൾ വാങ്ങുന്നതിനുള്ള ധനസഹായം, എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി പദ്ധതി, മൈക്രോ ഫിനാൻസ്, വനിതകൾക്ക് പലിശ രഹിത വായ്പ തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ മണ്ണെണ്ണ വിതരണത്തിനുവേണ്ടി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ഉല്പാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി ഉല്പാദന ബോണസ് നൽകുന്നതിനായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനെക്കുറിച്ച് വിശദമായി തുടർന്ന് പരിശോധിക്കുന്നതാണ്.

**പെരപ്പയം പാലം**

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, എന്റെ മണ്ഡലത്തിലെ രണ്ട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇത്തിക്കരയാറിന് കുറുകെയുള്ള പെരപ്പയം പാലത്തിന്റെ കാര്യമാണ് ഞാൻ ഉന്നയിക്കുന്നത്. പതിനായിരത്തോളം ജനങ്ങൾക്ക് അക്കരെയിക്കരെ കടക്കുന്നതിന് ഇപ്പോൾ 14 കിലോമീ

റ്റർ ചുറ്റിവരേണ്ടതുണ്ട്. ചടയമംഗലം പഞ്ചായത്തിലെ പോരേടവും വെളിനെല്ലൂർ പഞ്ചായത്തിലെ പെരപ്പയവും തമ്മിൽ ബന്ധിപ്പിച്ചാൽ പതിനായിരത്തോളം ആളുകൾക്ക് അക്കരെയിക്കരെ കടക്കുന്നതിന് ഏകദേശം 200 മീറ്റർ ദൂരം സഞ്ചരിച്ചാൽ മതിയാകും. അതിന്റെ നടപടിക്രമങ്ങളെല്ലാം മിക്കവാറും പൂർത്തിയായിട്ടുണ്ട്. ഭൂമി എറ്റെടുക്കൽ നടപടി പൂർത്തിയായിട്ടുണ്ട്. ഇനി ടെണ്ടർ നടപടിയിലേയ്ക്ക് കടന്നാൽ മതി. നബാർഡിന്റെ തുകയാണ് അനുവദിച്ചിരുന്നത്. പക്ഷേ പുതിയ ടെണ്ടർ അനുസരിച്ച് കൂടുതൽ തുക വേണ്ടിവരും. അതിനുളള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് അങ്ങ് ഇക്കാര്യത്തിൽ മുൻകൈയെടുത്തവരുടെ യോഗം വിളിച്ച് തീരുമാനമെടുത്ത് പാലം പണി ഉടനെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, പെരപ്പയം പാലം 2008-ൽ നബാർഡ് ആർ.ഐ.ഡി.എഫ് 13 ൽ ഉൾപ്പെടുത്തി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിരുന്നു. പക്ഷേ ആവശ്യത്തിന് ഭൂമിയില്ലാത്തതുകൊണ്ടാണ് ആ പണി മുടങ്ങിയത്. ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായ സ്ഥിതിക്ക് പാലം നിർമ്മാണത്തിന് നബാർഡിന്റെ സഹായം തേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെൻസറിംഗ് ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത**

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ടി.വി. സീരിയലുകൾക്ക് സെൻസറിംഗ് ഏർപ്പെടുത്തണമെന്നതാണ് എന്റെ സബ്മിഷൻ. കുടുംബ പ്രേക്ഷകരെ ഏറ്റവും കൂടുതൽ ആകർഷിക്കുന്നത് ടി.വി. ചാനലുകൾ സംപ്രേഷണം ചെയ്യുന്ന സീരിയലുകളും സ്റ്റേജ് പ്രോഗ്രാമുകളും കോമഡി ഷോകളും റിയാലിറ്റി ഷോകളുമാണ്. ഒഴിവുസമയളിലെ വിനോദത്തിനും വിജ്ഞാനത്തിനും ഇത്തരം പരിപാടികൾ വളരെ സഹായകരമായി കാണുന്നു. കൃത്യമായ തിരക്കഥയോ കഥാബിന്ദുവോ തയ്യാറാക്കാത്തത്, സ്ത്രീത്വത്തിന് കേരളം നൽകിയ മാന്യതയും പരിവേഷവും തകർക്കുന്നതും സ്ത്രീകളെ അവഹേളിക്കുന്നതുമായ ഒട്ടേറെ തുടർപരമ്പരകൾ സംപ്രേഷണം ചെയ്യുന്നുണ്ട്. ഇത്തരം പരമ്പരകൾ സ്ത്രീകളെ കൂടുതൽ ക്രിമിനൽവാസന ഉള്ളവരായും ജീവിത മൂല്യങ്ങളെയും കുടുംബ ബന്ധങ്ങളെയും എതിർക്കുന്നവരായും ചിത്രീകരിക്കുന്നു. ഇത് ഭാവി തലമുറയ്ക്കും കുടുംബ ബന്ധങ്ങൾക്കും ഒട്ടേറെ ദോഷം വരുത്തുന്നതായി കാണുന്നു. പല ക്രിമിനിൽ കേസ്സുകളിലെയും പശ്ചാത്തലം പരിശോധിച്ചാൽ, ഇത്തരം പരമ്പരകളിലെ ക്രിമിനൽ കഥാപാത്രങ്ങളെ അനുകരിച്ചതായി കുറ്റസമ്മതം നടത്തിയിട്ടുണ്ട്. കൃത്യമായ തിരക്കഥയോടെ സംപ്രേഷണം ചെയ്യുന്ന രണ്ടോ മൂന്നോ മണിക്കൂർ മാത്രം ദൈർഘ്യമുള്ളതും ആസ്വാദകർക്ക് തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുള്ളതുമായ സിനിമകളെ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ സെൻസറിംഗ് ബോർഡ് നിലവിലുണ്ട്. എന്നാൽ കൊച്ചുകുട്ടികൾ മുതൽ പ്രായം ചെന്നവർ വരെ വീടുകളിൽ ഒരുമിച്ചിരുന്ന് കാണുന്നതും നമ്മുടെ ജനപ്രിയ വാർത്താ-വിനോദ ഉപാധിയായ ടി.വി. ചാനലുകളിൽ അനുദിനം സംപ്രേഷണം ചെയ്യുന്നതുമായ പരമ്പരകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനും മൂല്യബോധമുള്ള പരമ്പരകൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകത എടുത്ത് കാണി

ക്കുന്നതിനുമായി ഇത്തരം പരമ്പരകളെ സെൻസർ ബോർഡിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും സംസ്ഥാന തലത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്ന തിനും സംവിധാനമുണ്ടാകണം. ഇത് വളരെയേറെ ഗൗരവമായി നിയമസഭാ കമ്മിറ്റിപോലും പരിശോധിച്ചുണ്ട്. കുട്ടികളെ ഇത്തരം റിയാലിറ്റി ഷോകളിൽ മത്സര ബുദ്ധിയോടെ പങ്കെടുപ്പിക്കുമ്പോൾ അവരുടെ മാനസിക വളർച്ചയിലും സർഗ്ഗാത്മകതയിലും സംഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് വളരെ ഗൗരവമായി ചിന്തിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. മോൻസ് ജോസഫ് ചെയർമാനായ കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ പ്രൊഫ. ജയരാജൻ നൽകിയ പരാതി, സമിതിയുടെ ഗൗരവപൂർണ്ണമായ പരിഗണനയിൽ ഉണ്ടെന്നാണ് മനസ്സിലാക്കു ന്നത്. അതുകൊണ്ട് ഇത്തരം കാര്യങ്ങളുടെ ഗൗരവം മനസ്സിലാക്കി ടി.വി. സീരിയലുകൾക്ക് സെൻസറിംഗ് ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടി ഉണ്ടാകണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്) : സർ, കുടുംബ പ്രേക്ഷകരെ ഏറ്റവും കൂടുതൽ ആകർഷിക്കുന്ന ദൃശ്യമാധ്യമങ്ങളിലെ പല സീരിയലുകളും കോമഡി ഷോകളും റിയാലിറ്റി ഷോകളും നമ്മുടെ സംസ്കാരത്തിനും മാന്യ തയ്ക്കും യോജിക്കാത്ത രീതിയിലാണെന്ന ആക്ഷേപം വളരെ വ്യാപകമായി ഉണ്ടായിട്ടുണ്ട്. ജനപ്രിയ വാർത്താ ഉപാധിയായ ടി.വി. ചാനലുകളിലൂടെ പ്രക്ഷേപണം ചെയ്യുന്ന ഇത്തരം പരമ്പരകൾക്കും നിലവാരമില്ലാത്ത പരിപാടി കൾക്കും തീർച്ചയായും നിയന്ത്രണം ആവശ്യമാണെന്ന അഭിപ്രായത്തോട് ഗവൺമെന്റിന് യോജിപ്പാണ്. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാ

ലയമാണ് കേബിൾ ടി.വി.യിലൂടെ വരുന്ന ഇത്തരം പരിപാടികൾക്കെതിരായി നടപടി സ്വീകരിക്കേണ്ടത്. കേബിൾ ടി.വി. നെറ്റ്‌വർക്ക് റെഗുലേഷൻ ആക്ട് 1995–ലെ വ്യവസ്ഥകൾ പ്രകാരം അഡ്‌വെർട്ടൈസ്മെന്റ് കോഡ്, പ്രോഗ്രാം കോഡ് എന്നിവയ്ക്ക് വിരുദ്ധമായി പരിപാടികൾ സംപ്രേഷണം ചെയ്താൽ ആയത് പിടിച്ചെടുക്കാനുള്ള അധികാരം ആതറൈസ്ഡ് ആഫീസറായ ജില്ലാ മജിസ്ട്രേട്ടിൽ നിക്ഷിപ്തമാണ്. ഇക്കാര്യം സർക്കാർ പരിശോധിക്കുകയും 23–5–2013–ൽ സംസ്ഥാന തലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ഈ കമ്മിറ്റിയുടെ ചെയർമാൻ ഐ. ആന്റ് പി.ആർ.ഡി. സെക്രട്ടറിയും സ്റ്റേറ്റ് പോലീസ് ചീഫിന്റെ പ്രതിനിധി, സോഷ്യൽ വെൽഫെയർ സെക്രട്ടറി, ദൂരദർശൻ കേന്ദ്രം ഡയറക്ടർ എന്നിവർ അംഗങ്ങളും മെമ്പർ സെക്രട്ടറി ഡി.പി.ആർ.–ഉം ആണ്. ഇവർക്ക് പുറമെ ശ്രീമതി സുഗത കുമാരി, ഡോ. അച്ച്യുത് ശങ്കർ. എസ്. നായർ, ഡോ. കൃഷ്ണ പ്രസാദ് ശ്രീധർ, ഡോ. ലക്ഷ്മി വി. നായർ, ശ്രീ. കെ.സി. രാജഗോപാൽ എന്നിവരും കമ്മിറ്റിയിലുണ്ട്. സംസ്ഥാന സമിതിക്ക് വരുന്ന പരാതികൾ ക്രോഡീകരിച്ച് കേന്ദ്ര സമിതിക്ക് അയയ്ക്കുന്നതാണ് ചട്ടം. കേബിൾ ടി.വി. നെറ്റ്‌വർക്ക് റെഗുലേഷൻ ആക്ടിലെ വ്യവസ്ഥ പ്രകാരം എല്ലാ ജില്ലകളിലും ഇതുപോലുള്ള കമ്മിറ്റികൾ രൂപീകരിക്കുന്നതാണ്. ഇത് ഗൗരവമായ വിഷയമാണ്. ദൃശ്യമാധ്യമങ്ങളിൽ സമീപകാലത്തുണ്ടായ പല പരിപാടികളും സഭ്യതയ്ക്കും മാന്യതയ്ക്കും നിരക്കുന്നതല്ല. കുട്ടികളുടെ പരാതികളും ലഭിക്കുന്നുണ്ട്. ഒന്നുകിൽ ദൃശ്യമാധ്യമങ്ങൾ സ്വയം നിയന്ത്രണമേർപ്പെടുത്തണം. നമ്മുടെ സംസ്കാരത്തിന് യോജിക്കാത്ത പരമ്പരകൾ സംപ്രേഷണം ചെയ്യു

ന്നതിൽനിന്ന് അവർ പിന്മാറണം അല്ലെങ്കിൽ നിയമം നടപ്പിലാക്കുന്നതിന് നമ്മൾ നിർബന്ധിതരായിത്തീരും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഈ കമ്മിറ്റി വന്നതിനുശേഷം ഫലപ്രദമായ ഇടപെടൽ കൊണ്ട് എന്തെങ്കിലും റിസൾട്ട് ഉണ്ടായതായി ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ.സി. ജോസഫ് : സർ, ഈ കമ്മിറ്റി പരാതികൾ പരിശോധിച്ച് കേന്ദ്ര കമ്മിറ്റിക്ക് അയയ്ക്കാമെന്നല്ലാതെ കമ്മിറ്റിക്ക് മറ്റൊന്നും ചെയ്യാൻ സാധിക്കുന്നില്ല. ഇത് സെൻട്രൽ ആക്ടിന്റെ ഭാഗമാണ്. ദൃശ്യ മാധ്യമങ്ങൾ സ്വയം നിയന്ത്രണം ഏർപ്പെടുത്തണം. അവർക്ക് സ്വന്തമായി കോഡ് ഓഫ് കോൺടക്റ്റ് വേണം. അല്ലാതെ പോകുന്നത് അപകടമാണ്; പുതിയ തലമുറയെ വഴിതെറ്റിക്കും.

മി. സ്പീക്കർ : 3 വയസ് മുതലുള്ള കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാമെന്നാണ് പരസ്യം. 3 വയസ് എന്നുപറയുമ്പോൾ അമ്മയുടെ ഇടുപ്പിൽ നിന്നും ഇറങ്ങാറായിട്ടില്ല.

ശ്രീ. കെ.സി. ജോസഫ് : സർ, സംസ്ഥാന ഗവൺമെന്റിന് അധികാരമുണ്ടോയെന്ന് പരിശോധിക്കാം. ഇപ്പോൾ ലഭിച്ച വിവരമനുസരിച്ച് അതിനുള്ള അധികാരമില്ല.

**ഗൾഫിൽ മലയാളി കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ**

ശ്രീ. കെ.വി. അബ്ദുൾ ഖാദർ : സർ, ഗൾഫ് മലയാളികൾ, കുടുംബത്തിന് താങ്ങായും രാജ്യത്തിന് സാമ്പത്തിക ഉണർവായും പ്രവർത്തിക്കുന്നവരാണ്. ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് അന്നം നൽകാൻ വിയർപ്പൊഴുക്കുന്നവരാണവർ. ചെറിയ വരുമാനക്കാരായ ഗൾഫ് മലയാളികൾ മരണപ്പെടുന്നതോടെ അവരുടെ കുടുംബം പ്രാരാബ്ധത്തിലേയ്ക്ക് എടുത്തെറിയപ്പെടുകയാണ്. ഗൾഫിൽ മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നാമമാത്രമായ സഹായം ഗവൺമെന്റ് നൽകുന്നുണ്ട്. അത് നടപടിക്രമങ്ങളുടെ ബാഹുല്യവും മറ്റും നിമിത്തം ഗൾഫിൽ മരണമടയുന്നവരുടെ കുടുംബങ്ങൾക്കുമുഴുവൻ ലഭിക്കുന്നില്ല. സംസ്ഥാന ആസൂത്രണ ബോർഡ് പുറത്തിറക്കിയ 2012–13 സാമ്പത്തിക അവലോകന റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യമാണിത്. 9 കുടുംബങ്ങൾക്ക് മാത്രമാണ് കഴിഞ്ഞ വർഷം മരണപ്പെട്ടവരുടെ സാമ്പത്തിക സഹായം നൽകിയത്. അതിനർത്ഥം ഗൾഫിൽ മരിച്ച ഭൂരിപക്ഷം ആളുകളുടെ കുടുംബങ്ങൾക്കും ഈ സഹായം എത്തിയിട്ടില്ലെന്നതാണ്. മാത്രമല്ല ഇപ്പോൾ കൊടുക്കുന്ന സഹായം വളരെ കുറവുമാണ്. ഈ സംഖ്യ വർദ്ധിപ്പിക്കണമെന്നും ലഭ്യമാകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്നും ആവശ്യപ്പെടുകയാണ്. അതോടൊപ്പം ചെറിയ വരുമാനക്കാരായ ആളുകൾ ഗൾഫിൽ മരണപ്പെടുമ്പോൾ അവരുടെ മക്കളുടെ പ്രൊഫഷണൽ വിദ്യാഭ്യാസം ഉൾപ്പെടെ മുടങ്ങുകയാണ്. ഇത്തരം കുട്ടികൾക്ക് സൗജന്യമായി വിദ്യാഭ്യാസം കൊടുക്കുന്നതിനുള്ള സംവിധാനം കൂടി ഉണ്ടാക്കണമെന്നാണ് ഗവൺമെന്റിനോട് ആവശ്യപ്പെടുന്നത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയി

ച്ചിരിക്കുന്നത് പ്രധാനപ്പെട്ട വിഷയമാണ്. എന്നാൽ ഉദ്ധരിച്ച കണക്കുകൾ ശരിയല്ല. ഇപ്പോൾ നോർക്ക വകുപ്പ് മുൻകൈ എടുത്തുകൊണ്ട് 'സാന്ത്വനം', 'കാരുണ്യം' 'ചെയർമാൻ ഫണ്ട്' എന്നീ മൂന്ന് പദ്ധതികളുണ്ട്. കുടുംബ വാർഷിക വരുമാനം 25000 രൂപയിൽ താഴെയുള്ള പ്രവാസികൾ മരണമടഞ്ഞാൽ നേരത്തെ സഹായമായി 10000 രൂപ കൊടുത്തിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബ വരുമാനം ഒരു ലക്ഷം രൂപ വരെയുള്ള പ്രവാസികൾ മരിച്ചാൽ കുടുംബത്തിന് ഒരു ലക്ഷം രൂപ സഹായമായി കൊടുക്കാൻ തീരുമാനിച്ചു. 'സാന്ത്വനം' പദ്ധതിയിൽപ്പെടുത്തി മരണാനന്തര സഹായത്തിനായി ലഭിച്ച 554 അപേക്ഷകളിൽ 279 അപേക്ഷകർക്ക് 1,80,37,000 രൂപ കൊടുത്തു. അതുപോലെ വിദേശത്ത് മരണമടഞ്ഞാൽ ഭൗതികദേഹം നാട്ടിൽ എത്തിക്കുന്നതിനുവേണ്ടി 'കാരുണ്യം' പദ്ധതിയിൽപ്പെടുത്തി ഒരു കുടുംബത്തിന് 50,000 രൂപ കൊടുക്കുന്നുണ്ട്. അതായത് ഭൗതികദേഹം നാട്ടിൽക്കൊണ്ടുവരാൻ സ്പോൺസറോ ഇൻഡ്യൻ എംബസിയോ സഹായിച്ചില്ലെങ്കിൽ ഗവൺമെന്റ് സഹായിക്കും. ലഭിച്ച അപേക്ഷകളിൽ 17 അപേക്ഷകർക്കായി 5,02,200 രൂപ അനുവദിച്ചു. **47** അപേക്ഷകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനുപുറമെ, 'സാന്ത്വനം', 'കാരുണ്യം' പദ്ധതികളുടെ നിബന്ധനപ്രകാരം ധനസഹായത്തിന് അർഹതയില്ലാത്ത കുടുംബങ്ങൾക്ക് വേണ്ടി 'ചെയർമാൻ ഫണ്ട്' എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ പ്രവാസികൾ മരണമടഞ്ഞാൽ കുട്ടികളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള പദ്ധതി നിലവിലില്ല.

കുടുംബനാഥൻ മരണമടഞ്ഞാൽ അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ചുള്ള സഹായം നൽകുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി പരിഗണിക്കും.

മി. സ്പീക്കർ : 12.30 മുതൽ 1.30 വരെ ധനവിനിയോഗ ബില്ലുകളുടെ അവതരണവും ചർച്ചയുമാണ്. ബാക്കിയുള്ള സബ്മിഷനുകളും മറ്റ് ബിസിനസുകളും അതിന് ശേഷം തുടരുന്നതാണ്.

## വ്യാജരേഖ ചമച്ച് ഭൂമി തട്ടിയെടുക്കൽ

ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജ്: സർ, അട്ടപ്പാടിയിലെ ആദിവാസികളുടെ ഭൂമി വ്യാജ രേഖകൾ ചമച്ച് തട്ടിയെടുക്കുന്നതായി പല വാർത്തകളും വന്നിട്ടുണ്ട്. അട്ടപ്പാടി സ്ഥലത്ത് വ്യാജരേഖകൾ ചമച്ച് ആദിവാസികളുടെ ഭൂമി തട്ടിയെടുക്കുന്നതിനെപ്പറ്റി; ഞാൻ ഇതിനെപ്പറ്റി പഠിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് ആകപ്പാടെ 126 കേസുകളാണ് ഇതുസംബന്ധിച്ചുള്ളത്. ആ 126 കേസുകളും സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ മുൻപിൽ ആണ്. അവിടെ നടക്കുന്ന മറ്റൊരു കേസ് കൃഷി ചെയ്യാൻ കഴിയാത്ത ആദിവാസികൾ തമിഴ് കർഷകർക്ക് ആധാരപ്രകാരമല്ലാതെ ഭൂമി കൃഷിചെയ്യാൻ കൊടുക്കുകയും അങ്ങോട്ടുമിങ്ങോട്ടും ട്രാൻസാക്ഷൻ നടത്തുകയും ചെയ്യുന്നു. ഷോളയൂർ ഗ്രാമപഞ്ചായത്തിലെ മീനക്കൽമേട് പ്രദേശത്തിൽ ഈ രീതിയിൽ ആദിവാസികളല്ലാത്തവർ വൻതോതിൽ ഭൂമി തട്ടിയെടുത്തുവെന്ന പരാതിയുണ്ട്. 60 ഏക്കർ സ്ഥലത്ത് വനവാസികളുടെ ഭൂമി എൻക്രോച്ച് ചെയ്തതായിട്ട് സബ്കളക്ടർ റിപ്പോർട്ടിൽ പറയുന്നുണ്ട്. മുൻപ് കരം അടച്ച രസീതുകൾ കാണിച്ചിട്ടും; ആദിവാസികളുടെ കരം സ്വീകരിക്കുവാനും വില്ലേജ് ഓഫീസർ കൂട്ടാക്കുന്നില്ല എന്ന പരാതിയും ഗവൺമെന്റിന്റെ

ശ്രദ്ധയിൽപ്പെടുത്തുകയാണ്. വെച്ചുമതിയൂരിലും മീനക്കൽമേട് ഊരിലും ആദിവാസി ഭൂമി പ്ലോട്ടുകളാക്കി വില്പനയ്ക്കുള്ള ശ്രമം നടക്കുന്നതായി പരാതിയുണ്ട്. കഴിഞ്ഞ ജനുവരി 12-ലെ ദി ഹിന്ദു ദിനപ്പത്രത്തിൽ ഇതുസം ബന്ധിച്ച് വളരെ വിശദമായ വാർത്ത വന്നിട്ടുണ്ട്. 'ന്യൂ എൻക്രോച്ച്മെന്റ്സ് ഐഡന്റിഫൈഡ് ഇൻ അട്ടപ്പാടി' ഞാൻ മനസ്സിലാക്കിയിടത്തോളം ഈ വാർത്തയിൽ വസ്തുതാപരമായ കുറെ കാര്യങ്ങളുണ്ട്. അതുപോലെതന്നെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് അട്ടപ്പാടി പാക്കേജ് നടപ്പാക്കുന്നതിന് ചില പ്രശ്നങ്ങളുണ്ട്. ആ പാക്കേജ് നടപ്പാക്കാൻ നോഡൽ ഓഫീസറായി സുബ്ബയ്യനെ നിയമച്ചിട്ടുണ്ട്. സുബ്ബയ്യൻ അട്ടപ്പാടി യിലെ ആദിവാസികളെ സംരക്ഷിക്കുന്നതിനു പകരം ആദിവാസികളും കൃഷി ക്കാരും തമ്മിൽ സംഘർഷമുണ്ടാക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് അവിടത്തെ എല്ലാ രാഷ്ട്രീയപാർട്ടികളു ടെയും നേതാക്കൻമാർ നേരിട്ട് പറയുകയുണ്ടായി. അവിടത്തെ ത്രിതല പഞ്ചായത്ത് മെമ്പർമാർ സി.പി. ഐ.(എം)-ന്റെയും, കോൺഗ്രസ്സിന്റെയും, കേരള കോൺഗ്രസ്സിന്റെതുൾപ്പെടെയുള്ള നേതാക്കൻമാരും സുബ്ബയ്യനെപ്പറ്റി യുള്ള ഈ അഭിപ്രായം രേഖപ്പെടുത്തി. സുബ്ബയ്യൻ അവിടെ സബ്കളക്ടറാ യിരുന്ന കാലത്ത് സ്ത്രീകളെല്ലാം ഓടിച്ച് പിടിച്ച് മരത്തിൽ കെട്ടിയിട്ടു എന്നാണ്. അങ്ങനെയുള്ളൊരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിച്ചത് വളരെ സൂക്ഷിക്കേണ്ടതാണ്. അയാളെപ്പറ്റി ഇത്രമാത്രം അഭിപ്രായവ്യത്യാസമുള്ള നിലയ്ക്ക് ആ കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അട്ടപ്പാടിയിലെ ആദിവാസികളെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുകയാണ്. അവിടെ സെയിൽസ് ടാക്സ് ഓഫീസുണ്ട്.

സെയിൽസ് ടാക്സിന് ചെക്ക്പോസ്റ്റ് ആനമുടിയിലാണ് വച്ചിരിക്കുന്നത്. തമിഴ്നാടിന്റെ ബോർഡറിൽ നിന്ന് 60 കിലോമീറ്റർ മാറി ചെക്ക്പോസ്റ്റ് വച്ചിരിക്കുന്നുവെന്നുപറഞ്ഞാൽ ആ 60 കിലോമീറ്റർ ദൂരത്തിലുള്ള പാവപ്പെട്ട മലയാളികൾ തമിഴ്നാട്ടുകാരാണെന്ന് മനസ്സിലാക്കണം. അത് സാധ്യമല്ലല്ലോ. അവിടത്തെ എം.എൽ.എ. യും പലപ്രാവശ്യം ഇവിടെ സബ്മിഷൻ ഉന്നയിച്ചതാണ്. ഞാൻതന്നെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് പരാതി കൊടുത്തിട്ടുള്ളതാണ്. ആദിവാസികളോടുള്ള സ്നേഹം; അവിടത്തെ കർഷകജനതയോടുള്ള സ്നേഹവും പ്രകടിപ്പിക്കത്തക്ക രീതിയിലുള്ള നടപടിയുണ്ടാകണം. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ വളരെ ശ്രദ്ധ ചെലുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, മണ്ണാർക്കാട് താലൂക്കിൽ ഷോളയൂർ കോട്ടത്തറ വില്ലേജുകളിലായി വീരയ്ക്കൽമേട് എന്ന സ്ഥലത്ത് വർണ്ണഭൂമി ഓർഗാനിക് ഫാം എന്ന പേരിൽ ബോർഡ് സ്ഥാപിച്ച് പത്തുപേരുടെ പേരുകളിലായി 14 തീറാധാരങ്ങൾ പ്രകാരം ശ്രീ. കെ. കാമരാജ് തുടങ്ങിയ ആദിവാസികളല്ലാത്തവർ 46.95 അരയേക്കർ സ്ഥലം തീർ വാങ്ങിയതായി കണ്ടെത്തിയിട്ടുണ്ട്. കോട്ടത്തറ വില്ലേജിലെ സർവ്വേ 1819/23-ൽ 23.5 അര ഏക്കറും ഷോളയൂർ വില്ലേജിലെ സർവ്വേ നം. 1820/2-ൽ 23.45 അര ഏക്കർ ഭൂമിയുമാണ് തീർ വാങ്ങിയത്. മേൽപ്പടി സ്ഥലങ്ങളിൽ പലതും തങ്ങളുടെ ഭൂമിയാണെന്ന് കാണിച്ച് ആദിവാസികൾ പരാതി സമർപ്പിച്ചിട്ടുള്ളതിനാൽ കെ.എസ്.ടി. ആക്ട് 1999 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഒറ്റപ്പാലം സബ്കളക്ടർ വിചാരണ നടപടിയും നടത്തി വരുന്നുണ്ട്. ഫീൽഡ് പരിശോധനയിൽ ആദിവാസികൾ കാണിച്ച മിക്ക സ്ഥലങ്ങളും

കോട്ടത്തറ വില്ലേജ് സർവ്വേ 1819–ൽ വരുന്നതായി കാണുന്നു. ആദിവാസിക ളിൽ ചിലർക്ക് 1984 കാലഘട്ടത്തിൽ അടച്ച ഭൂനികുതി രസീതല്ലാതെ മറ്റ് രേഖ കളൊന്നുമില്ല. 1819– സർവ്വേ നമ്പറിൽ 2000–ൽ അധികം ഏക്കർ സ്ഥലമുള്ള തിനാൽ 1819–ന്റെ പാർട്ട് കാണിച്ച് നികുതി അടച്ചിട്ടുള്ള സ്ഥലം കൃത്യമായി തിരിച്ചറിയുവാൻ കഴിയാത്തതാണ്. എതിർ കക്ഷികൾ ആർ.ഡി.ഒ. കോടതി യിൽ ഹാജരാക്കിയ രേഖകൾ പരിശോധിക്കുകയും കൂടുതൽ രേഖകൾ ആവ ശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. വിചാരണ നടപടി പൂർത്തീകരിച്ചിട്ടില്ല. കെ.എ സ്.ടി. ആക്ട് പ്രകാരമുള്ള വിചാരണ നടപടി പൂർത്തീകരിച്ച് കൃത്യമായ കൈവശ രേഖകളില്ലായെന്ന് കാണുന്ന പക്ഷം സ്ഥലം തിരിച്ചെടുത്ത് ആദിവാ സികൾക്ക് കൊടുക്കാൻ  ഉത്തരവ് നൽകുന്നതാണ്. കൂടാതെ 1986–ന് ശേഷം അനധികൃതമായി ആദിവാസി ഭൂമി അന്യാധീനപ്പെടുത്തുന്നതിന് ഇടയാക്കിയ വർക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതു മാണ്. പല സ്ഥലങ്ങളിലും തർക്കങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും ആദിവാ സികളുടെ കൈവശമുള്ള ഭൂമിക്ക് നികുതി സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലുള്ള കാര്യമെന്ന നിലയിലാണ് ആവശ്യപ്പെട്ടത്. അവിടെ നിലവിലുള്ള പരാതികൾ പരിഹരിക്കപ്പെടുന്നതിനുവേണ്ടി ഒരു അദാ ലത്ത് സംഘടിപ്പിക്കുകയെന്നുള്ളതാണ് അദ്ദേഹത്തിന്റെ ആവശ്യം. തീർച്ച യായും അദ്ദേഹവുമായി ആലോചിച്ച് ഒരു തീയതി നിശ്ചയിക്കുന്നതാണ്.

**റിവർ മാനേജ്മെന്റ് ഫണ്ട്**

ശ്രീ. എം. ഉമ്മർ: സർ, റിവർ മാനേജ്മെന്റ് ഫണ്ട് കുടിവെള്ളത്തിനും ജല സംരക്ഷണത്തിനുംവേണ്ടി ഉപയോഗപ്പെടുത്തണമെന്നുള്ളതാണ് ഞാൻ ഈ സബ്മിഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്. 2001–ലെ കേരള നദീതീര സംരക്ഷ

ണവും മണൽവാരൽ നിയന്ത്രണവും ആക്ടിന്റെ 17–ാം ഖണ്ഡികയിലെ വ്യവസ്ഥ പ്രകാരം കടവിന്റെയും നദീതീരത്തിന്റെയും പരിപാലനത്തിനായി ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ടാണ് റിവർ മാനേജ്മെന്റ് ഫണ്ട് രൂപീകരിക്കുന്നത്. മലപ്പുറം ജില്ലയിൽ നിന്നും റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് ലഭിച്ച അമ്പത് കോടിയിൽപ്പരം രൂപ ഗവൺമെന്റിലേയ്ക്ക് അടച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ കുടിവെള്ളത്തിന് ഏറ്റവും കൂടുതൽ ജലം ലഭ്യമായത് നദീതീരങ്ങളിൽ താമസിക്കുന്നവർക്കായിരുന്നു. ഇപ്പോൾ ഏറ്റവും കൂടുതൽ കുടിവെള്ളത്തിന് പ്രയാസമുണ്ടാകുന്നത് നദീതീരത്തുള്ള വർക്കാണ്. അമിതമായ മണലൂറ്റ് കാരണം നദീതീരത്തുള്ള ആളുകളുടെ കിണറിൽ നിന്ന് വെള്ളം വറ്റിപോവുകയാണ്. ഇത് പരിഹരിക്കുന്നതിനു വേണ്ടി ഈ ഫണ്ട് നദീതീര സംരക്ഷണത്തിനും തടയണ നിർമ്മാണത്തിനും കൂടി ഉപയോഗപ്പെടുത്തി ജലം സംരക്ഷിക്കുവാനും സംഭരിക്കുവാനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. എന്റെ നിയോജക മണ്ഡലത്തിലുള്ള മഞ്ചേരിയിലെ പുഴങ്കാവിൽ ഒരു തടയണ നിർമ്മിക്കുന്നതിനുവേണ്ടി ഈ ഫണ്ട് ഉപയോഗപ്പെടുത്തണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 2001–ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിന്റെ കീഴിൽ 2002–ൽ രൂപീകൃതമായ ചട്ടങ്ങളിൽ ചട്ടം 22 പ്രകാരമാണ് റിവർ മാനേജ്മെന്റ് ഫണ്ട് രൂപീകരിച്ചിട്ടുള്ളത്. മേൽപ്പടി ഫണ്ടും ആക്ടും ചട്ടവും വ്യവസ്ഥ ചെയ്യുന്ന പ്രകാരം നദീതീര സംരക്ഷണ പ്രവർത്തനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും വളരെ ഫലപ്രദമായി നിലവിൽ ഉപയോഗി ച്ചുവരുന്നുണ്ട്. പ്രസ്തുത ചട്ടത്തിലെ രണ്ടാം ഉപ ചട്ടപ്രകാരം മണൽ വിൽപ്പ

നയിൽ നിന്നും ലഭിക്കുന്ന തുകയുടെ അമ്പത് ശതമാനം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്നും അനുശാസിക്കുന്നു. റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് നേരിട്ട് ലഭിക്കുന്ന തുകയിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകിയത് കഴിച്ചുള്ളത് ജില്ലാ കളക്ടർമാർ ട്രഷറി സേവിംഗ്സ് അക്കൗണ്ടിലും ബാങ്ക് അക്കൗണ്ടിലും സൂക്ഷിക്കണമെന്നുമാണ് നിയമം അനുശാസിക്കുന്നത്. സംസ്ഥാനത്തെ നദികളുടെയും അവയുടെ തീരങ്ങളുടെയും സംരക്ഷണത്തിനുതകുന്ന തരത്തിലുള്ള പദ്ധതികൾക്കാണ് റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് ഭരണാനുമതി നൽകുന്നത്. നദീതീര വികസന പദ്ധതി പ്രകാരം ജില്ലാ വിദഗ്ദ്ധ സമിതി അംഗീകരിച്ച പദ്ധതികളാണ് സംസ്ഥാന ഉന്നതതല സമിതിയുടെ അംഗീകാരത്തോടുകൂടി നടപ്പിലാക്കി വരുന്നത്. ഇന്ന് വിവിധ ജില്ലകളിൽ നിന്ന് വന്നുകൊണ്ടിരിക്കുന്ന പ്രൊപ്പോസലുകൾ അംഗീകരിച്ച് തടയണ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

**താൽക്കാലിക ജീവനക്കാരുടെ ശമ്പളം**

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, റവന്യൂ വകുപ്പിലെ താൽക്കാലിക തസ്തികകൾക്ക് തുടർച്ചാനുമതി നൽകുന്നത് സംബന്ധിച്ചാണ് സബ്മിഷൻ. നിലവിൽ റവന്യൂ വകുപ്പിൽ 18000 തസ്തികകളാണുള്ളത്. ഈ തസ്തികകളിൽ 5068 എണ്ണം താൽക്കാലിക തസ്തികകളായിട്ടാണ് പരിഗണിച്ചിട്ടുള്ളത്. ഈ 5068 തസ്തികകളിൽ 1733 എണ്ണം റവന്യൂ പുന:സംയോജനത്തിന്റെ ഭാഗമായി 14-10-1998-ൽ താൽക്കാലികമായി മാറിയിരിക്കുകയാണ്. ബാക്കിയുളളവ കാലാകാലങ്ങളിൽ ഭൂമിയെടുപ്പ്, ഭൂമിപതിവ്, ലാൻഡ് ട്രൈബ്യൂണൽ,

മിച്ചഭൂമി, റവന്യൂ റിക്കവറി, ഡിസാസ്റ്റർ മാനേജ്മെന്റ് തുടങ്ങിയ ആവശ്യ ങ്ങൾക്കായി ഉപയോഗമാക്കിവരുന്നു. സാങ്കേതികമായി സ്ഥിരം തസ്തികയ ല്ലായെന്ന കാരണത്താൽ ശമ്പള ലഭ്യതയ്ക്ക് സർക്കാരിന്റെ തുടർച്ചാനുമതി ഈ പോസ്റ്റുകൾക്ക് അനിവാര്യമാണ്. ഈ സർക്കാർ നിരന്തരമായി ഈ അനു മതി ലഭ്യമാക്കുന്നതിന് കാലതാമസം വരുത്തുന്നതിനാൽ ശമ്പളം ലഭിക്കാതെ പാവപ്പെട്ട ജീവനക്കാർ ആറും ഏഴും മാസങ്ങളായി പീഡിപ്പിക്കപ്പെട്ടുകൊണ്ടി രിക്കുകയാണ്. അനുമതി നൽകിയാൽ എല്ലാം പോസ്റ്റുകൾക്കും ഒരുമിച്ച് നൽകുകയുമില്ല. അനുമതി നൽകുന്നതോ ഒരു സാമ്പത്തിക വർഷം തികച്ചും നൽകാതെ നാലും അഞ്ചും മാസത്തേയ്ക്ക് മാത്രമായി നൽകി ജീവനക്കാരെ ബുദ്ധിമുട്ടിക്കുന്ന രീതിയാണ് അവലംബിക്കുന്നത്. നിലവിൽ 1540 പോസ്റ്റു കൾക്ക് 31-03-2014-വരെ അനുമതി നൽകിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ കാര്യം അനിശ്ചിതത്വത്തിൽ തുടരുന്നു. ഈ പോസ്റ്റുകളുടെ തുടർച്ചാനുമതി ക്കായി ലാൻഡ് റവന്യൂ കമ്മീഷനിൽ നിന്ന് പ്രൊപ്പോസൽ കാലാവധി കഴി യുന്നതിന് രണ്ടുമാസം മുമ്പ് വകുപ്പിലേയ്ക്ക് കൃത്യമായി അയച്ചാലും ഫിനാൻസിന്റെ കൺകറന്റ്സ് ലഭ്യമാക്കുന്നതിന് മാസങ്ങളോളം കാലതാ മസം നേരിടുന്നു. കൺകറന്റ്സ് ലഭ്യമായാലോ ഉത്തരവുകൾ ഇറങ്ങുന്നതിന് വീണ്ടും മാസങ്ങൾ നീളുന്നു. കേവലം സാങ്കേതികതയുടെ കുരുക്കിൽപ്പെ ടുത്തി ശമ്പളം സ്ഥിരമായി നിഷേധിക്കുന്ന ഈ രീതിക്ക് അറുതി വരുത്തുന്ന തിനും സ്ഥിരം സ്വഭാവമുള്ള റവന്യൂ റിക്കവറി, കെട്ടിട നികുതി, ദുരന്തനിവാ രണം അടക്കമുള്ള വിഭാഗത്തിൽപ്പെടുത്തിയിട്ടുള്ള നിരവധി താൽക്കാലിക പോസ്റ്റുകളെ സ്ഥിരം വിഭാഗത്തിൽപ്പെടുത്തി ഈ അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുന്നതിന് ആവശ്യമായ സത്വര നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താൽക്കാലീകരണത്തിൽപ്പെട്ട 98 പൊന്നുംവില സ്പെഷ്യൽ തഹസിൽദാർ ഓഫീസുകളും 20 റവന്യൂ റിക്കവറി ഓഫീസുകളും 9 സ്പെഷ്യൽ ഭൂമി തെളിവ് ഓഫീസുകളും കളക്ട്രേറ്റിലെയും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെയും ചില തസ്തികകൾ ഉൾപ്പെടെ ലാൻഡ് റവന്യൂ വകുപ്പിൽ 5065 തസ്തികകൾ തുടർച്ചാനുമതി നൽകി എടുത്തവയാണ്. പ്രസ്തുത തസ്തികകൾ ഓരോ വർഷവും തുടർച്ചാനുമതി നൽകി വരുന്നുണ്ട്. റവന്യൂ വകുപ്പിൽ താൽക്കാലികമായി ഉണ്ടാകുന്ന അടിയന്തര ജോലികൾ ചെയ്യുന്നതിലേയ്ക്കാണ് താൽക്കാലിക തസ്തികകൾ സർക്കാർ അനുവദിച്ചുവരുന്നത്. ഇത്തരം തസ്തികകളിൽ റവന്യൂ വകുപ്പിലെ ജീവനക്കാരെയാണ് നിയോഗിച്ചുവരുന്നത്. എന്നാൽ ഇത്തരം താൽക്കാലിക ഓഫീസുകളിലെ ജോലികൾ പൂർത്തിയാക്കാത്തതിനാലും അധിക ജോലികൾ ഏൽപ്പിക്കുന്നതിനാലും കാലാവധി കഴിഞ്ഞും തുടർന്ന് പ്രവർത്തിക്കേണ്ടതായി വരുന്നു. മേൽപ്പടി താൽക്കാലിക തസ്തികകളിൽ 1540 തസ്തികകളിൽ 23–01–2014–ലെ ഉത്തരവിൻ പ്രകാരം 481/14 ആർ.ഡി. നം. സർക്കാർ ഉത്തരവുപ്രകാരം 31–03–2014 വരെ തുടർച്ചാനുമതി നൽകിയിട്ടുണ്ട്. ശേഷിച്ച 3525 തസ്തികകൾ തുടർച്ചാനുമതിയിൽ പ്രവർത്തിച്ചുവരുന്ന 3190 താൽക്കാലിക തസ്തികകൾക്ക് 31–03–2014–വരെ തുടർച്ചാനുമതി നൽകുവാൻ ധനകാര്യവകുപ്പിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ട്. ലാൻഡ് റവന്യൂ വകുപ്പിൽ പുന: സംഘടനയുടെ ഭാഗമായി സൃഷ്ടിച്ച 1733 താൽക്കാലിക തസ്തികകളിൽ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ് സമഗ്രമായ പഠനം നടത്തി അധിക തസ്തികകളെന്ന് കണ്ടെത്തിയ 295 തസ്തികകളിലുൾപ്പെടുന്ന 78 തസ്തികകളെ സംസ്ഥാനത്ത് പുതിയതായി രൂപവൽക്കരിച്ച 12 താലൂക്കുകളിലേയ്ക്ക് പുനർ വിന്യസിക്കുവാനും

ശേഷിച്ച 217 അധിക തസ്തികകൾ പുനർവിന്യസിക്കുന്നതിനോ നിർത്തലാക്കുന്നതിനോയുള്ള നിർദ്ദേശമാണ് ഉണ്ടായിട്ടുള്ളത്. അവയ്ക്ക് 31-12-2013-വരെ മാത്രം തുടർച്ചാനുമതി നൽകാനാണ് ധനകാര്യ വകുപ്പിന്റെ അനുമതി. വയനാട് ജില്ലയിലെ പ്രത്യേക ലാൻഡ് റവന്യൂ ഓഫീസ് പ്രത്യേക ലാൻഡ് ട്രിബ്യൂണൽ ഓഫീസുകളിലുള്ള 40 താൽക്കാലിക തസ്തികകൾക്ക് 31-12-2013-വരെ മാത്രം തുടർച്ചാനുമതി നൽകുവാനാണ് ധനകാര്യ വകുപ്പിന്റെ അനമുതി ലഭിച്ചിട്ടുള്ളത്.

(മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ)